2024 JULY 27

emalayalee.com

# The Weekly

WEEKLY NEWSPA

Contact: editor@emalayalee.com | Phone: 91 62 1122



# കമലാ ഹാരിസ്

# പുതിയ ചരിത്രം കുറിക്കുന്നു



The Weekly
emalayalee.com
WEEKLY NEWSPAPER
Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

# Editorial




# ബജറ്റിൽ കേരളത്തിനു കുമ്പിളിൽ കഞ്ഞി

ജൂലൈ ഇരുപത്തിമൂന്നാം തീയതി ഇന്ത്യയുടെ ധനകാര്യമന്ത്രി നിർമലാസീതാരാമൻ അവതരിപ്പിച്ച ബജറ്റ് അക്ഷരാർത്ഥത്തിൽ കേരളത്തിന് ഒരു ഞെട്ടലായിരുന്നു. ആ ബജറ്റ് പ്രഖ്യാപനം കഴിഞ്ഞതോടെ കേരളമെന്നൊരു നാടുണ്ടേ അവിടെ കുറച്ചു മനുഷ്യരുണ്ടേ എന്നൊരു പ്ലക്കാർഡ് ഉയർത്തിക്കാട്ടേണ്ട അവസ്ഥയിലായിട്ടുണ്ട് നമ്മുടെ ജനപ്രതിനിധികൾ. കേരളം മാത്രമല്ല, ബിജെപി ഭരിക്കാത്ത മറ്റ് 9 സംസ്ഥാനങ്ങൾളും ജമ്മു കാശ്മീരും ലഡാക്ക് അടക്കമുള്ള പ്രദേശങ്ങളും ഒക്കെ ദേശീയ ബജറ്റിന്റെ പരിധിയിൽ കാര്യമായ പരിഗണകൾക്ക് അർഹമായതേ ഇല്ല. ഒറ്റനോട്ടത്തിൽ ഇത്തവണത്തെ ദേശീയ ബജറ്റ്  ഒരു ആന്ധ്ര- ബീഹാർ സംസ്ഥാന ബജറ്റായി മാറി എന്നു പറയാം. സാധാരണ ഗതിയിൽ കേരളം ഇങ്ങ് താഴെ പടവലങ്ങ പോലൊരു സംസ്ഥാനമായതുകൊണ്ടോ എന്തോ കേന്ദ്ര ബജറ്റിൽ വലിയ ആശ്വാസമോ പ്രതീക്ഷയോ ഒന്നും പണ്ടുകാലത്തും പതിവുള്ളതല്ലെങ്കിലും, വാഴ നനയുമ്പോൾ ചീരയും എന്ന തത്വത്തിൽ ഇത്തിരി നനവും ഇത്തിരി ചാരവും ഒക്കെ നമുക്ക് കിട്ടിയിരുന്നു. ബജറ്റിനു പിറ്റേന്നത്തെ പത്രങ്ങളിലും, പിൽക്കാലത്ത് ചാനലുകൾ വന്നതോടെ അന്തിച്ചർച്ചയിലും ഒരു ദിവസം ഓളം സൃഷ്ടിച്ച്  അതങ്ങ് കടന്നു പോവുകയാണ് പതിവ്. എന്നാൽ ഇപ്പോൾ സംഗതി അല്പം വശക്കേടിലാണ്. ഒന്നാമത് കേരള സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഒട്ടും ഭദ്രമല്ല. കേന്ദ്രം തന്നില്ലെങ്കിൽ വേണ്ട എന്നൊന്നും വെല്ലുവിളിക്കാൻ ഈ ഉപഭോക്തൃ സംസ്ഥാനത്തിനു പാങ്ങില്ല. പ്രതിസന്ധി മറികടക്കാൻ വേണ്ടി സംസ്ഥാനത്തെ ധനകാര്യമന്ത്രിയെ മാറ്റാൻ പറ്റില്ലല്ലോ. അതുകൊണ്ട് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥ തലത്തിൽ ചില ചില്ലറ അഴിച്ചുപണിയൊക്കെ നടത്തിയിട്ടുണ്ടെങ്കിലും കാശിന് കാശ് തന്നെ വേണ്ടേ? ആകെ പ്രതീക്ഷയുള്ള ആ പഴയ കെ റെയിൽ മോഹം പൂർണമായും സംസ്ഥാനം ഉപേക്ഷിച്ചിട്ടുമില്ല. അതൊക്കെ മുൻനിർത്തി ഒരു മുൻകൂർ ചർച്ച വരെ സംസ്ഥാനം കേന്ദ്രവുമായി നടത്തിയതുമാണ്. എന്നിട്ടും...

അല്ല, കുറ്റം പറയാൻ പറ്റില്ല,  കേന്ദ്ര ധനകാര്യമന്ത്രിയുടെ മുന്നിൽ ഭരണം നിലനിർത്തുക എന്നതാണ് ഏറ്റവും പ്രധാനമെന്ന്  നമ്മൾ തിരിച്ചറിയണം. പറയാൻ നമുക്ക് രണ്ടു സഹമന്ത്രിമാരുണ്ട്. എന്നാലോ കേരളം കാത്തിരുന്ന ആ 24000 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക പാക്കേജോ നേരിയ പ്രതീക്ഷ ഉണ്ടായിരുന്ന എയിംസ് അടക്കമുള്ള പദ്ധതികളോ ബജറ്റിന്റെ ഏഴയലത്തുപോലും കടന്നുകൂടിയിട്ടില്ല.

ഇതിപ്പോൾ ലോക്സഭാ തിരഞ്ഞെടുപ്പിനു തൊട്ടു മുൻപ് അവതരിപ്പിച്ച ബജറ്റിൽ തുടർഭരണം ഉറപ്പാണ് എന്ന ആത്മവിശ്വാസത്തിലൂന്നിയാണ് കാര്യങ്ങൾ അവതരിപ്പിച്ചതെങ്കിൽ, ഫലം വന്ന്, രണ്ട് സംഖ്യകക്ഷികളുടെ സംരക്ഷണയിൽ ഭരിക്കേണ്ട അവസ്ഥ വന്നതോടെ ബജറ്റിനെ രണ്ടു സംസ്ഥാനങ്ങളിലേക്കു മാത്രമായി വലിച്ചു നീട്ടേണ്ടി വന്നു. ഇന്ത്യയിലെ ഫെഡറൽ സംവിധാനത്തെ നോക്കുകുത്തിയാക്കും വിധമായി ആ വീതം വയ്പ്പ്.

പ്രത്യേക പാക്കേജ് എന്ന ഓമനപ്പേരിട്ടാണ് രണ്ടു സംസ്ഥാനങ്ങൾക്കു മാത്രമായി ഇങ്ങനെ വാരിക്കോരി ധനസഹായം നൽകിയത്. ആഴ്ചക്കാഴ്ചയ്ക്ക് പാലങ്ങൾ പൊളിഞ്ഞു വീഴുന്നതുകൊണ്ടാവാം ബീഹാറിൽ റോഡുകൾക്കും ഗംഗാനദിയിലെ ബക്സറിൽ രണ്ടു വരി പാലത്തിനായി 26000 കോടി രൂപ വകയിരുത്തിയത്. പുതിയ വിമാനത്താവളങ്ങളും മെഡിക്കൽ കോളേജുകളും തീർത്ഥാടന കേന്ദ്ര ഇടനാഴികളും ഒക്കെയായി ബീഹാറിലേക്ക് കാരുണ്യ പ്രവാഹമാണ് നടത്തിയിരിക്കുന്നത്. ഇതൊക്കെ അവിടുത്തെ സാധാരണ ജനങ്ങളിലേക്ക് എത്തുമോ? അതോ പാലം പൊളിക്കുന്ന അതേ ലോബി കട്ടുമുടിക്കുമോ? കണ്ടറിയണം. പഞ്ചായത്ത് റോഡ് കോൺക്രീറ്റ് ചെയ്ത് നേരത്തോടു നേരം കഴിയും മുന്നേ വട്ടിയിൽ കോരിയെടുത്ത് വീടിന്റെ നിലം കോൺക്രീറ്റ് ചെയ്യേണ്ടുന്നത്രയും ഗതികേട് ബീഹാറിലെ ഗ്രാമീണ മേഖലയ്ക്കുണ്ട് എന്നത് അവിടുത്തെ ഭരണാധികാരികളുടെ കണ്ണു തുറപ്പിക്കുമോ ഇനിയെങ്കിലും?

ചന്ദ്രബാബു നായിഡുവിന്റെ കണ്ണുരുട്ടലിൽ 15000 കോടി രൂപയുടെ പ്രത്യേക ധനസഹായമാണ് അധികമായി ആന്ധ്രയിലേക്ക് ഒഴുകിയത്. നോക്കുമ്പോൾ സമുദ്രോത്പന്ന കയറ്റുമതിയിൽ ഗംഭീര ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതു പോലെ മത്സ്യ തീറ്റയ്ക്കും നികുതി കുറച്ചിട്ടുണ്ട്. കേൾക്കുമ്പോൾ തോന്നും ആഹാ കേരളത്തിന്റെ മത്സ്യ കയറ്റുമതി മേഖലയ്ക്ക് പുത്തൻ ഉണർവാണല്ലോ എന്നൊക്കെ.എന്നാൽ സംഗതി ഇത് ആന്ധ്രക്കാർക്കു വേണ്ടിയുള്ളതാണ്. ആന്ധ്രയിലിപ്പോൾ ചെമ്മീനാണ് താരം. ഒരു കുളം കണ്ടാൽ അതിൽ ചെമ്മീൻ വളർത്തും അവർ. കടലാമ പ്രശ്നത്തിൽ കുരുങ്ങി യുഎസിലേക്കുള്ള ചെമ്മീൻ കയറ്റുമതി ത്രിശങ്കുവിലായ മലയാളികൾക്ക് ആന്ധ്രയിലെ ശുദ്ധജലത്തിൽ വളർന്ന ചെമ്മീൻ കിടാങ്ങൾ കപ്പലു കയറിപ്പോകുന്നതു ചുമ്മാ കണ്ടു നിൽക്കാം അത്ര തന്നെ. അതായത് അതും ആന്ധ്രക്കു വേണ്ടിയായിരുന്നെന്ന്...

അപ്പോൾ കേരളത്തിന് ആവശ്യങ്ങൾ ഒന്നുമില്ലായിരുന്നോ? വിഴിഞ്ഞം പദ്ധതിയിലേക്ക് അയ്യായിരം കോടി രൂപ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവശ്യമുണ്ട്. അതേക്കുറിച്ച് ഒരക്ഷരം മിണ്ടിയിട്ടില്ല. അപ്പോൾ ഔട്ടർ റിങ് റോഡൊക്കെ സ്വപ്നമാകുമോ? എയിംസ് വരുമെന്ന പ്രതീക്ഷയിൽ കോഴിക്കോട് കിനാലൂരിൽ സ്ഥലം കണ്ടെത്തി അറിയിച്ചിട്ടും എയിംസും തത്ക്കാലം കേരളത്തിനില്ല എന്ന നിലപാടാണ് ധനമന്ത്രി സ്വീകരിച്ചത്. തീർന്നില്ല വയനാട് തുരങ്കപ്പാത, പ്രളയദുന്തരം നേരിടാൻ ഒരു കൈ സഹായം ഒക്കെ വെറുതേയായി. വളത്തിന്റെ സബ്സിഡി കുറച്ചതും തൊഴിലുറപ്പു പദ്ധതിയുടെ വിഹിതം കുറച്ചതും തിരിച്ചടിയാണ്. പിന്നെ ദോഷം പറയരുത് റെയിൽ ബജറ്റിൽ ആലപ്പുഴ വഴിയുള്ള പാത ഇരട്ടിപ്പിക്കലിന് പ്രാധാന്യം നൽകിയിട്ടുണ്ട്.

എറണാകുളം - കുമ്പളം രണ്ടാം പാതയ്ക്ക് നൂറ്റി അഞ്ചു കോടി രൂപയും കുമ്പളം -തുറവൂർ പാതയ്ക്ക് നൂറ്റിരണ്ടു കോടിയും നീക്കിവെച്ചിട്ടുണ്ട്. എന്നാൽ ഷൊർണൂർ എറണാകുളം ഇരട്ടപ്പാതയ്ക്ക് അനുവദിച്ച ആ അഞ്ചുലക്ഷം രൂപ,  അതു ശരിക്കും എന്തിനാവുമെന്ന് ഒരു പിടിയുമില്ല.

മൊത്തത്തിൽ കഥ ശോകമാണെങ്കിലും ചില ചില്ലറ ആശ്വാസവാർത്തകൾ ഇല്ലാതില്ല. സ്വർണം വെള്ളി ലോഹങ്ങളുടെ തീരുവയിൽ വരുന്ന വ്യത്യാസം ആഭരണ വിപണിയിലെ പ്രതീക്ഷയാണ്. ദുബായിലെ ഗോൾഡ് നിരക്കിനൊപ്പം നാട്ടിലെ സ്വർണ വില വന്നാൽ പാവം സ്വർണം കടത്തൽകാരും സ്വർണം പൊട്ടിക്കൽ സംഘങ്ങളും പൂട്ടിക്കെട്ടാനാണ് സാധ്യത.  സ്വർണ വില കുറഞ്ഞാലും കുറഞ്ഞാലും എത്ര കുറയുമെന്ന് നമുക്കൊക്കെ ഒരു ധാരണയുണ്ടല്ലോ. പഴയ 1997ലെ പവന് 3040/ രൂപയൊന്നും എന്തായാലും സംഭവിക്കില്ല. സംഭവിച്ചാലും പെടുന്നതു നമ്മൾ തന്നെയാകും. കാരണം പവന് അമ്പതിനായിരത്തിനു പുറത്തേക്കു കുതിച്ചപ്പോൾ കെട്ടുതാലി ഉൾപ്പെടെ മിക്കവരുടേയും സ്വർണം പണയത്തിലാണല്ലോ. അതുകൊണ്ട് സ്വർണത്തിന്റെ വില പൊന്നായിത്തന്നെയിരിക്കട്ടെ.

ഇനി ബജറ്റിൽ കേരളത്തിനു പ്രത്യേക പരിഗണനയില്ലെങ്കിലും ഇരുപതുലക്ഷം പേർക്ക് തൊഴിൽ നൈപുണ്യം  ഐ ടി ഐ കളിലൂടെ നൽകാൻ ഉദ്ദേശിക്കുന്ന പദ്ധതി പുതിയ ബജറ്റിൽ ഉണ്ട്. നിലവിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ നേരിടുന്ന ഒരു പ്രശ്നമാണ് അഭ്യസ്തവിദ്യരിലെ തൊഴിൽ നൈപുണ്യം ഇല്ലാത്ത സ്ഥിതി. പോസ്റ്റ് ഗ്രാജുവേഷൻ ഒക്കെ ഉള്ളവർ പോലും ഒരു സാദാ ക്ലറിക്കൽ ജോലി പോലും ചെയ്യാനറിയാത്തവരാണ് എന്ന ആക്ഷേപം ഒരു പരിധി വരെ സത്യവുമാണ്. അപ്പോൾ അതതു തൊഴിൽ മേഖലയിൽ പ്രാവീണ്യം നൽകുന്ന ഹ്രസ്വകാല കോഴ്സുകൾ പാസ്സാകുന്നവർക്ക് തൊഴിൽ ലഭിക്കാൻ സാധ്യത ഇത്തരം കോഴ്സ് പഠിച്ചിറങ്ങിയാൽ കൂടുതലാകും. എന്നാൽ നിലവിൽ പി എം ആർ വൈയിൽ നടത്തുന്ന ഡാറ്റ എൻട്രി കോഴ്സുകൾ പോലെ തിയറിയിൽ ഊന്നിയാണു പഠനമെങ്കിൽ ആ സാധ്യതയും മങ്ങുമെന്നു മാത്രം.

ചുരുക്കത്തിൽ, സിനിമ കഴിഞ്ഞ് ശുഭം എന്ന് എഴുതിക്കാണിച്ചിരുന്ന പോലെ ബജറ്റ്, ചർച്ച, അന്തിച്ചർച്ച, വിദഗ്ദ്ധ സാമ്പത്തിക ചർച്ച തുടങ്ങിയതൊക്കെ കഴിഞ്ഞ് ആളൊഴിഞ്ഞ പൂരപ്പറമ്പായിരിക്കുന്നു നമ്മുടെ സാമ്പത്തിക ഭാവി.

ഇനി എന്താവും? കണ്ടറിയാം നമുക്ക്.



**ജോർജ് ജോസഫ്**
ചീഫ് എഡിറ്റർ



**സുനിൽ ട്രൈസ്റ്റാർ**
മാനേജിംഗ് എഡിറ്റർ

# കമലാ ഹാരിസ് പുതിയ ചരിത്രം കുറിക്കുന്നു



വൈസ് പ്രസിഡന്റ് കമല ഹാരിസിനെ ഡെമോക്രാറ്റിക് പാർട്ടി പ്രസിഡന്റ് സ്ഥാനത്തേക്ക് നാമനിർദ്ദേശം ചെയ്തതു മുതൽ അവർക്ക് അതിനുള്ള യോഗ്യതയുണ്ടോ എന്ന ചർച്ച ചൂടുപിടിക്കുകയാണ്. പശ്ചാത്തലത്തെയും പൗരത്വത്തെയും ചൊല്ലിയുള്ള ഇത്തരം വിവാദങ്ങൾ ജോ ബൈഡൻ കഴിഞ്ഞ തവണ ഹാരിസിനെ വി പി ആയി പ്രഖ്യാപിച്ചപ്പോൾ മുതൽ കേട്ടുതുടങ്ങിയതാണ്. അമേരിക്കൻ പൗരൻ എന്നു അവകാശപ്പെടാൻ ഹാരിസ് അർഹയല്ലെന്നാണ് ആദ്യത്തെ വാദം.

ഹാരിസിന്റെ അമ്മ ഇന്ത്യയിൽ നിന്നെത്തിയ കാൻസർ ഗവേഷക ശ്യാമള ഗോപാലനും പിതാവ് ജമൈക്കയിൽ നിന്നുള്ള ഡൊണാൾഡ് ഹാരിസ് ഇക്കണോമിസ്റ്റുമാണ്. ഇരുവരും കണ്ടുമുട്ടിയതാകട്ടെ, ബെർക്കലിയിലെ യൂണിവേഴ്സിറ്റി ഓഫ് കലിഫോർണിയയിൽ ബിരുദ പഠനത്തിനിടയിൽ. കമലാ ഹാരിസിന്റെ ജനനം കലിഫോർണിയയിലെ ഓക്‌ലൻഡിൽ 1964 ഒക്ടോബർ 20നായിരുന്നു. അമേരിക്കൻ ഭരണഘടനയുടെ 14ആം ഭേദഗതി അനുസരിച്ച്, രാജ്യത്തു ജനിച്ചുവീഴുന്ന ഏതൊരാൾക്കും അമേരിക്കൻ പൗരത്വം ലഭിക്കും. അതിനാൽ കമലാ ഹാരിസിന് വൈസ് പ്രസിഡന്റ് / പ്രസിഡന്റ് ആകാനുള്ള യോഗ്യതയുണ്ടെന്നു ലൊയോള ലോ സ്കൂളിലെ പ്രൊഫസറായ ജെസീക്ക ലെവിൻസ് അസോസിയേറ്റഡ് പ്രസിനോട് പറഞ്ഞു.

ഹാരിസ് 'ബ്ലാക്ക്' അല്ലെന്നതാണ് മറ്റൊരു വാദം. ഇന്ത്യൻ അമേരിക്കനായ കമല ഹാരിസ് ഡെമോക്രാറ്റുകളുടെ തുറുപ്പുചീട്ടായ 'ബ്ലാക്ക്' എന്ന പ്രയോഗം രാഷ്ട്രീയ ലക്ഷ്യത്തോടെ ചാർത്തിയതാണെന്നാണ് എതിരാളികൾ പറഞ്ഞുപരത്തുന്നത്. എന്നാൽ പിതാവ് ബ്ലാക്ക് ആയതുകൊണ്ട് അവർക്കത് അവകാശപ്പെടാം എന്നതാണ് വസ്തുത. അമ്മയുടെ ദക്ഷിണേഷ്യൻ വേരുകൾക്കും അവർ വിലമതിക്കുന്നതായി ആത്മകഥയായ 'ദ ട്രൂത് സ് വി ഹോൾഡ് : ആൻ അമേരിക്കൻ ജേർണിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

വിവാഹിതനായ കാലിഫോർണിയൻ രാഷ്ട്രീയ നേതാവ് വില്ലി ബ്രൗണുമായി വഴിവിട്ട ബന്ധം പുലർത്തിക്കൊണ്ടാണ് രാഷ്ട്രീയരംഗത്ത് ഹാരിസ് നിലയുറപ്പിച്ചതെന്നും കിംവദന്തികൾ ഉണ്ട്. ഇപ്പോൾ, 90 കാരനായ ബ്രൗൺ കാലിഫോർണിയ സ്റ്റേറ്റ് അസംബ്ലിയിൽ സ്പീക്കറായിരിക്കെ 90 കളിൽ കമയെ ഡേറ്റ് ചെയ്തിരുന്നു എന്നത് സത്യമാണ്. എന്നാൽ, 1982 മുതൽ അദ്ദേഹം ഭാര്യയിൽ നിന്ന് അകന്ന് കഴിയുകയായിരുന്നു.

സാൻ ഫ്രാൻസിസ്കോ ഡിസ്ട്രിക്ട് അറ്റോർണി ആകാൻ മറ്റേത് കലിഫോർണിയൻ രാഷ്ട്രീയ നേതാവിനും നൽകിയിട്ടുള്ള പിന്തുണയേ ഹാരിസിനു നൽകിയിട്ടുള്ളൂ എന്നു ബ്രൗൺ പറഞ്ഞിട്ടുണ്ട്. ഹൗസ് സ്പീക്കർ നാൻസി പെലോസി, മുൻ സെനറ്റർ ഡയാൻ ഫീൻസ്റ്റീൻ, ഗവർണർ ഗാവിൻ ന്യൂസം എന്നിവരും ബ്രൗൺ കൈപിടിച്ചുകയറ്റിയവരാണ്. ഹാരിസ് 2011 മുതൽ 2017 വരെ സ്റ്റേറ്റ് അറ്റോർണി ജനറലായും 2017 മുതൽ 2021 വരെ സെനറ്റിലും പ്രവർത്തിച്ച പരിചയത്തോടെയാണ് 59 വയസിൽ വൈസ് പ്രസിഡന്റായത്.

2014 ലാണ് ഹാരിസ് ഡഗ് എൻഹോഫിനെ വിവാഹം ചെയ്തത്. ട്രംപ് ഉൾപ്പെടെയുള്ളവർ ഇപ്പോഴും മൂന്ന് ദശകങ്ങൾക്ക് മുൻപ് ബ്രൗണുമായി ഹാരിസിനുണ്ടായിരുന്ന ബന്ധം കുത്തിപ്പൊക്കുന്നുണ്ട്. ഒരു പുരുഷനേതാവിന് പഴയകാല പ്രണയങ്ങൾ വിലങ്ങുതടി ആകാത്തപ്പോൾ ഒരു വനിതാ നേതാവിന് നേർക്ക് ഇത്തരം ഒളിയമ്പുകൾ എയ്യുന്നത് വെറും രാഷ്ട്രീയമല്ലാതെ എന്താണ്.

### ഇന്ത്യക്കാർക്ക് അഭിമാനം

വിവാദങ്ങൾ ഒരുവശത്ത് കൊഴുക്കുന്നുണ്ടെങ്കിലും ഇന്ത്യൻ - അമേരിക്കൻ കമ്മ്യൂണിറ്റിയെ സംബന്ധിച്ച് അവരിൽപ്പെട്ട ഒരാൾ പ്രസിഡന്റ് സ്ഥാനത്തേക്ക് നടന്നടുക്കുന്നു എന്നത് വലിയൊരു നേട്ടമാണ്. ഇന്ത്യൻ ആണെന്നോ ബ്ലാക്ക് ആണെന്നോ തുറന്നുപറയാൻ ഹാരിസ് ഒരിക്കലും മടികാണിച്ചിട്ടില്ല. പിതാവിലൂടെയും മാതാവിലൂടെയും ലഭിച്ച തന്റെ സ്വത്വത്തെ അവർ അഭിമാനത്തോടെയാണ് ലോകത്തിനു മുൻപിൽ കാണിക്കുന്നത്.

സമത്വം,സ്വാതന്ത്ര്യം,ജനാധിപത്യം എന്നീ വാക്കുകൾ താൻ മനസ്സിലാക്കിയത് ചെന്നൈയിൽ സിവിൽ സെർവന്റ് ആയിരുന്ന മുത്തശ്ശനൊപ്പം നടക്കാൻ പോകുന്നതിനിടയിൽ എപ്പോഴോ ആണെന്ന് ഹാരിസ് പറഞ്ഞിട്ടുണ്ട്. 2009 ലാണ് ഹാരിസിൽ ഒടുവിൽ ഇന്ത്യയിൽ എത്തിയത്.

**സ്വന്തം വേരുകളെ കുറിച്ച് ഏറെ അഭിമാനമൊന്നും പ്രകടിപ്പിക്കാൻ ഹാരിസ് ശ്രമിച്ചിട്ടില്ല എന്നതാണ് ഗ്രാമവാസികൾക്കുള്ള പരാതി എന്നു പറയപ്പെടുന്നു. ഹാരിസിന്റെ പിതാവ് ആഫ്രിക്കൻ വംശജനാണ്. ആഫ്രിക്കൻ പ്രത്യേകതകളാണ് മകൾക്കും പ്രകടമായിട്ടുള്ളതെന്നു വിൽസൺ സെന്ററിൽ സൗത്ത് ഏഷ്യ ഇൻസ്‌റ്റിട്യൂട്ടിൽ ഡയറക്ടറായ മൈക്കൽ കുഗൽമാൻ പറയുന്നു.**


വൈസ് പ്രസിഡന്റ് ആയശേഷം നേരിട്ട് എത്തിയില്ലെങ്കിലും അമ്മയുടെ നാടായ തമിഴ് നാടുമായും ബന്ധുക്കളുമായും മാനസികമായി അടുപ്പം പുലർത്തുന്നുണ്ട്. അമേരിക്കയുടെ മുഖ്യധാരാ രാഷ്ട്രീയത്തിലേക്ക് ഇന്ത്യക്കാരുടെ കടന്നുവരവിന് പ്രചോദനമാകാൻ കമല ഹാരിസ് കാരണമായിട്ടുണ്ട്.

ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഡൊണാൾഡ് ട്രംപ് പുലർത്തിയ അത്ര സൗഹൃദം ഒരിക്കലും ഹാരിസ് പ്രകടിപ്പിച്ചിട്ടില്ല. ഇന്ത്യൻ അമേരിക്കക്കാർ പൊതുവേ ഡെമോക്രാറ്റിക് പാർട്ടിയോട് ചായ്‌വുള്ളവരായതുകൊണ്ട് ഒരു ഇന്ത്യൻ വംശജ മത്സരിക്കുമ്പോൾ അവരുടെ വോട്ട് അങ്ങോട്ടേക്ക് വീഴുമെന്നാണ് രാഷ്ട്രീയ നിരീക്ഷകരുടെ അനുമാനം. തോക്ക്, കുടിയേറ്റ നയങ്ങൾ തുടങ്ങിയ വിഷയങ്ങൾമൂലം ട്രംപിനെ ഭയത്തോടെ കാണുന്നവരും ഇന്ത്യൻ കമ്മ്യൂണിറ്റിയിൽ കൂടുതലാണ്. ഇലക്ഷൻ ക്യാമ്പെയ്നിലേക്ക് പണമെറിയാൻ ധനികരുണ്ട് എന്നത് 2020ൽ തന്നെ തെളിഞ്ഞതുമാണ്.

ഹാരിസിന്റെ നാവിൽ നിന്ന് വീഴുന്ന ഓരോ വാക്കും എങ്ങനെ വളച്ചൊടിക്കാമെന്നാണ് രാഷ്ട്രീയ എതിരാളികൾ ഓരോ നിമിഷവും ഉറ്റുനോക്കുന്നത്. ഒരു പ്രസംഗത്തിനിടയിൽ 'നിങ്ങളൊക്കെ എന്താ തെങ്ങിൽ നിന്ന് പൊട്ടി വീണതാണോ' എന്ന മട്ടിൽ ഒരു നാടൻ പ്രയോഗം നടത്തിയതിനും ഹാരിസ് ഏറെ പരിഹാസം ഏറ്റുവാങ്ങി. തെങ്ങ് ദക്ഷിണേന്ത്യയിൽ ധാരാളമായി വളരുന്ന വൃക്ഷമായതു കൊണ്ട് ഹാരിസിന്റെ അമ്മ പറഞ്ഞ് കേട്ടിട്ടുള്ള ഒരു പ്രയോഗം മാത്രമാണത്. എന്നാൽ, തേങ്ങയുടെ പടവും മീമും ഉപയോഗിച്ച് സോഷ്യൽ മീഡിയയിൽ കളിയാക്കാനുള്ള ആയുധമായി റിപ്പബ്ലിക്കന്മാർ അതിനെ മാറ്റി. അവർക്ക് അറിയാത്ത ഒന്നുകൂടിയുണ്ട്. ഇന്ത്യക്കാരെ സംബന്ധിച്ച്, നല്ലൊരു കാര്യത്തിന് ഇറങ്ങിത്തിരിക്കുമ്പോൾ തടസങ്ങൾ മാറ്റുന്നതിന് തേങ്ങ ഉടയ്ക്കുന്ന പതിവുണ്ട്. ഹിന്ദുക്കൾ നാളികേരത്തെ ശുഭകരമായാണ് കാണുന്നത്.

### ഹാരിസിനും ഉഷാ വാൻസിനും എതിരായ വംശീയ അധിക്ഷേപത്തെ അപലപിച്ചു അശ്വിൻ രാമസ്വാമി

ജോർജിയ സ്റ്റേറ്റ് സെനറ്റിലേക്കു മത്സരിക്കുന്ന ഡെമോക്രാറ്റിക് പാർട്ടിയുടെ ജെൻസെഡ് സ്ഥാനാർഥി അശ്വിൻ രാമസ്വാമി റിപ്പബ്ലിക്കൻ പാർട്ടി കമലാ ഹാരിസിനെതിരെ നടത്തുന്ന വംശീയ ആക്രമണങ്ങളെ ശക്തമായി അപലപിച്ചു. റിപ്പബ്ലിക്കൻ വി പി സ്ഥാനാർഥിയുടെ ഭാര്യ ഉഷാ വാൻസിനെതിരായ വംശീയ അധിക്ഷേപങ്ങളിലും അദ്ദേഹം രോഷം രേഖപ്പെടുത്തി.




emalayalee.com

അത്തരം ആക്രമണങ്ങൾ നമ്മുടെ ജനാധിപത്യത്തിന്റെ മൂല്യങ്ങൾക്കു നിരക്കാത്തതാണെന്നു അദ്ദേഹം ചൂണ്ടിക്കാട്ടി.

ഉഷാ വാൻസിനും സിഖ് അമേരിക്കൻ ഹർമീത് ധില്ലനുമെതിരെ വലതു തീവ്രവാദികളാണ് വംശീയ അധിക്ഷേപം അഴിച്ചുവിട്ടത്.

കുടിയേറ്റക്കാരുടെ പുത്രനായ രാമസ്വാമി പറഞ്ഞു: 'വൈസ് പ്രസിഡന്റ് ഹാരിസ് യുഎസിന്റെ ആദ്യത്തെ ഇന്ത്യൻ അമേരിക്കൻ പ്രസിഡന്റായി ചരിത്രം സൃഷ്ടിക്കും. ജനലക്ഷങ്ങൾക്കു അത് ആവേശം പകരും.'

ഹാരിസിന്റെ തമിഴ് നാട്ടിലെ കുടുംബവുമായി സാമ്യമുള്ള തന്റെ കുടുംബത്തിന്റെ ചിത്രങ്ങളും അദ്ദേഹം പങ്കുവച്ചു.

ഹാരിസിന്റെ ഇന്ത്യൻ ഗ്രാമത്തിൽ ആവേശം കുറവ്; ഏറെ അകന്നു പോയ ബന്ധങ്ങളാവാം കാരണം

കമലാ ഹാരിസ് യുഎസ് പ്രസിഡന്റ് സ്ഥാനാർഥി ആയതിൽ തമിഴ് നാട്ടിലെ തിരുവാരൂർ ജില്ലയിലുള്ള അവരുടെ അപ്പൂപ്പന്റെ തുളസീന്ദ്രപുരം ഗ്രാമത്തിൽ വലിയ ഉത്സാഹമൊന്നും കാണുന്നില്ലെന്നു റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. എന്നാൽ കാര്യങ്ങൾ മറിച്ചാണെന്ന റിപ്പോർട്ടുകളും ഉണ്ട്.

ഗ്രാമത്തിൽ പലേടത്തും പുഞ്ചിരി തൂകുന്ന ഹാരിസിന്റെ ഫ്ളക്സ് ബോർഡുകൾ ഉയർന്നിട്ടുണ്ട്. ചെന്നൈയിൽ നിന്നു 300 കിലോമീറ്റർ അകലെ കിടക്കുന്ന കൊച്ചുഗ്രാമത്തിനു 14,000 കിലോമീറ്റർ അകലെ വാഷിംഗ്ടണിൽ ഗ്രാമത്തിന്റെ മകളുടെ സ്ഥാനാരോഹണം ഉണ്ടാവാം എന്നറിയാം. അതിന്റെ സാദ്ധ്യതകൾ എന്തായാലും ഗ്രാമം ഹാരിസിനു വേണ്ടി പ്രാർഥിക്കുന്നു.

സ്വന്തം വേരുകളെ കുറിച്ച് ഏറെ അഭിമാനമൊന്നും പ്രകടിപ്പിക്കാൻ ഹാരിസ് ശ്രമിച്ചിട്ടില്ല എന്നതാണ് ഗ്രാമവാസികൾക്കുള്ള പരാതി എന്നു പറയപ്പെടുന്നു. ഹാരിസിന്റെ പിതാവ് ആഫ്രിക്കൻ വംശജനാണ്. ആഫ്രിക്കൻ പ്രത്യേകതകളാണ് മകൾക്കും പ്രകടമായിട്ടുള്ളതെന്നു വിൽസൺ സെന്ററിൽ സൗത്ത് ഏഷ്യ ഇൻസ്‌റ്റിട്യൂട്ടിൽ ഡയറക്ടറായ മൈക്കൽ കുഗൽമാൻ പറയുന്നു.

വി പി ആയിരിക്കെ ഹാരിസ് ഇന്ത്യൻ വേരുകളെ കുറിച്ച് സംസാരിച്ചിട്ടുണ്ട്. പലപ്പോഴും ലാഘവത്തോടെ. എന്നാൽ യുഎസ് ആഭ്യന്തര വിഷയങ്ങളിൽ കൂടുതൽ ചുമതല വഹിച്ചിരുന്ന അവർക്കു യുഎസ്-ഇന്ത്യ ബന്ധങ്ങളെ കുറിച്ച് സംസാരിക്കാൻ അവസരം ലഭിച്ചിട്ടില്ല.

കഴിഞ്ഞ വർഷം ജൂണിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി യുഎസ് സന്ദർശിച്ചപ്പോൾ ഹാരിസ് അമ്മ ഡോക്ടർ ശ്യാമള ഗോപാലന്റെ ഇന്ത്യൻ ഗ്രാമത്തെ കുറിച്ച് ഏറെ വികാരത്തോടെ സംസാരിച്ചു. അപ്പൂപ്പൻ പി വി ഗോപാലൻ തന്നെ ജനാധിപത്യ മൂല്യങ്ങൾ പഠിപ്പിച്ചു തന്നത് അവർ ഓർമിച്ചു. അദ്ദേഹത്തിന്റെ കൈപിടിച്ചു ചെന്നൈ ബീച്ചിൽ നടന്നതും.

സിവിൽ സെർവന്റ് ആയിരുന്ന അദ്ദേഹമാണ് പൊതുജനസേവനത്തിന്റെ ആദ്യ പടങ്ങൾ പഠിപ്പിച്ചതെന്നു ഹാരിസ് പറഞ്ഞു. അമ്മയിൽ നിന്നുണ്ടായ ഇഡ്ലി പ്രേമത്തെ കുറിച്ചും ഹാരിസ് പറഞ്ഞു.

എന്നാൽ തുളസീന്ദ്രപുറത്തു നിന്നു റിപ്പോർട്ട് ചെയ്ത സുമന്ത് രാമൻ പറയുന്നത് അവിടെ കൂടുതൽ പ്രധാനപ്പെട്ട വാർത്ത ബൈഡന്റെ വിരമിക്കൽ ആയിരുന്നു എന്നാണ്. ഇപ്പോൾ ആ കുടുംബത്തിലെ അധികമാളുകളും ഗ്രാമത്തിലില്ല. ഹാരിസ് അവിടേക്കു അധികം യാത്ര ചെയ്തിട്ടുമില്ല.




# ഫലം ആഗ്രഹിക്കാതെ ഫൊക്കാന കർമ്മം ചെയ്യണം: ഡോ. ബാബു സ്റ്റീഫൻ

മേരിലാൻഡ്: ഫൊക്കാന കൺവൻഷൻ സമാപിക്കുമ്പോൾ നിങ്ങളെ അഭിമുഖീകരിക്കാൻ എനിക്ക് ഏറെ സന്തോഷമുണ്ട്- ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ സമാപന സമ്മേളനത്തിൽ പറഞ്ഞു. ഞാനും എന്റെ ടീമും നടത്തിയ പ്രവർത്തനങ്ങളേക്കാൾ മികച്ച പ്രവർത്തനങ്ങൾ സജിമോൻ ആന്റണിയും ടീമും നടത്തും. ഭഗവത്ഗീതയിൽ പറയുംപോലെ ഫലേച്ഛയില്ലാതെ കർമ്മം ചെയ്യുകയായിരിക്കണം ഫൊക്കാനയുടെ ലക്ഷ്യം. തിരിച്ചൊന്നും ആഗ്രഹിക്കരുത്. ഒരു ജാതി ഒരു മതം...എന്ന ഗുരു വചനവും അദ്ദേഹം അനുസ്മരിച്ചു.

വീട് അപേക്ഷിച്ചവരുടെ വസ്തുതകൾ മനസിലാക്കാൻ ഒരു വീട്ടിൽ ചെന്നപ്പോൾ അവിടുത്തെ കുട്ടിക്ക് രണ്ട് കാലുമില്ല. വീടിനു തികച്ചും അർഹരാണവർ എന്നു കണ്ടു. ആ കുട്ടിക്ക് മെഡിക്കൽ കോളജിൽ ചേരാൻ മാർക്കുണ്ട്. പക്ഷെ സാമ്പത്തികമില്ല. തങ്ങൾ മെഡിക്കൽ കോളജിൽ പോകുകയും നാലു വർഷം പഠിക്കാനുള്ള ഫീസ് കെട്ടി വയ്ക്കുകയും ചെയ്തു. പത്തു ലക്ഷത്തിനു വീണ്ട് വച്ചുകൊടുക്കുക മാത്രമല്ല ഫർണിച്ചറും വാങ്ങിക്കൊടുത്തു.

കുവൈറ്റ് ദുരന്തമുണ്ടായപ്പോൾ നാലു പേരാണ് സഹായം നൽകിയത്. ദോഹയിൽ നിന്നു മേനോൻ, രവി പിള്ള, യൂസഫലി, പിന്നെ ഞാനും. 48 ലക്ഷം രൂപ ഫൊക്കാനയുടെ പേരിൽ കൊടുത്തു.

കൊച്ചി വിമാനത്താവളത്തിൽ ഒ.സി.ഐ കാർഡ് ഉള്ളവർ കഴുവിൽ നിന്ന് വിഷമിക്കുന്നത് കണ്ടപ്പോൾ കേന്ദ്രമന്ത്രിയെ പോയി കണ്ടു. വൈകാതെ ഒ.സി.ഐ കൗണ്ടർ ആരംഭിച്ചു.

കേരളത്തിൽ അടച്ചിട്ടിരിക്കുന്ന വീടുകൾക്ക് പ്രത്യേക നികുതി ചുമത്താനുള്ള നീക്കം വലിയ വിവാദമായിരുന്നു. ഇക്കാര്യം ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. മുഖ്യമന്ത്രിയെ കാണാനാണ് അദ്ദേഹം പറഞ്ഞത്. മുഖ്യമന്ത്രി ആ ടാക്സ് ഒഴിവാക്കി തന്നു .

നമ്മുടെ യുവജനത രാഷ്ട്രീയത്തിൽ ഇടപെടണം. നാം വിളിച്ചാൽ ഗവർണറോ, മേയറോ ഒക്കെ ഫോൺ എടുക്കുന്നത്ര സ്വാധീനം ഉണ്ടാവണം. ഇപ്പോൾ എല്ലാ സ്വാധീനവും നോർത്ത് ഇന്ത്യക്കാർക്കാണ്. നാം ശക്തിപ്പെട്ടാൽ ഓണം നമുക്ക് അവധിയായി പ്രഖ്യാപിപ്പിക്കാൻ കഴിയും. നമ്മുടെ മക്കൾ ഡോക്ടറും, എൻജിനീയറും ആയാൽ മാത്രം പോര. അമേരിക്കക്കാർ നല്ല മനുഷ്യരാണ്. അല്ലെങ്കിൽ നാം ഇവിടെ ഉണ്ടാകുമായിരുന്നില്ല. ഇലക്ഷനിൽ പ്രശ്നങ്ങൾ ഉണ്ടാകുമോ എന്നു സംശയമുണ്ടായിരുന്നു. എന്നാൽ എല്ലാം നല്ല രീതിയിൽ പോയി. നാം ഒന്നിച്ചു പ്രവർത്തിക്കണം. ഒന്നിച്ചു ശക്തരാകുകയും വേണം- അദ്ദേഹം പറഞ്ഞു.




India Press Club of North America
MADHYAMASREE
Madhyamaratna
Media Excellence Awards
Jan 10th, 2025, Kochi
India Press Club of North America
IPCNA
PLATINUM
MAIN SPONSOR
SAJAN &
MINI SAJAN
SAJ GROUP
HOTELS & RESORTS
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com

# സജിമോൻ ആന്റണി പ്രസിഡന്റ് ശ്രീകുമാർ ഉണ്ണിത്താൻ സെക്രട്ടറി; പുതിയ ടീം സത്യപ്രതിജ്ഞ ചെയ്തു








മെരിലാൻഡ്: ഫൊക്കാന കൺവൻഷൻ സമാപന വേദിയിൽ പുതിയ പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയ് ചാക്കപ്പൻ, മറ്റ് ടീമംഗങ്ങൾ എന്നിവർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഇലക്ഷൻ കമ്മിറ്റി ചെയർമാൻ ഫിലിപ്പോസ് ഫിലിപ്പ് സത്യവാചകം ചൊല്ലിക്കൊടുത്തു.

അധികാരമേറ്റ ശേഷം ചെയ്ത ഹ്രസ്വ പ്രസംഗത്തിൽ ചെറിയ സ്വപ്നങ്ങൾ കാണേണ്ട സംഘടനയല്ല ഫൊക്കാന എന്നു പറഞ്ഞാണ് തങ്ങൾ ഡ്രീം ടീമിന് രൂപം കൊടുത്തതെന്ന് സജിമോൻ ആന്റണി അനുസ്മരിച്ചു .

ഇലക്ഷനിൽ ശക്തമായ മത്സരം കാഴ്ചവെച്ച രണ്ട് എതിർ ടീമുകൾക്കും നന്ദി പറയുന്നു. ലോകത്തിൽ മാറ്റം ഒഴിച്ച് മറ്റൊന്നും സ്ഥിരമല്ല. ഒരാൾക്ക് തനിച്ച് വലിയ കാര്യങ്ങൾ പറ്റിയില്ലെന്ന് വരാം. എന്നാൽ ജലാശയത്തിൽ വന്ന് വീഴുന്ന കല്ല് ഓളങ്ങൾ ഉണ്ടാക്കുന്നു.

ബാബു സ്റ്റീഫൻ നേതൃത്വമേറ്റ 2022-ൽ ഫൊക്കാനയ്ക്ക് വലിയ മാറ്റമുണ്ടായി. ഇനിയും അത് ആവർത്തിക്കും.

ഞങ്ങൾക്കെതിരെ മത്സരിച്ചവരെ ഞങ്ങൾ അംഗീകരിക്കും. ഞങ്ങളേയും അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. 'ടീം ലഗസി'യുടെ ഭാഗമായിരുന്ന എല്ലാവരോടും അഭിനന്ദനവും സ്നേഹവും അറിയിക്കുന്നു. നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

ഇലക്ഷൻ കമ്മിറ്റി ചെയർ ഫിലിപ്പോസ് ഫിലിപ്പിന്റെ പ്രസംഗത്തിൽ പ്രസിഡന്റ് ബാബു സ്റ്റീഫന്റെ കർമ്മശേഷികൊണ്ടാണ് കൺവൻഷനും ഇലക്ഷനും ഇത്ര ഭംഗിയായി പോയതെന്ന് ചൂണ്ടിക്കാട്ടി. ഇത്രയും ആളുകൾ പങ്കെടുക്കുന്ന ഇലക്ഷൻ മുമ്പുണ്ടായിട്ടില്ല. 557 പേർ വോട്ട് ചെയ്തു.

നീതിപൂർവ്വവും സുതാര്യവുമായാണ് ഇലക്ഷൻ നടന്നത്. അതിന് സഹകരിച്ച എല്ലാവർക്കും അദ്ദേഹം നന്ദി പറഞ്ഞു .

കൺവൻഷൻ ചെയർ ജോൺസൺ തങ്കച്ചൻ സ്വാഗതവും ട്രഷറർ ബിജു ജോൺ കൊട്ടാരക്കര നന്ദിയും പറഞ്ഞു.





# ഇലക്ഷൻ സത്യസന്ധം; നിയമ നടപടി പേടിയില്ല: ഫൊക്കാന നേതാക്കൾ



**വിൻസന്റ് ഇമ്മാനുവൽ**

മേരിലാൻഡ്: ഇലക്ഷനിൽ പരാജയപ്പെട്ടവർ പരാതികളും പരിഭവങ്ങളും പറയുന്നതിൽ അതിശയമില്ലെന്നും ഇലക്ഷനുകൾ ഇനിയുമുണ്ടാകുമെന്നും ഫൊക്കാനയിലെ ഒരു വിഭാഗം ചൂണ്ടിക്കാട്ടുന്നു. നിലവിലുള്ള ചട്ടങ്ങൾക്ക് അനുസരിച്ചാണ് എല്ലാ കാര്യങ്ങളും ചെയ്തിട്ടുള്ളത്. അതിനു മാറ്റം വേണമെങ്കിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുകയാണ് വേണ്ടത്- അവർ ചൂണ്ടിക്കാട്ടുന്നു. അല്ലാതെ ആരോപണം ഉന്നയിക്കുകയല്ല വേണ്ടത്.

എല്ലാ ഇലക്ഷനുകൾ കഴിയുമ്പോഴും ഇത്തരം ആരോപണം ഉണ്ടാകാറുണ്ട്. അത് പ്രതീക്ഷിച്ചതുമാണ്- ട്രസ്റ്റി ബോർഡ് ചെയർ സജി പോത്തൻ പറഞ്ഞു. നിയമത്തിനതീതമായി ഒന്നും ചെയ്തിട്ടില്ല. നിയമപരമായ നടപടികളെ നേരിടും.

150 വോട്ടെങ്കിലും ഫ്രോഡ് ആണെന്ന് പറയുന്നതിൽ സത്യമുണ്ടോ എന്ന ചോദ്യത്തിന് സെക്രട്ടറി അയച്ചു നൽകിയ അപേക്ഷകളാണ് ട്രസ്റ്റി ബോർഡിന് കിട്ടിയതെന്ന് സജി പോത്തൻ പറഞ്ഞു. ഏതൊക്കെ സംഘടനയെ അംഗീകരിക്കണം എന്നു തീരുമാനം എടുക്കുന്നത് സെക്രട്ടറിയാണ്. അതിനുശേഷമാണ് ട്രസ്റ്റി ബോർഡിന് കിട്ടുന്നത്. ട്രസ്റ്റി ബോർഡ് അതിനുശേഷം 30 അസോസിയേഷനിൽ 15 എണ്ണം അംഗീകരിച്ചത് ചർച്ച ചെയ്ത് ഏകകണ്ഠമായാണ്.

നിയമ നടപടി നേരിടാൻ ട്രസ്റ്റി ബോർഡിനും ഇലക്ഷൻ കമ്മിറ്റിക്കും ഭീതിയൊന്നുമില്ലെന്ന് ഇലക്ഷൻ കമ്മീഷണർ ഫിലിപ്പോസ് ഫിലിപ്പ് പറഞ്ഞു. കേസ് കൊടുത്തും മറ്റും നിരന്തരം പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരെ സംഘടനയിൽ കൊണ്ടുവന്നതാണ് ഇത്തരം പ്രശ്നങ്ങൾക്കെല്ലാം കാരണം. ഇവർ 2010 മുതൽ 2024 വരെ നടത്തിയ കേസൊന്നും ഫൊക്കാന തോറ്റിട്ടില്ല.

തെറ്റായതോ സംഘടനാ വിരുദ്ധമായതോ ആയ ഒരു കാര്യവും തങ്ങൾ ചെയ്തിട്ടില്ലെന്ന് പുതിയ പ്രസിഡന്റ് സജിമോൻ ആന്റണി പറഞ്ഞു. ഇലക്ഷൻ കഴിഞ്ഞ സാഹചര്യത്തിൽ ഇനി സൗഹൃദപരമായി ഒത്തുപോകാൻ എല്ലാവരേയും സ്നേഹപുരസരം സ്വാഗതം ചെയ്യുകയാണ്.

അസോസിയേഷനുകൾ അംഗത്വത്തിനു അപേക്ഷിക്കുമ്പോൾ പരിശോധിച്ച് തീരുമാനമെടുക്കുക എന്നത് സെക്രട്ടറിയുടെ ജോലിയാണ്. ഇത് ചെയ്യാതെ അതെല്ലാം ട്രസ്റ്റി ബോർഡിനു വിട്ടു. എക്സി. കമ്മിറ്റിയും ട്രസ്റ്റി ബോർഡും കൂടിയ കമ്മിറ്റിയാണ് സംഘടനകളെ അംഗീകരിച്ചത്. അതിൽ സെക്രട്ടറിയും അംഗമായിരുന്നു- പുതിയ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ പറയുന്നു.




# ഫൊക്കാന സാഹിത്യസമ്മേളനം രണ്ടാം ദിവസം: വിവർത്തനത്തിന്റെ വെല്ലുവിളികൾ, പുസ്തക പ്രസാധനത്തിലെ പ്രതിസന്ധികൾ

**ഉമ സജി**

ഫൊക്കാന സാഹിത്യസമ്മേളനം രണ്ടാം ദിവസ സെമിനാറിൽ ലോകജാലകത്തിൽ ഇംഗ്ലിഷിൽ നിന്നും മലയാളത്തിലേക്കും മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്കും ഉള്ള വിവർത്തനത്തിന്റെ പരിമിതികളെയും വെല്ലുവിളികളെയും കുറിച്ച് വിലയിരുത്തി. മുരളി ജെ നായർ നയിച്ച ചർച്ചയിൽ, ഡോക്ടർ ദർശന ശശി, എം പി ഷീല, സോണി അംബൂക്കൻ, സിനി പണിക്കർ തുടങ്ങിയവർ അവർ നേരിട്ട വെല്ലുവിളികളെക്കുറിച്ച് അനുഭവങ്ങൾ പങ്കിട്ടു. പ്രശസ്ത ഭിഷഗ്വരനും, സാഹിത്യകാരനും ആയ ഡോക്ടർ എം വി പിള്ളയുടെ സാന്നിദ്ധ്യം സദസ്സിനെ ധന്യമാക്കി.

തുടർന്നു നടന്ന 'എഴുത്തിലെയും പ്രസിദ്ധീകരണത്തിലെയും പ്രതിസന്ധികൾ' എന്ന വിഷയം കോരസൺ വർഗ്ഗീസിന്റെ നേതൃത്വത്തിൽ ചർച്ചചെയ്യപ്പെട്ടു. മുരളി ജെ നായർ, സാംസി കൊടുമൺ, എം പി ഷീല, വർഗ്ഗീസ് പോത്താനിക്കോട്, ബന്നി കുര്യൻ, കെ കെ ജോൺസൺ, ലാന പ്രസിഡന്റ് ശങ്കർ മന എന്നിവർ പങ്കെടുത്തു. ഒരു കൃതി എഴുതിക്കഴിഞ്ഞാൽ പ്രസിദ്ധീകരിക്കുക എന്നത് വളരെ ദുഷ്ക്കരമാണെന്ന് ചർച്ചയിൽ പങ്കെടുത്തവർ പറഞ്ഞു.



പ്രശസ്ത പത്രപ്രവർത്തകനായ എം വി നികേഷ് കുമാർ, ഐഎപിസി ചെയർമാൻ ജിൻസ്മോൻ സക്കറിയ, ജോസ് കടാപ്പുറം, നീന ഈപ്പൻ തുടങ്ങിയവർ അഭിപ്രായങ്ങൾ രേഖപ്പെടുത്തി.

ശേഷം നടന്ന പുസ്തകപ്രകാശനത്തിൽ അമേരിക്കൻ മാധ്യമരംഗത്ത് ജ്വലിച്ചുനിൽക്കെ അകാലത്തിൽ പൊലിഞ്ഞുപോയ മാധ്യമപ്രവർത്തകൻ ഫ്രാൻസിസ് തടത്തിലിന്റെ സ്മരണാർത്ഥം പുറത്തിറക്കിയ 'നാലാംതൂണിന്റെ വേരുകൾ' എന്ന പുസ്തകത്തിന്റെ പ്രകാശനം പ്രശസ്തപത്രപ്രവർത്തകനായ എം വി നികേഷ് കുമാർ നിർവഹിച്ചു. വട്ടമേശ എന്ന എഴുത്തുകൂട്ടം മുൻകയ്യെടുത്ത പ്രസ്തുത സംരഭത്തിന്റെ പ്രാധാന്യത്തെ പറ്റി മുരളി ജെ നായർ വിശദീകരിച്ചു. ഒപ്പം വേണുഗോപാൽ കോക്കോടന്റെ 'കൂത്താണ്ടവർ' എന്ന നോവലും, അനിലാൽ ശ്രീനിവാസന്റെ 'ഫിത്തർ സക്കാത്ത്' എന്ന പുസ്തകവും പ്രകാശനം ചെയ്യപ്പെട്ടു.


India Press Club of North America
MADHYAMASREE
Madhyamaratna
Media Excellence Awards
Jan 10th, 2025, Kochi
India Press Club of North America
IPCNA
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
മാധ്യമശ്രീ
മാധ്യമരത്ന
പുരസ്കാരം 2024
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com

# 'എഴുത്തിൽ ജീവിതം ഇടപെടുമ്പോൾ' ഫൊക്കാന സാഹിത്യസമ്മേളനത്തിൽ സെമിനാർ



**ഉമ സജി**

ഫൊക്കാന സാഹിത്യസമ്മേളനത്തിന്റെ ഭാഗമായി 'എഴുത്തിൽ ജീവിതം ഇടപെടുമ്പോൾ' എന്ന വിഷയത്തെക്കുറിച്ച് സെമിനാർ നടന്നു. രണ്ടു ഘട്ടങ്ങളായി ആണ് സെമിനാർ സംഘടിപ്പിച്ചത്.

മുരളി ജെ നായരുടെ അദ്ധ്യക്ഷതയിൽ മേൽപ്പറഞ്ഞ വിഷയത്തെക്കുറിച്ച് എഴുത്തുകാരായ വേണുഗോപാൽ കോക്കാടൻ, ബിജോ ജോസ് ചെമ്മാന്ത്ര, ഉമ സജി, അനിലാൽ ശ്രീനിവാസൻ, എം പി ഷീല എന്നിവർ എങ്ങനെ ജീവിതം അവരുടെ എഴുത്തിനെ സ്വാധീനിച്ചു എന്ന് വിശദമാക്കി. ജീവിതം ഹൃദയത്തെ നിരന്തരം സമ്മർദ്ദത്തിലാക്കുമ്പോൾ, സന്തോഷമായാലും വേദനകളായാലും അത് എഴുത്തുകാരന്റെ ഉറക്കം കെടുത്തുമ്പോൾ അയാളിൽ നിന്ന് ഒരു നല്ല സാഹിത്യകൃതി രൂപം കൊള്ളുന്നു എന്ന് പൊതുവായി അഭിപ്രായപ്പെട്ടു.

അനിലാൽ ശ്രീനിവാസന്റെ അദ്ധ്യക്ഷതയിൽ നടന്ന രണ്ടാം ഘട്ടത്തിൽ മനോഹർ തോമസ്, മീനു എലിസബത്, ശങ്കർ മന, പി ടി പൗലോസ്, ജെയിംസ് കുരീക്കാട്ടിൽ, അബ്ദുൾ പുന്നയൂർക്കുളം എന്നിവർ എഴുത്തുവഴികളിൽ ജീവിതത്തിന്റെ സ്വാധീനത്തെക്കുറിച്ചും എഴുത്തിലേക്കെത്തിയതിനെക്കുറിച്ചും വ്യക്തമാക്കി. സെമിനാറിൽ മുഖ്യാതിഥി ആയ ഡോക്ടർ എം വി പിള്ള വിഷാദത്തിന്റെ തീവ്രതയിൽ എഴുത്തിലേക്കെത്തി എന്ന മീനു എലിസബത്തിന്റെ വാക്കുകൾക്ക് മറുപടി ആയി ആർത്രൈറ്റിസ് പോലുള്ള പലരോഗങ്ങളുടെയും ആധിപത്യത്തിന് ഒരുപരിധിവരെ എഴുത്ത് പരിഹാരം ആണെന്ന് വിശദമാക്കി. ശാസ്ത്രീയമായി തെളിയിയ്ക്കപ്പെട്ടതാണെന്നും അദ്ദേഹം വ്യക്തമാക്കി.



ശേഷം നടന്ന ചർചയിൽ പങ്കെടുത്തവർ എഴുത്തുകാരെ അവരുടെ എഴുത്തുകൾ മാനസ്സിക ആരോഗ്യത്തിന് സഹായിയ്ക്കും പോലെ ചില എഴുത്തുകൾ വായനക്കാരന്റെ മാനസ്സികവും അതിലൂടെ ശാരീരികമായ ആരോഗ്യത്തെയും സ്വാധീനിക്കുന്നു എന്ന് അഭിപ്രായപ്പെട്ടു.

emalayalee.com


Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# വൈഷ്ണവി നായർ മിസ് ഫൊക്കാന, മഹിമ പാറപ്പുറത്ത് ഫസ്റ്റ് റണ്ണർഅപ്പ്



മെരിലാൻഡ്: മിസ് ഫൊക്കാന ആയി വൈഷ്ണവി നായർ കിരീടമണിഞ്ഞു. മുൻ മിസ് ഫൊക്കാന ജയ്ൻ തെരേസ ബാബു, ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ, സെക്രട്ടറി ഡോ. കലാ ഷാഹി എന്നിവർ ചേർന്ന് കിരീടമണിയിച്ചു.

മഹിമ പാറപ്പുറത്ത് ആണ് ഫസ്റ്റ് റണ്ണർ അപ്പ്. ഫിലാഡൽഫിയയിൽ നിന്നുള്ള മഹിമ സാൻ അന്റോണിയോയിൽ മെഡിക്കൽ വിദ്യാർത്ഥിനിയാണ്. മാധ്യമപ്രവർത്തകൻ ജോർജ് നടവയലിന്റെ പുത്രി.

സെക്കൻഡ് റണ്ണർ അപ്പ് ടിയ ബാബുവിനെ ഫൊക്കാന ട്രഷറർ ബിജു ജോൺ, രേവതി പിള്ള എന്നിവർ കിരീടമണിയിച്ചു.

മിസ് ഫൊക്കാനയ്ക്ക് ടയിലൈറ്റ് മീഡിയയുടെ ഉപഹാരം 800 ഡോളർ ചെക്ക് കമ്പനി മേധാവി ഷിജോ പൗലോസ് സമ്മാനിച്ചു.

ബസ്റ്റ് പീപ്പിൾ ചോയ്സ് അവാർഡ് ജൊഹാൻ ജോൺസനാണ്.

ബെസ്റ്റ് ടാലന്റ്: വൈഷ്ണവി നായർ

ബെസ്റ്റ് ആറ്റിറ്റിയൂഡ് : ടിയ ബാബു

മിസ് കൺജീനിയാലിറ്റി: മഹിമ പാറപ്പുറത്ത്. ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫന്റെ പത്നി ഗ്രേസി സ്റ്റീഫൻ സാഷ് നൽകി.

ബസ്റ്റ് റാമ്പ് വാക്ക്: പൂർണ്ണിമ

ബസ്റ്റ് ആൻസർ: ജൊഹാൻ ജോൺസൺ

ഡോ. അൽഫോൺസ് റഹ്മാൻ നേതൃത്വം നൽകി. നീമ ഷെമീൽ, വർഷനായർ, സരിക നായർ, അൽഫോൺസ റഹ്മാൻ, ജെയ്നി ജോൺ, അനു തോമസ്, രേവതി പിള്ള , എന്നിവർ മത്സരത്തിന് നേതൃത്വം നൽകി.


















# വേൾഡ് മലയാളി കൗൺസിൽ 14ാമത് ഗ്ലോബൽ കോൺഫറൻസിന് ഒരുക്കങ്ങൾ പുരോഗമിക്കുന്നു: പിന്റോ കണ്ണംപള്ളി

തിരുവനന്തപുരം: വേൾഡ് മലയാളി കൗൺസിലിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് നടക്കുന്ന പതിനാലാമത് ബയനിയൽ ഗ്ലോബൽ കോൺഫറൻസിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നതായി ജനറൽ സെക്രട്ടറി പിന്റോ കണ്ണംപള്ളി അറിയിച്ചു. ഓഗസ്റ്റ് 2 മുതൽ 5 വരെ തിരുവനന്തപുരം ഹയാത്ത് റീജൻസി ഹോട്ടലിലാണ് കോൺഫറൻസ് നടക്കുക. മലബാർ ഗോൾഡും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ യും പ്രധാന സ്പോൺസർസായ ഈതവണത്തെ കോൺഫറൻസ് കേരള മുഖ്യ മന്ത്രി ബഹു. ശ്രി പിണറായി വിജയൻ ഉത്കാടനം ചെയ്യുമെന്ന് ചെയർമാൻ ഗോപാല പിള്ളയും പ്രസിഡന്റ് ജോൺ മത്തായിയും സംയുക്തമായി അറിയിച്ചു. കോൺഫറൻസ് കമ്മിറ്റി ചെയർപേഴ്സൺ Dr K G വിജയലക്ഷ്മി, ജനറൽ കൺവീനർ Dr P M നായർ IPS (retd) മറ്റെല്ലാ കമ്മിറ്റി മെമ്പേഴ്സിന്റെയും അശ്രാന്ത പരിശ്രമം സമ്മേളനത്തിന്റെ വിജയമുറപ്പിക്കുമെന്നു WMC ഗ്ലോബൽ കൌൺസിൽ അഭിപ്രായപ്പെട്ടു.

ഓഗസ്റ്റ് 2 വെള്ളിയാഴ്ചത്തെ ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയനെ കൂടാതെ റവന്യൂ മന്ത്രി കെ.രാജൻ, മേയർ ആര്യ രാജേന്ദ്രൻ എസ്, തിരുവനന്തപുരം എം.എൽ.എ ആന്റണി രാജു , എംപി ശശി തരൂർ, ഡോ. പി. മുഹമ്മദ് അലി (ഗൾഫാർ), എസ്ബിഐ ചീഫ് ജനറൽ മാനേജർ ഭുവനേശ്വരി എ, മലബാർ ഗോൾഡ് ഡയമണ്ട്സ് ചെയർമാൻ എം.പി.അഹമ്മദ്, പ്രഭാ വർമ്മ എന്നിവർ മുഖ്യാതിഥികളായിരിക്കും.

ഞായറാഴ്ചത്തെ (ഓഗസ്റ്റ് 4) ഗ്രാൻഡ് ഫിനാലെയിൽ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, ഇ.ടി.മുഹമ്മദ് ബഷീർ, സുരേഷ് ഗോപി/ജോർജ് കുര്യൻ, രമേശ് ചെന്നിത്തല ജോൺ ബ്രിട്ടാസ് എം പി എന്നിവരും പങ്കെടുക്കും.

വേൾഡ് മലയാളീ കൗണ്സിലിന്റെ സജീവ റീജിയനാളുകളായ അമേരിക്ക, യൂറോപ്പ്, മിഡ്ഡിലെ ഈസ്റ്റ്, ഇന്ത്യ റീജിയനുകളിലെ അൻപതോളം പ്രൊവിൻസുകളിൽനിന്നുള്ള ആയിരത്തിൽ കൂടുതൽ പ്രതിനിധികൾ ഈ കോൺഫെറെൻസിൽ പങ്കെടുക്കും.




കോൺഫെറെൻസിന്റെ ഭാഗമായുള്ള ഗ്ലോബൽ സ്മരണികയുടെ പ്രകാശനം കേന്ദ്ര മന്ത്രിയുടെ സാനിധ്യത്തിൽ നടത്തുമെന്ന് സോവനീർ ചീഫ് എഡിറ്റർ പിന്റോ കണ്ണംപള്ളി അറിയിച്ചു.

വ്യവസായ, വിദ്യാഭ്യാസ,സാമൂഹിക, ജീവകാരുണ്യ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച യുഎഇയിലെ സാമൂഹികസാംസ്കാരിക വേദികളിലെ നിറ സാന്നിധ്യമായിരുന്ന വേൾഡ് മലയാളി കൗൺസിലിന്റെ പ്രിയ നേതാവ് ഡോ. പി.എ. ഇബ്രാഹിം ഹാജിയുടെ ഓർമയ്ക്കായി വേൾഡ് മലയാളി കൗൺസിൽ മിഡിൽ ഈസ്റ്റ് റീജിയൻ നടപ്പാക്കുന്ന കാരുണ്യഭവനം പദ്ധതിയുടെ ഉദ്ഘാടനം ഗ്ലോബൽ കോൺഫറൻസിൽ വെച്ച് ഓഗസ്റ്റ് 2-ന് കേരള മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഞങ്ങളുടെ മിഡിൽ ഈസ്റ്റ് റീജിയൻ പ്രവിശ്യകളുടെ നേതൃത്വത്തിൽ (ദുബായ്, ഷാർജ, ഉമ്മുൽ ഖുവൈൻ, അജ്മാൻ, ഫുജൈറ) കേരളത്തിലെ ഭവനരഹിതർക്കായി 50 ലക്ഷം രൂപ ചെലവിടുന്നു. കേരളത്തിലെ അഞ്ച് ജില്ലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകർക്കായി നിർമിച്ച അഞ്ച് വീടുകളുടെ താക്കോൽ ദാനം മുഖ്യമന്ത്രി തദവസരത്തിൽ നിർവഹിക്കുന്നതാണ്.

പ്രമുഖ വ്യവസായിയും സാമൂഹിക സാംസ്കാരിക പ്രവർത്തകനുമായ ഗൾഫാർ മുഹമ്മദലിക്ക് ഡോ. പി എബ്രഹാം ഹാജി മെമ്മോറിയൽ വേൾഡ് മലയാളി ഹ്യുമാനിറ്റേറിയൻ ഗോൾഡൻ ലാന്റേൺ അവാർഡ് സമ്മാനിക്കും.

വേൾഡ് മലയാളീ കൌൺസിൽ അമേരിക്ക റീജിയൻ ഫിലാഡൽഫിയ പ്രൊവിൻസിന്റെ ജീവകാരുണ്യ പ്രവർത്തനനത്തിന്റെ ഭാഗമായി അടുത്ത വർഷം നടത്താനിരിക്കുന്ന അമ്പതു കുടുംബങ്ങളുടെ സമൂഹവിവാഹത്തിനുള്ള ധനശേഖരണത്തിനു തുടക്കം കുറിക്കും.

വേൾഡ് മലയാളീ കൌൺസിൽ ഇന്റർനാഷണൽ ഫോറങ്ങളുടെ നേത്രത്വത്തിൽ വിവിധ വിഷയങ്ങളിലുള്ള ചർച്ചയും സാംസ്കാരിക പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്.

WMC ഗ്ലോബൽ വിമൻസ് ഫോറം മീറ്റിംഗിൽ ലേഡി എപിജെ അബ്ദുൽ കലാം എന്ന് വിശേഷിപ്പിക്കപ്പെടുന്ന , മിസൈൽ വുമൺ ഓഫ് ഇന്ത്യ-അഗ്നിപുത്രി) എന്ന് വിളിപ്പേരുള്ള തമിഴ്നാട് NICHE യൂണിവേഴ്സിറ്റി വൈസ് ചാൻസലർ കൂടിയായ ഡോ.ടെസ്സി തോമസ് മുഖ്യാതിഥിയായിരിക്കും. ഫോറം പ്രസിഡന്റ് പ്രൊഫ Dr ലളിത മാത്യു വിമൻസ് ഫോറം പ്രോജക്റ്റായ കഴിഞ്ഞ വർഷം തുടങ്ങി വച്ച കൂൺ കൃഷിയെയും അതിന്റെ വിപണന സാധ്യതാക്കളെയും സ്ത്രീ ശാക്തീകരണത്തെയും കുറിച്ച് പ്രീതിനിധികളോട് സംസാരിക്കും.

കേരളത്തിന് പുറത്ത് താമസിക്കുന്ന മലയാളികളെ സംബന്ധിച്ച് പ്രസക്തമായ റിട്ടയർമെന്റ് നിക്ഷേപം , വിദ്യാഭ്യാസം, വിദേശ ഭാഷാ ക്ലാസുകൾ, തൊഴിലവസരങ്ങൾ, പ്രവാസി പെൻഷനുകൾ, പ്രവാസി ഇൻഷുറൻസ്, പ്രവാസി ബിസിനസ് അവസരങ്ങൾ, നോർക്ക ഐഡി കാർഡുകൾ തുടങ്ങിയവ ഉൾപ്പെടെ 15-ലധികം വിവിധ സേവനങ്ങളെ ക്കുറിച്ചുള്ള ചർച്ചകളിൽ സമ്മേളനത്തോടനുബന്ധിച്ചുള്ള നോർക്ക റൂട്ട്സ് ഉദ്യോഗസ്ഥരുടെ മീറ്റിംഗ് പ്രധാനമായും ഫോക്കസ്


MALABAR
GOLD & DIAMONDS
GOLDEN
SUMMER
1KG
Gold
52
Winners
Valid until 11th August, 2024
KNOW MORE
T&C Apply

ചെയ്യും. സമ്മേളനത്തിൽ നോർക്ക മെമ്പർ ഐഡി രജിസ്ട്രേഷൻ ഡെസ്ക് സജ്ജീകരിക്കാൻ WMC NRK ഫോറം പ്രസിഡന്റ് അബ്ദുൽ ഹക്കിം മുൻകൈ എടുക്കും.

WMC ഇന്റർനാഷണൽ ലീഗൽ ഫോറം പ്രസിഡന്റ് അഡ്വ. ആന്റണി ജോൺ അയ്യരുകാവന്റെ നെത്രത്വത്തിൽ വിവിധ നിയമ വിഷയങ്ങളെ കുറിച്ചുള്ള ചർച്ചകൾ ക്രമീകരിച്ചിട്ടുണ്ട്. ഗ്രേഷ്യസ് കുര്യാക്കോസ് (എ ഡി ജി പി, കേരള ഹൈക്കോടതി), ജോൺ എസ് റാൽഫ്, (പ്രമുഖ ക്രിമിനൽ അഭിഭാഷകൻ), ജോർജ് തോമസ് കോട്ടയം(ഫാമിലി ലോ) എന്നിവർ ലീഗൽ ഫോറത്തിന്റെ അതിഥികളായി സമ്മേളനത്തെ പ്രതിനിധീകരിക്കും.

കോൺഫറൻസിനോടനുബന്ധിച്ച് ഡബ്ല്യു.എം. സി. ഇൻറർനാഷനൽ ആർട്ട് ആൻഡ് കൾച്ചറൽ ഫോറം രാജ്യാന്തര ഷോർട്ട് ഫിലിം മേള സംഘടിപ്പിക്കുന്നുണ്ട് . മികച്ച ചലച്ചിത്ര പ്രതിഭകളെ കണ്ടെത്തുന്നതിനായി മലയാള സിനിമയുടെ പ്രിയ സംവിധായകൻ ഐ വി ശശി യുടെ സ്മരണ നിലനിർത്തി ''ഐ വി ശശി ഇന്റർനാഷണൽ ഷോർട്ട് ഫിലിം ഫെറ്റിവൽ '(iv-sisff) എന്ന പേരിലാണ് മേള ഒരുക്കുന്നത്. കോൺഫറൻസിനോട് അനുബന്ധിച്ച് തിരുവനന്തരപുരം ഹയാത്ത് റീജൻസി ഹോട്ടലിൽ വച്ച് അവാർഡുകൾ പ്രഖ്യാപിക്കുന്നതാണെന്ന് കൾച്ചറൽ ഫോറം പ്രസിഡന്റ് ചെറിയാൻ ടി കീക്കാട് അറിയിച്ചു.

കേരളത്തിലേക്കും ഇന്ത്യയിലേക്കും ആരോഗ്യ, മെഡിക്കൽ, ആയുർവേദ യാത്രകളിൽ താൽപ്പര്യമുള്ള വിദേശ മലയാളികൾക്കും മറ്റുള്ളവർക്കുമായി ഡബ്ല്യുഎംസിയുടെ ഏകജാലക സംവിധാനം തുറക്കുന്നതാണ്. മെഡിക്കൽ, വിദ്യാഭ്യാസ സഹകരണം , പങ്കാളിത്തം, പിന്തുണ എന്നിവയിൽ MIMS-മായി ധാരണാപത്രം ഒപ്പിടൽ. ഡബ്ല്യുഎംസി അംഗങ്ങളുടെ അവയവദാന ദൗത്യത്തിന്റെ ഉദ്ഘാടനവും ഫോം പൂരിപ്പിക്കലും ഈ കോൺഫെറൻസിന്റെ ഭാഗമായി നടക്കും.

ഇന്റർനാഷണൽ മെഡിക്കൽ ആൻഡ് ഹെൽത്ത് ഫോറത്തിന്റെ പ്രോഗ്രാമിന് ശേഷം വേൾഡ് മലയാളി കൗൺസിൽ ഓൺ ഹെൽത്ത് ആൻഡ് മെഡിക്കൽ ടൂറിസത്തെകുറിച്ചുള്ള സെമിനാറും സമ്മേളന വേദിയിൽ ഉണ്ടായിരിക്കുന്നതാണ് . കേരളത്തിലെ മെഡിക്കൽ, ഹെൽത്ത്, ആയുർവേദ, റിസോർട്ട്, ബീച്ച്, ഹിൽ, ഹെറിറ്റേജ്, കേരളത്തിലേക്കുള്ള കൾച്ചറൽ ടൂറിസം എന്നീ മേഖലകളെ പ്രതിനിധീകരിച്ച് ഒമ്പത് പ്രതിനിധികൾ സംയുക്ത സെഷനിൽ സംസാരിക്കും.

മൂന്ന് സെഷനുകളിലായാണ് പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നത് . ഇന്റർനാഷണൽ ഹെൽത്ത് ആൻഡ് മെഡിക്കൽ ഫോറം പ്രസിഡന്റ് ഡോ.ജിമ്മി ലോനപ്പൻ മൊയലൻ (യുകെ) അധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ അദ്ദേഹം അതിഥികളെ സ്വാഗതം ചെയ്യും.

മെഡിക്കൽ, ഹെൽത്ത് ടൂറിസം സെമിനാറുകളുടെ ഉദ്ഘാടനം മുൻ ആരോഗ്യ, കുടുംബക്ഷേമ, ദേവസ്വം മന്ത്രി വി.ശിവകുമാർ നിർവഹിക്കും.

ഡബ്ല്യുഎംസിയുടെ അവയവദാന ഉത്തരവിന്റെ ഉദ്ഘാടനം സംസ്ഥാന മന്ത്രി നിർവഹിക്കും. വിദേശ മലയാളികൾക്കും മറ്റുള്ളവർക്കുമായി കേരളത്തിലേക്കും ഇന്ത്യയിലേക്കും ആരോഗ്യം, മെഡിക്കൽ, ആയുർവേദ ടൂറിസം എന്നിവയെക്കുറിച്ചുള്ള ഡബ്ല്യുഎംസിയുടെ ഏകജാലക സംവിധാനത്തിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിക്കുന്നതാണ്. നൂറുൽ ഇസ്ലാം സെന്റർ ഫോർ ഹയർ എജ്യുക്കേഷൻ പ്രോ ചാൻസലർ (എം.ഡി, നിംസ് മെഡിസിറ്റി ) ഫൈസൽ ഖാൻ മുഖ്യാതിഥിയുടെ സന്ദേശം നൽകും.

www.wmchealthtourism.org എന്ന ഏകജാലക സംവിധാനത്തെകുറിച്ച് പ്രസംഗവും പ്രദർശനവും ഉണ്ടായിരിക്കും. സമ്മേളനത്തിന്റെ ഭാഗമായി ആരോഗ്യം, മെഡിക്കൽ, ആയുർവേദ ടൂറിസം എന്നിവയിൽ ഡബ്ല്യുഎംസിയുടെ ഏകജാലക സംവിധാനത്തിലൂടെ ബുക്കിംഗുകൾ സ്വീകരിക്കുന്നതിനുള്ള സ്റ്റാളും നടത്തുന്നതാണ്.

ഡബ്ല്യുഎംസി ഗ്ലോബൽ ചെയർമാൻ




ഗോപാല പിള്ള (USA), പ്രസിഡന്റ് ജോൺ മത്തായി(Sharjah), ജനറൽ സെക്രട്ടറി പിന്റോ കണ്ണംപള്ളി(USA), ട്രെഷറർ സാം ഡേവിഡ് മാത്യു (UK) വൈസ് പ്രസിഡന്റ് കെ പി കൃഷ്ണകുമാർ(India), ഡബ്ല്യുഎംസി യൂറോപ്പ് റീജിയൻ ചെയര്മാന് ജോളി തടത്തിൽ(Germany) എന്നിവർ ആശംസകൾ നേർന്നു സംസാരിക്കും

മെഡിക്കൽ ആൻഡ് ഹെൽത്ത് സെമിനാർ; തിരുവനന്തപുരം മെഡിക്കൽ കോളേജിലെ നെഫ്രോളജി അസോസിയേറ്റ് പ്രൊഫസറും കേരളത്തിലെ അവയവദാനത്തിന്റെ നോഡൽ ഓഫീസറുമായ ഡോ. നോബിൾ ഗ്രേഷ്യസ് അവയവദാനത്തെക്കുറിച്ച് സംസാരിക്കും. ഗൈനക്കോളജിക്കൽ പ്രശ്നങ്ങളെക്കുറിച്ച് തിരുവനന്തപുരം അനന്തപുരി ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ് ഡോ. സെമ്മി നോബിൾ സീനിയർ സംസാരിക്കും.

ഹൃദ്രോഗ വിദഗ്ധൻ (തിരുവനന്തപുരം) അനന്തപുരി ആശുപത്രിയിലെയും തിരുവനന്തപുരം എസ്പി മെഡ്ഫോർട്ട് ആശുപത്രിയിലെയും കാർഡിയോളജിസ്റ്റ് ഡോ. ഷിഫാസ് ബാബു എം 'ഹൃദ്രോഗങ്ങളെയും അതിന്റെ സമീപകാല പ്രശ്നങ്ങളെയും' കുറിച്ച് സംസാരിക്കും.

തിരുവനന്തപുരം എസ് കെ ഹോസ്പറ്റലിലെ സീനിയർ കൺസൾട്ടന്റും സർജിക്കൽ ഗ്യാസ്ട്രോഎൻട്രോളജിസ്റ്റുമായ ഡോ.സുഭാഷ് ആർ കരൾ രോഗങ്ങളുടെ ലാസ്റ്റ് സ്റ്റേജ് നേരിടേണ്ടതെങ്ങനെയെന്ന് ക്ലാസെടുക്കും.

തിരുവനന്തപുരം എസ് കെ ഹോസ്പറ്റലിലെ സീനിയർ പ്ലാസ്റ്റിക് ആൻഡ് കോസ്മെറ്റിക് സർജറി കൺസൾട്ടന്റായ ഡോ ശാരിക 'പ്ലാസ്റ്റിക് ആൻഡ് കോസ്മെറ്റിക് സർജറി' എന്ന വിഷയത്തിൽ ക്ളാസെടുക്കും.

മെഡിക്കൽ രംഗത്തെ ധാർമികതയെക്കുറിച്ച് കിംസ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ഇ എം നജീബ് പ്രസംഗിക്കുന്നതാണ്. നിംസ് മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ മഞ്ജു തമ്പി ഹെൽത്ത് ടൂറിസത്തെക്കുറിച്ച് സംസാരിക്കും. കേരളത്തിലേക്കുള്ള റിസോർട്ട്, കുന്നുകൾ, കായൽ, ബീച്ച് ടൂറിസം എന്നിവയെക്കുറിച്ച് ക്വയിലോൺ ബീച്ച് ഹോട്ടൽ ആൻഡ് കൺവെൻഷൻ സെന്ററിലെ ബി. ശ്രീകുമാർ സംസാരിക്കും.

ബ്ലഡ് ഷുഗർ , വെയിറ്റ് , ബിപി ആരോഗ്യ പരിശോധന തുടങ്ങിയ സൗജന്യ പരിശോധനകൾ തിരുവനന്തപുരത്തെ എസ് കെ ആശുപത്രിയുടെ നേതൃത്വത്തിൽ നടക്കുന്നതാണ്. തിരുവനന്തപുരം സബ് അർബൻ ഏരിയയിൽ സൗജന്യ മെഡിക്കൽ ക്യാമ്പും കോൺഫറൻസിനോടനുബന്ധിച്ച് ക്രമീകരിച്ചിട്ടുണ്ട്.

പരിപാടിയിൽ പങ്കെടുക്കാനുള്ള വിവരങ്ങൾക്ക് ബന്ധപെടുക: ഗ്ലോബൽ ചെയർമാൻ ഗോപാല പിള്ള(USA), ഗ്ലോബൽ പ്രസിഡന്റ് ജോൺ മത്തായി(Sharjah), ഗ്ലോബൽ ജനറൽ സെക്രട്ടറി പിന്റോ കണ്ണംപള്ളി(USA), ഗ്ലോബൽ ട്രെഷറർ സാം ഡേവിഡ് മാത്യു(UK), കോൺഫറൻസ് കമ്മിറ്റി ചെയർപേഴ്സൺ Dr K G വിജയലക്ഷ്മി(India), ജനറൽ കൺവീനർ Dr P M നായർ IPS (retd), സെക്രട്ടറി Dr അജിൽ അബ്ദുള്ള(India), കോ കൺവീനേഴ്സ് കെ കൃഷ്ണകുമാർ(India), അനീഷ് ജെയിംസ് (USA), ക്രിസ്റ്റഫർ വര്ഗീസv(Dubai), ജോളി പടയാറ്റിൽ(Germany), വൈസ് ചെയർപേഴ്സൺ ജെറോ വര്ഗീസ് (UAE), കൾച്ചറൽ കമ്മിറ്റി ചെറിയാൻ ടി കീക്കാട്(UAE), മേഴ്സി തടത്തിൽ(Germany), പ്രോഗ്രാം കമ്മിറ്റി ജോളി തടത്തിൽ(Germany), ഫിനാൻസ് കമ്മിറ്റി ഷൈൻ ചന്ദ്രസേനൻ(UAE), സ്പോൺസർഷിപ് കമ്മിറ്റി രാജേഷ് പിള്ള(UAE)

# ഓർമ്മ ഓറേറ്റർ ഓഫ് ദ ഇയർ ലിനു കെ ജോസ്



(പി ഡി ജോർജ് നടവയൽ)

പാലാ/ഫിലഡൽഫിയ: ഓർമ്മ ഇന്റർനാഷണൽ (ഓവർസീസ് റെസിഡന്റ് മലയാളീസ് അസോസിയേഷൻ) ടാലെന്റ് പ്രമോഷൻ ഫോറം രാജ്യാന്തര നിലയിൽ സംഘടിപ്പിച്ച സീസൺ 2 പ്രസംഗ മത്സരത്തിൽ ഒരു ലക്ഷം രൂപയുടെ 'ഓർമ്മ ഓറേറ്റർ ഓഫ് ദ ഇയർ'24 പുരസ്ക്കാരം', പാലാ അൽഫോൻസാ കോളജ് വിദ്യാർത്ഥിനി ലീനു കെ ജോസ് നേടി. സീനിയർ മലയാളം വിഭാഗത്തിൽ തിരുവനന്തപുരം കാർമ്മൽ ഹയർ സെക്കന്ററി സ്കൂളിലെ സ്നേഹ എസ് ഒന്നാം സ്ഥാനം നേടി 50000 രൂപ കരസ്ഥമാക്കി. 30000 രൂപ വീതമുള്ള രണ്ടാം സ്ഥാനത്തിന് കണ്ണൂർ ചെമ്പേരി നിർമ്മല ഹയർ സെക്കന്ററി സ്കൂളിലെ സിയാൻ മരിയ ഷാജി, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലെ സോനു സി ജോസ് എന്നിവർ അർഹരായി. 20000 രൂപ വീതമുള്ള മൂന്നാം സ്ഥാനം വഴിത്തല സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കന്ററി സ്കൂളിലെ ഐതാന ലിസ് ഷിബു, കുര്യനാട് സെന്റ് ആൻസ് സ്കൂളിലെ ആഷെർ ജോസഫ്, പാലാ സെന്റ് മേരീസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ ലയ ജോബി എന്നിവർ നേടി. 10000 രൂപ വീതമുള്ള നാലാം സ്ഥാനത്തിന് കോഴിക്കോട് കുളത്തുവയൽ സെന്റ് ജോർജ് ഹയർ സെക്കന്ററി സ്കൂളിലെ എൽസ നിയ ജോൺ, എൽതാ മരിയ ലൂക്കോസ്, ഇരിങ്ങാലക്കുട ക്രൈസ്റ്റ് എഞ്ചിനീയറിംഗ് കോളജിലെ റോസ് ബെന്നി, കണ്ണൂർ നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻ സ്കൂളിലെ ലിയ മരിയ സണ്ണി എന്നിവർ കരസ്ഥമാക്കി. 5000 രൂപ വീതമുള്ള അഞ്ചാം സ്ഥാനത്തിന് അനഘ ജയപ്രകാശ് (കാർമ്മൽ സ്കൂൾ, ഷൊർണ്ണൂർ), ആരുഷ് പി ( ശോഭ ഐക്കൺ ഹയർ സെക്കന്ററി സ്കൂൾ, കിഴക്കൻചേരി,പാലക്കാട്), നിയ സുനിൽ ( കരിയർ ഡ്രീംസ് കോളജ്, ഇടപ്പാടി, പാലാ), അസിൻ മരിയാ ജോജോ (സിതഡെൽ റെസിഡൻഷ്യൽ സ്കൂൾ, ഇട്ടിച്ചുവട്, റാന്നി) എന്നിവർ നേടി. സീനിയർ ഇംഗ്ലീഷ് വിഭാഗത്തിൽ ഹൈദ്രാബാദ് നൽസാർ ലോ യൂണിവേഴ്സിറ്റിയിലെ സൂര്യഗായത്രി 50000 രൂപയുടെ ഒന്നാം സ്ഥാനം നേടി. 30000 രൂപയുടെ രണ്ടാം സ്ഥാനം ഹർഷ സുരേഷ് (സെന്റ് മേരീസ് ഹൈസ്കൂൾ ഫോർ ഗേൾസ്, പയ്യന്നൂർ), ആഗ്നസ് മേരി ജയ്സൺ (ക്രൈസ്റ്റ് ജൂനിയർ കോളജ്, ബാംഗ്ലൂർ), 20000 രൂപയുടെ മൂന്നാം സ്ഥാനത്തിന് നിയ അലക്സ് (ചാവറ പബ്ളിക് സ്കൂൾ, പാലാ), അനശ്വര രമേശ് (ബാവൻസ് ആദർശ വിദ്യാലയ, കാക്കനാട് ), ശ്രീയാ സുരേഷ് (കാണിക്കമാതാ കോൺവെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പള്ളിപ്പുറം), 10000 രൂപയുടെ നാലാം സ്ഥാനത്തിന് ടെസിയാ ലിസ് സാം ( സെന്റ് ആനീസ് ഹയർ സെക്കന്റിറി സ്കൂൾ, കുര്യനാട്), ആർദ്ര കെ ബാബുരാജ് (വിമല കോളജ് തൃശൂർ), ഗൗരി കെ ജയൻ (ഇന്ത്യൻ സ്കൂൾ, അൽ വാഡി അൽ കബീർ, മസ്കറ്റ്), സെന യാസിർ (തിരുവാങ്ങൂർ ഹയർ സെക്കന്റിറി സ്കൂൾ, കോഴിക്കോട്), 5000 രൂപയുടെ അഞ്ചാം സ്ഥാനത്തിന് റെബേക്ക ലോറ സാജൻ ( പള്ളിക്കൂടം, വടവാതൂർ), സ്നേഹ ടോം (സേക്രട്ട് ഹാർട്ട് കോളജ്, തേവര), നിവേദ്യ സുനിൽകുമാർ ( വാഷിംഗ്ടൺ ഹൈസ്കൂൾ, ഇംഗ്ലണ്ട് ), ലക്ഷ്മി രാജീവ് മേനോൻ ( സെന്റ് തെരേസാസ് കോളജ്, എറണാകുളം), ദിയ റോസ് അഗസ്റ്റിൻ (സെന്റ് ക്ലാരെറ്റ് പ്രീ യൂണിവേഴ്സിറ്റി കോളജ്, ബാംഗ്ലൂർ) എന്നിവർ കരസ്ഥമാക്കി. ജൂനിയർ വിഭാഗം മലയാളത്തിൽ പാലാ സെന്റ് മേരീസിലെ അഞ്ജലി കെ എസ് 25000 രൂപയുടെ ഒന്നാം സമ്മാന നേടി. 20000 രൂപയുടെ രണ്ടാം സമ്മാനം ഉമ എസ് (ജിജി ഹൈസ്കൂൾ, കോട്ടൺഹിൽ), അമലു സോബി (സെന്റ് മേരീസ് ഹൈസ്കൂൾ, തീക്കോയി), 15000 രൂപയുടെ മൂന്നാം സ്ഥാനത്തിന് അൽഫോൻസ് ബി കോലത്ത് (നിർമ്മല പബ്ളിക് സ്കൂൾ, പിഴക്), മരിയറ്റ് ജോമോൻ (സെൻറ് സെബാസ്റ്റ്യൻസ് സ്കൂൾ, കടനാട്), മെഡാ ഷൈജൻ (മോൺ. റെയ്മണ്ട് മെമ്മോറിയൽ സ്കൂൾ, ചക്കിട്ടപ്പാറ), 10000 രൂപയുടെ നാലാം സ്ഥാനത്തിന് ദുർഗ്ഗ രഞ്ജിത് (സെന്റ് മാർഗരറ്റ്സ് ഹൈസ്കൂൾ, കാഞ്ഞിരോട് ), സാൻദ്രാ സോബിൻ (സേക്രട്ട് ഹാർട്ട്, ഭരണങ്ങാനം), ജെന്നിഫർ വിൻസെന്റ് (സെന്റ് മേരീസ് സ്കൂൾ, മാരുത്തോൺകര), ശ്രേയാ സെബാസ്റ്റ്യൻ (സെന്റ് ജറോംസ് സ്കൂൾ, വെള്ളയാംകുടി), 5000 രൂപയുടെ അഞ്ചാം സ്ഥാനത്തിന് ജോബ് ഡെന്നി (വിജയമാതാ പബ്ളിക് സ്കൂൾ,തൂക്കുപാലം), മിന്ന രഞ്ജിത്ത് (ക്രൈസ്റ്റ് നഗർ സെൻട്രൽ സ്കൂൾ, കവടിയാർ), കാശ്മീരാ സിജു ( ബെൻഹിൽ, ഇംഗ്ലീഷ് സ്കൂൾ, ഇ

രിട്ടി), ഹെവേന ബിനു (എസ് എം ടി സ്കൂൾ, ചേലക്കര), റില്ല ഫാത്തിമ (മൈക്കാ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കാഞ്ഞിരപ്പള്ളി എന്നിവർക്ക് ലഭിച്ചു. ജൂനിയർ ഇംഗ്ലീഷ് വിഭാഗത്തിൽ 25000 രൂപ ഒന്നാം സ്ഥാനം വയനാട് മാന്തവാടി എം ജി എം ഹയർ സെക്കന്ററി സ്കൂളിലെ നെഹ്ല ഫാത്തിമ നേടി. 20000 രൂപയുടെ രണ്ടാം സ്ഥാനത്തിന് നമ്രദ മരിയപടിപ്പുരയ്ക്കൽ (മൗണ്ട് സെന്റ് മേരീസ് കാത്തലിക് സ്കൂൾ, ലീഡ്സ്, ഇംഗ്ലണ്ട് ), നിയ ബോബിൻ (ചാവറ സിഎംഐ സ്കൂൾ, അമനകര), 15000 രൂപയുടെ മൂന്നാം സ്ഥാനത്തിന് ആത്മജ ജയകൃഷ്ണൻ (കേന്ദ്രീയ വിദ്യാലയ, മംഗലാപുരം), ജോഷ് കെ മാത്യു (കാർമ്മൽ പബ്ളിക് സ്കൂൾ, പാലാ), 10000 രൂപയുടെ നാലാം സ്ഥാനത്തിന് ബർക്കാ നായർ ( പ്രിൻസ് പബ്ളിക് സ്കൂൾ, ന്യൂഡൽഹി), ലെന മേരി എൽദോ ( ചാവറ പബ്ളിക് സ്കൂൾ, പാലാ), മിത്ര ഷൈൻ (മേരിഗിരി പബ്ളിക് സ്കൂൾ, കൂത്താട്ടുകുളം), വൈഗ ശോഭശ്രീ (എസ് എഫ് എസ് പബ്ളിക് സ്കൂൾ, ഏറ്റുമാനൂർ), 5000 രൂപയുടെ അഞ്ചാം സ്ഥാനത്തിന് ആഗ്നലിൻ ജെസ് ബൈനിഷ് ( ജവഹർ നവോദയ വിദ്യാലയ, കുളമാവ്), ജനീതാ ആൻ ജേക്കബ് (യുണൈറ്റഡ് ഇന്ത്യൻ സ്കൂൾ, കുവൈറ്റ്), ലിയാൻ ബിനോയി ചെറിയാൻ (ബിലീവേഴ്സ് ചർച്ച് സ്കൂൾ, തിരുവല്ല), നിയ യോഹന്നാൻ (കാർമ്മൽ പബ്ളിക് സ്കൂൾ, പുളിയാന്മല), പ്രണവ് പ്രവീൺ (ക്രൈസ്റ്റ് നഗർ സെൻട്രൽ സ്കൂൾ, കവടിയാർ എന്നിവർ കരസ്ഥമാക്കി. ഗ്രാൻഡ് ഫിനാലെ ലോക സഞ്ചാരിയും സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പറുമായ സന്തോഷ് ജോർജ് കുളങ്ങര ഉദ്ഘാടനം ചെയ്തു. കാണുന്ന സ്വപ്നങ്ങൾ പ്രാവർത്തികമാക്കാൻ കഠിനാദ്ധ്വാനം ചെയ്യണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഓർമ്മ പ്രസിഡന്റ് ജോർജ് നടവയൽ അധ്യക്ഷത വഹിച്ചു. ഇന്ത്യയുടെ മിസൈൽ വനിത എന്നു വിശേഷിപ്പിക്കപ്പെടുന്ന ഡോ ടെസ്സി തോമസ്, കേന്ദ്ര സാംസ്കാരിക മന്ത്രാലയം ഡയറക്ടർ അനീഷ് പി രാജൻ, ചലച്ചിത്രതാരം മിയ ജോർജ്, ഓർമ്മ ടാലെന്റ് പ്രമോഷൻ ഫോറം ചെയർമാൻ ജോസ് തോമസ്, സെക്രട്ടറി എബി ജെ ജോസ്, സജി സെബാസ്റ്റ്യൻ, റോഷൻ പ്ലാമൂട്ടിൽ, ഷാജി ആറ്റുപുറം, കുര്യാക്കോസ് മാണിവയലിൽ, സിനോജ് അഗസ്റ്റിൻ, പ്രൊഫ ടോമി ചെറിയാൻ, ബെന്നി കുര്യൻ, ജോർജ് കരുണയ്ക്കൽ, ചെസ്സിൽ ചെറിയാൻ, അലക്സ് കുരുവിള തുടങ്ങിയവർ പ്രസംഗിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 1500 മത്സരാർത്ഥികൾ പങ്കെടുത്ത അന്താരാഷ്ട്ര പ്രസംഗ മത്സരത്തിന്റെ ഗ്രാന്റ് ഫിനാലേയിൽ 60 പേരാണ് മത്സരിച്ചത്. ആകെ 10 ലക്ഷത്തിൽപരം രൂപയാണ് വിജയികൾക്കായി സമ്മാനിച്ചത്.




emalayalee.com

# എയർ ഇന്ത്യ ന്യൂ യോർക്കിലേക്കും ന്യുവാർക്കിലേക്കും ഏറ്റവും മികച്ച എ 350 – 900 വിമാനങ്ങൾ ഇറക്കും

എയർ ഇന്ത്യയുടെ ഏറ്റവും മികച്ച വിമാനമായ എ 350-900 ഡൽഹിയിൽ നിന്നു ന്യൂ യോർക്കിലേക്കും ന്യുവാർക്കിലേക്കും പറക്കുമെന്നു എയർലൈൻ അറിയിച്ചു.

ന്യൂ യോർക്ക് ജെ എഫ് കെ-ഡൽഹി ഫ്ലൈറ്റുകൾ നവംബർ 1നു തുടങ്ങും. ന്യുവാർക്-ന്യൂ ഡൽഹി ഫ്ലൈറ്റ് 2025 ജനുവരി 2നും.

ന്യൂ യോർക്ക്-ഡൽഹി ഫ്ലൈറ്റുകൾ ഉച്ചയ്ക്കു 12:30നു പുറപ്പെട്ടു രാവിലെ 11:40നു ഡൽഹിയിൽ എത്തും. ന്യുവർക്കിൽ നിന്നു രാവിലെ 11:15നാണു പറക്കുക. എത്തുന്നത് ഡൽഹി സമയം രാവിലെ 11:30ന്.

ഡൽഹി-ന്യൂ യോർക്ക് ജെ എഫ് കെ പുലർച്ചെ 2:20നു പുറപ്പെട്ടു പ്രാദേശിക





സമയം രാവിലെ 7:35നു എത്തും. എല്ലാ ദിവസവും ഉണ്ട്. ഡൽഹി-ന്യുവാർക് പുറപ്പെടുന്നത് പുലർച്ചെ നാലിന്, എത്തുന്നത് രാവിലെ 9:10ന്. ആഴ്ചയിൽ അഞ്ചു ദിവസം.

ഈ റൂട്ടുകളിൽ ആദ്യമായി എയർ ഇന്ത്യയുടെ പ്രീമിയം ഇക്കോണമി ക്ലാസ് ലഭ്യമാവും. ഈ ക്ലാസിൽ 24 വിശാലമായ സീറ്റുകൾ ഉണ്ടാവും.

ബിസിനസ് ക്ലാസിൽ 28 പ്രൈവറ്റ് സ്യൂട്ടുകൾ ലഭ്യമാണ്. പൂർണമായും കിടക്കാവുന്ന ബഡ്ഡുകൾ ഉണ്ടാവും. ഇക്കോണമി സീറ്റുകൾ 264 എണ്ണമുണ്ട്.

എയർ ഇന്ത്യയുടെ യുഎസ് ഓപ്പറേഷനുകളിൽ വലിയൊരു കുതിപ്പാണിതെന്നു സി ഇ ഒയും മാനേജിങ് ഡയറക്റ്ററുമായ ക്യാമ്പെൽ വിൽസൺ പറഞ്ഞു. 'നിരന്തരമായി സേവനം മെച്ചപ്പെടുത്താൻ ഞങ്ങൾ പ്രതിജ്ഞാ ബദ്ധമാണ്.'

എ 350 വിമാനങ്ങൾ വരുന്നതോടെ യുഎസിലേക്കുള്ള 60% എയർ ഇന്ത്യ ഫ്ലൈറ്റുകളിലും പുതുപുത്തൻ ക്യാബിൻ ഇന്റീരിയർ ഉണ്ടാവും.


LIVE
Television Channels
Streaming of Events
'VOD' Video On Demand
Movies | Shows | Photos
Event Tickets
MediaAppUSA
One App for All Media Outlets
amazon fireTV
Amazon fireTV
Roku
ROKU TV
tv
Apple TV
Google TV
GoogleTV
Samsung
SMART TV
Samsung TV
LG
Life's Good
LGTV
Panasonic
Panasonic
VIZIO
VIZIO TV
iPhone
Android
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
Download
'MediaAppUSA'

# ഫോമയ്ക്ക് അഭിമാനം പകർന്ന് വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമായി

ഇത്തവണത്തെ ഫോമാ കൺവൻഷനിൽ സംഘടനയുടെ പ്രധാന ഘടകമായ വിമൻസ് ഫോറം നാല് പരിപാടികൾക്കാണ് നേതൃത്വം നൽകുന്നതെന്ന് ഫോറം സെക്രട്ടറി രേഷ്മ രഞ്ജൻ അറിയിച്ചു.

വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിലുള്ള പ്രത്യേക പരിപാടിയാണ് ഈ ശ്രേണിയിൽ എടുത്തുപറയേണ്ടത്. മിസ് & മിസ്റ്റർ ഫോമാ മത്സരമാണ് രണ്ടാമത്തെ ഇനം. നടൻ ടിനി ടോം, നടി സ്വാസിക, ലിസ് പൗലോസ്, ഹിമ ഹരിദാസ് എന്നിവരാണ് പരിപാടിയുടെ വിധികർത്താക്കൾ. ന്യൂജേഴ്സി ആസ്ഥാനമായി പ്രവർത്തിക്കുന്ന നൃത്താധ്യാപിക റുബീന സുധർമൻ കോറിയോഗ്രാഫ് ചെയ്ത തിരുവാതിരയാണ് മറ്റൊരു ഹൈലൈറ്റ്. സൺഷൈൻ റീജിയണിലെ വനിതാ ചെയർ സ്വപ്ന നായർക്കാണ് ഇതിന്റെ ഏകോപന ചുമതല.കൺവൻഷന്റെ മാറ്റുകൂട്ടാൻ താലപ്പൊലിയുടെ ഒരുക്കങ്ങളും നടന്നുവരുന്നു.

മൂന്ന് സുപ്രധാന പദ്ധതികൾക്ക് ചുക്കാൻ പിടിച്ചതിന്റെ ആഹ്ലാദവും അഭിമാനവുമാണ് ഫോമാ വിമൻസ് ഫോറത്തിനുള്ളത്. ഹെർ സ്വാസ്ഥ്യ എന്ന കാൻസർ സ്ക്രീനിംഗ് പ്രോജക്ട് വഴി 3 തരം കാൻസർ സ്ക്രീനിംഗ് (ഓറൽ,



ബ്രെസ്റ്റ് & സെർവിക്കൽ) കേരളത്തിൽ 140 സ്ത്രീകളിൽ നടത്താൻ സാധിച്ചു. 2023 മേയ് 31ന് പരിശോധനയ്ക്കായി 2,00,000 രൂപ കൈമാറിയിരുന്നു. വിദ്യാവാഹിനി പ്രോജക്ടിലൂടെ ഗാന്ധിഭവനിലെ കുട്ടികൾക്ക് പഠനസഹായമായി 1000 രൂപ വീതം നൽകുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം ജൂൺ 1ന് 140,000 രൂപ നൽകി. വിദ്യവാഹിനിയുടെ സ്കോളർഷിപ്പ് പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികളായ 33 പെൺകുട്ടികൾക്ക് നൽകി . 16,65,000 രൂപ ഇതിനായി വിനിയോഗിച്ചു.

ഏതാനും മാസങ്ങൾക്കുള്ളിൽ ഈ പ്രോജക്ടുകളെല്ലാം ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക എന്നുള്ള വെല്ലുവിളിയാണ് വിമൻസ് ഫോറം ഏറ്റെടുത്ത് ഫലവത്താക്കിയത് . സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് പ്രശംസനീയമായ രീതിയിൽ അത് പൂർത്തീകരിക്കുന്നതിൽ ഫോറം വഹിച്ച പങ്ക് ചെറുതല്ല. 20 ലക്ഷത്തിലധികം രൂപയാണ് വനിതാ ഫോറം സമാഹരിച്ചത്. 180 പെൺകുട്ടികൾക്കും സ്ത്രീകൾക്കും ഇത് കൈത്താങ്ങായി.

ഫോമാ വിമൻസ് ഫോറത്തിന്റെ (2022-24) പ്രവർത്തനങ്ങൾ

1. മീറ്റ് ആൻഡ് ഗ്രീറ്റ്: ഫോമായുടെ മുൻകാല വനിതാ നേതാക്കളെ ആദരിച്ചു.

2. സീക്രട്ട് സാന്റ ഡിസംബർ / ജനുവരി

3. ഗ്രീൻ ജ്യൂസ് ഡേ (ജനുവരി): സമ്മാനത്തുക 250 $

4. ഡോ. ശ്രീരാഗിന്റെ (ഫെബ്രുവരി) കിച്ചൻ കെമിസ്ട്രി

5. വനിതാ ദിനാഘോഷം (മാർച്ച്) : ദലീമ എംഎൽ.എ , നടി സീമ എന്നിവർ മുഖ്യാതിഥികളായി. (വിഷയം: മൈത്രേയി)

6. ഓരോ ദിവസവും ഒരു പോസ്റ്റർ/ ഫ്ലയർ വിവിധ വിഷയങ്ങളും ചോദ്യങ്ങളും ഉൾപ്പെടുത്തി സോഷ്യൽ മീഡിയ എൻഗേജ്മെന്റ് മാസം ആചരിച്ചു. വിജയിക്കുള്ള $50 പിആർഒ ജോസഫ് ഇടിക്കുള സ്പോൺസർ ചെയ്തു.

7. ഫോട്ടോഗ്രാഫി മത്സരം 'ചിത്രം' - ഒന്നാം സമ്മാനം $250 ജോസഫ് ഔസോയും രണ്ടാം സമ്മാനം $150 ഷിനു ഫ്ലൈയും മൂന്നാം സമ്മാനം $100 സുജനനും സ്പോൺസർ ചെയ്തു.

8. ഡോ. അശ്വിനി നടത്തിയ പോസിറ്റീവ് മെന്റൽ സ്പേസ് പ്രോഗ്രാം: ഇന്റിമേറ്റ് പാർട്ണർ വയലൻസും ഡേറ്റിംഗ് വയലൻസും എങ്ങനെ തടയാമെന്ന ദിശാബോധം പകർന്നു.

9. ഡോ. ജഗതിക്കൊപ്പമുള്ള പോസിറ്റീവ് മെന്റൽ സ്പേസ് സെഷൻ

10. സമ്മർ ടു കേരള

11. 25/40 സ്ത്രീകളെ പരിശോധിക്കാൻ കാർക്കിനോസ് ക്യാൻസർ സ്ക്രീനിങ്ങിലൂടെ സാധിച്ചു.

12. ഡോ. അശ്വിനി നടത്തിയ ബിൽഡിംഗ് അസെർട്ടീവ്നെസ് പ്രോഗ്രാം

ഡോ. അശ്വിനിക്കൊപ്പമുള്ള സെഷനുകളിൽ ചർച്ചചെയ്തത്: വ്യക്തിബന്ധങ്ങളിൽ അതിരുകൾ നിശ്ചയിക്കുകയും സംരക്ഷിക്കുകയും ചെയ്യുക; മോശം ബന്ധങ്ങൾ സൂചനകളിലൂടെ എങ്ങനെ തിരിച്ചറിയാം; ജോലിസ്ഥലത്തെ ലൈംഗികാതിക്രമം തടയൽ; പ്രശ്നപരിഹാരത്തിനുള്ള സഹകരണ സമീപനം; ദുരുപയോഗത്തെ (മയൗലെ) അതിജീവിക്കുന്നവരെ പിന്തുണയ്ക്കുന്നതിൽ സമൂഹത്തിന്റെ പങ്ക്.

കൂടാതെ മാതൃത്വത്തെയും സ്ത്രീത്വത്തെയും ആദരിക്കുന്ന മദേഴ്സ് ഡേ ആഘോഷവും സംഘടിപ്പിച്ചു. സംരംഭകയും, കവയിത്രിയും, കാൻസർ അതിജീവിതയും, സ്ത്രീകൾക്ക് പ്രചോദനവുമായ ഷൈല തോമസ്, ഗായിക ദേവിക നിർമ്മൽ, സംഗീതജ്ഞൻ സ്റ്റീഫൻ ദേവസ്സി എന്നിവരായിരുന്നു മുഖ്യാതിഥികൾങ്ങളെ സമോസ കോക്കസ് എന്നാണ് വിശേഷിപ്പിക്കുന്നതെന്ന് കോൺഗ്രസ്മാൻ രാജ കൃഷ്ണമൂർത്തി. എന്നാൽ അത് പോരാ. വടയും ഇഡ്ഡലിയും പകോടയുമെല്ലാം അവിടെ ഉണ്ടാവണം, ഇന്ത്യൻ പ്രാതിനിധ്യം ഇനിയും വർദ്ധിക്കണം -നോർത്ത് ബേതസ്ഡ മോണ്ട് ഗോമറി കൗണ്ടി കൺവൻഷൻ സെന്ററിൽ ഫൊക്കാന കൺവൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കവേ അദ്ദേഹം പറഞ്ഞു .

2020 ലെ സെൻസസ് പ്രകാരം ഏറ്റവും വേഗത്തിൽ വർദ്ധിക്കുന്ന കുടിയേറ്റക്കാർ ഇന്ത്യാക്കാരാണ് . അത് പോലെ ഏറ്റവും സമ്പന്നരുംനമ്മൾ തന്നെ. അമേരിക്കയിലെ ആകെ ഡോക്ടർമാരിൽ പത്ത് ശതമാനം ഇന്ത്യാക്കാരാണ്. ഹോട്ടൽ മുറികളുടെ 60 ശതമാനം ദേശി ഉടമസ്ഥതയിലുള്ളതാണ്. 35 സ്പെല്ലിങ് ബീ ചാമ്പ്യരിൽ 25 പേർ ഇന്ത്യാക്കാരാണ്.

പക്ഷെ ഇവിടെ പ്രാദേശികമായി പറയുന്ന ഒരു ചൊല്ലുണ്ട്. നിങ്ങൾക്ക് ഭക്ഷണത്തിനുള്ള ടേബിളിൽ സ്ഥാനമില്ലെങ്കിൽ നിങ്ങൾക്ക് മെനുവിലായിരിക്കും സ്ഥാനമെന്ന്. മറ്റുള്ളവർ നിങ്ങളെ തിന്നു കളയുമെന്ന്.

ഗോഡ്സ് ഓൺ കൺട്രിയിൽ നിന്ന് വന്നവർ സുന്ദരന്മാരും സുന്ദരികളുമാണെന്നു വിശേഷിപ്പിക്കാനും അദ്ദേഹം മറന്നില്ല .

അഭിമാനകരമായ ഈ കൺവൻഷൻ വേദിയിലേക്ക് ഏവരെയും സെക്രട്ടറി ഡോ. കല ഷഹി സ്വാഗതം ചെയ്തു.

കൺവൻഷനു തുടക്കം കുറിച്ച് നടന്ന ഘോഷയാത്രക്ക് ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ, സെക്രട്ടറി ഡോ. കല ഷഹി, ട്രഷറർ ബിജു ജോൺ കൊട്ടാരക്കര, ഫ്രാൻസിസ് ജോർജ് എംപി., മുൻ അംബാസഡർ ടി.പി. ശ്രീനിവാസൻ തുടങ്ങിയവർ നേതൃത്വം നൽകി

# സീറോമലബാർ ഇന്റർചർച്ച് വോളിബോൾ ടൂർണമെന്റ്, ആഗസ്റ്റ് 3 ശനിയാഴ്ച്ച ഫിലാഡൽഫിയയിൽ

**ജോസ് മാളേയ്ക്കൽ**

ഫിലാഡൽഫിയ: സെന്റ് തോമസ് സീറോമലബാർ എവർ റോളിംഗ് ട്രോഫിക്കു വേണ്ടിയുള്ള പതിമൂന്നാമതു മലയാളി ഇന്റർചർച്ച് ഇൻവിറ്റേഷണൽ വോളിബോൾ ടൂർണമെന്റ് ആഗസ്റ്റ് 3 ശനിയാഴ്ച്ച നടത്തുമെന്ന് സംഘാടകർ അറിയിച്ചു. സെന്റ് തോമസ് സീറോമലബാർ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിന്റെ വോളിബോൾ കോർട്ടിലായിരിക്കും ടൂർണമെന്റ് ക്രമീകരിക്കുക. ടൂർണമെന്റിന്റെ വിജയത്തിനായി ദേവാലയഭാരവാഹികൾക്കൊപ്പം ഫിലാഡൽഫിയയിലേയും പരിസരപ്രദേശങ്ങളിലേയും സ്പോർട്ട്സ് സംഘാടകരും, വോളിബോൾ താരങ്ങളും, അഭ്യുദയകാംക്ഷികളും ഒരുമയോടെ പ്രവർത്തിക്കുന്നു.

12 വർഷങ്ങൾക്ക് മുൻപ് പ്രാദേശികതലത്തിൽ ആരംഭിച്ച വോളിബോൾ ടൂർണമെന്റിന്റെ ഫൈനൽ മൽസരത്തിൽ വിജയിക്കുന്ന ടീമിന് സീറോമലബാർ എവർ റോളിംഗ് ട്രോഫിയും, കാഷ് അവാർഡും, വ്യക്തിഗതമിഴിവു പുലർത്തുന്നവർക്ക് പ്രത്യേക ട്രോഫികളും ലഭിക്കും.

ആഗസ്റ്റ് 3 ശനിയാഴ്ച്ച രാവിലെ 11 മണിമുതൽ ലീഗ്, സെമിഫൈനൽ, മൽസരങ്ങളും, ഫൈനലും നടക്കും. മൽസരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ടീമുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്തിരിക്കണം. ടൂർണമന്റിൽ രജിസ്റ്റർ ചെയ്യുന്നതിന് അഭിലാഷ് രാജൻ (215 410 9441), ജിതിൻ പോൾ (267 632 1180) എന്നിവരെ സമീപിക്കുക.




സീറോമലബാർ ഇടവകവികാരി റവ. ഡോ. ജോർജ് ദാനവേലിൽ ശനിയാഴ്ച്ച ടൂർണമെന്റ് ഉൽഘാടനം ചെയ്യും. ഇടവക വികാരിയുടെ നേതൃത്വത്തിൽ കൈക്കാരന്മാരായ സജി സെബാസ്റ്റ്യൻ, ജോജി ചെറുവേലിൽ, ജോസ് തോമസ്, പോളച്ചൻ വറീദ്, ജെറി കുരുവിള, പാരീഷ് സെക്രട്ടറി ടോം പാറ്റാനിയിൽ, പാരിഷ് കൗൺസിൽ അംഗങ്ങൾ എന്നിവരും, ടൂർണമെന്റിന്റെ ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

മൽസരങ്ങളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിന് താഴെപ്പറയുന്നവരുമായി ബന്ധപ്പെടുക.

സജി സെബാസ്റ്റ്യൻ (പ്രധാന കൈക്കാരൻ) 267 809 0005

ടോം പാറ്റാനിയിൽ (സെക്രട്ടറി) 267 456 7850



HEALING LIVES ONE SOUL AT A TIME
TOTAL MEDICAL 360
SARVE BHAVANTU SUKHINAH
Discover
a New You at
TOTAL MEDICAL 360 LLC.
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends advanced medical practices to reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# കരുത്തുറ്റ സംഘടനാ പ്രവർത്തനത്തിന്റെ തിളക്കമാർന്ന വിജയം: പ്രവീൺ തോമസ്

ചിക്കാഗോ: നാല് പതിറ്റാണ്ടിൽ അധികമായി ചരിത്രപാരമ്പര്യത്തിൻറെ പൊൻതിടമ്പേറ്റി തലയുയർത്തി നില്ക്കുന്ന ഫൊക്കാന എന്ന പ്രസ്ഥാനത്തിന്റെ കൊമ്പൻ 21-ാം അന്തർദ്ദേശീയ കൺവൻഷൻറെ ആഘോഷത്തിളക്കത്തിനു തിരിശീല വീഴുബോൾ അത് തികച്ചും കരുത്തുറ്റ സംഘാടന പാടവത്തിൻറെയും കൂട്ടായ സംഘടനാ പ്രവർത്തനത്തിൻറെയും അർഹിക്കുന്ന അംഗീകാരമാണെന്ന് ഫൊക്കാന ഇലക്ഷനിൽ കാണാൻ സാധിച്ചത് . ഡ്രീ ടീമിന് തിളക്കമാർന്ന വിജയത്തിന് ചുക്കാൻ പിടിച്ചവരിൽ ഒരാളായി വമ്പിച്ച ഭൂരിപക്ഷത്തിൽ വിജയിച്ച് ഫൊക്കാനയുടെ 2024-26-ലെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ടായി ചിക്കാഗോയിൽ നിന്നുള്ള പ്രവീൺ തോമസ് തന്നെ സപ്പോർട്ട് ചെയ്ത എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും ഈയവസരത്തിൽ അറിയിക്കുന്നു.

എനിക്കു മുമ്പും ഈ സംഘടനയ്ക്ക് നേതൃത്വം നല്കിയ മഹാരഥന്മാരുടെ പ്രവർത്തനങ്ങളിൽ നിന്ന് ആർജ്ജിച്ചെടുത്ത നേതൃപാടവം മുഖമുദ്രയാക്കി അർപ്പണബോധത്തോടും കഠിനാദ്ധ്വാനത്തോടും കൂടി ഒന്നിതൃത്വം നല്കിയ ഡ്രീം ടീം കാഴ്ചവെച്ചത് ഒരു ചരിത്രവിജയമാണ്.




കഴിഞ്ഞകാലങ്ങളിൽ ഈ സംഘടനയോടൊപ്പം ഒരു സാധാരണ പ്രവർത്തകനായും ഒരു സന്തത സഹചാരിയായും ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് നടത്തി വിജയിപ്പിച്ച പാരമ്പര്യം ഉണ്ട് . പ്രളയകാലത്തും കോവിഡ് കാലത്തും ഫൊക്കാന നേതൃത്വവുമായി കൂടെനിന്നു പ്രവർത്തിച്ചു ,ടീം അംഗമായി സംഘാടനപാടവത്തിൻറെ ചൂടും ചൂരും മനസ്സിലാക്കുവാൻ എന്നെ സഹായിച്ച എല്ലാ ഫൊക്കാന പ്രവർത്തകരെയും ഒരിക്കൽക്കൂടി കൃതജ്ഞതയോടെ സ്മരിക്കുന്നു. പ്രത്യേകിച്ച് ചിക്കാഗോയിൽ എന്നെ സപ്പോർട്ട് ചെയ്ത നേതാക്കന്മാരായ ജെയ്ബു കുളങ്ങര (മുൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട്), ഫ്രാൻസിസ് കിഴക്കേക്കുറ്റ് (മുൻ ആർവിപ ചിക്കാഗോയിൽ നിന്നുള്ള ലോക്കൽ അസോസിയേഷൻറെ പ്രസിഡണ്ടുമാരായി സപ്പോർട്ട് ചെയ്ത ജെസ്സി റിൻസി (സിഎംഎ), സുനീന മോൻസി (ഐഎംഎ), സൈമൺ പള്ളിക്കുന്നേൽ (യുഎംഎ), ബിജി എടാട്ട് (കേരളൈറ്റ്), ആൻറോ കവലയ്ക്കൽ (കേരള), മിഡ്വെസ്റ്റിൻറെ റോയി നെടുഞ്ചിറ എന്നിവരോടുള്ള പ്രത്യേക നന്ദി അറിയിക്കുന്നു. ഡ്രീം ടീമിൻറെ അടുത്ത രണ്ട് വർഷത്തേക്കുള്ള എല്ലാ സ്വപ്ന പദ്ധതികൾക്കും തുടർന്നും നിങ്ങളുടെ സഹായവും സഹകരണവും ഉണ്ടാകണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.








HEDGE
BROKERAGE INC.
Life Insurance with Long Term Care
Disability Income
Business Overhead Expense Disability Insurance
10 Pay Life Insurance
Estate Planning
Advantage Index Universal Life S&P 500
Life Income Annuity
HEDGE
BROKERAGE INC.
1-516-433-4310
hedgebrokerage@gmail.com


എന്നും കൂടെ ഉണ്ടായിരുന്നു....
ഉണ്ട്... ഇനിയും ഉണ്ടാവും..
നിങ്ങളുടെ സ്വന്തം
ഷാലു പുന്നൂസ്
VOTE
FOR THE FUTURE
SHALU PUNNOOSE
FOMAA Vice President Candidate
FOMAA
TEAM UNITED
2024 - 2026
UNITY
OUR STRENGTH
BABY MANAKUNNEL
for President
BAIJU VARGHESE
for General Secretary
CIGIL GEORGE
PALACKALODY
for Treasurer
PAUL P JOSE
for Joint Secretary
ANUPAMA KRISHNAN
for Joint Treasurer

# ഫൊക്കാന സാരഥ്യമേൽപ്പിച്ചതിനു ഡ്രീം ടീമിന്റെ നന്ദി

ശ്രീകുമാർ ഉണ്ണിത്താൻ

സംഘടനകളുടെ സംഘടനയായ ഫൊക്കാന എന്ന മഹാ പ്രസ്ഥാനത്തിന്റെ കൺവൻഷനോടനുബന്ധിച്ചു നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ ഡ്രീം ടീമിനെ വിജയപ്പിച്ച ഏവർക്കും നന്ദി രേഖപ്പെടുത്തുന്നു. ഞങ്ങൾക്ക് പിന്നിൽ നിന്നും പ്രവർത്തിച്ചവരും , സഹായിച്ചവരുമായ ആയ നിരവധി ആളുകൾ ഉണ്ട്. ഡ്രീം ടീം എന്നത് ഫൊക്കാനയുടെ ഭാവി ഭദ്രമാക്കണം എന്ന താൽപര്യമുള്ള ഒരു പറ്റം ആളുകളുടെ കൂട്ടായ്മ ആയിരുന്നു. ഒന്നരവർഷം അമേരിക്കയിൽ ഉടനീളം സഞ്ചരിച്ചും സംഘടനകളുമായി സഹകരിച്ചുമാണ് ടീമിന്റെ പ്രവർത്തനം മുന്നോട്ട് പോയിരുന്നത്. അതിന്റെ ഫലമോ ഫൊക്കാനയിൽ ഡ്രീം ടീമിന്റെ തെരോട്ടമാണ് കണ്ടത്.

ഫൊക്കാന 2024 ഇലക്ഷൻ ഫൊക്കാനയുടെ ചരിത്രം മാറ്റിയെഴുതിയ ഒരു തെരഞ്ഞെടുപ്പ് ആയിരുന്നു . 72 അംഗ സംഘടനകളുടെ പ്രതിനിധികൾ പങ്കെടുത്ത ഇലക്ഷന്റെ വീറും വാശിയും ഒരു നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രതീതി ഉണർത്തുന്നതായിരുന്നു. രണ്ടു മണിക്കൂറോളം ക്ഷമയോട് ലൈൻ നിന്നാണ് പലരും വോട്ട് ചെയ്തത്. ഇന്നുവരെ അമേരിക്കൻ സംഘടനാ രംഗത്ത് നടന്നിട്ടില്ലാത്ത വോട്ടിങ് മിഷ്യന്റെ സഹായത്തോട് നടന്ന തെരഞ്ഞെടുപ്പ് , അമേരിക്കൻ തെരഞ്ഞെടുപ്പ് വോട്ടിങ് രീതിയിൽ ആണ് നടന്നത്. അമേരിക്കൻ പോലീസിന്റെ കാവലിലും അവരുടെ പരിശോദനക്ക് ശേഷമാണ് ഓരോ ഡെലിഗേറ്റും വോട്ടിങ്ങു റൂമിൽ എത്തുന്നത് , അവിടെയും രണ്ടു സ്ഥലങ്ങളിൽ ഐഡി പരിശോദിച്ച ശേഷമാണ് ബാലറ്റ് പേപ്പർ നൽകുന്നത് . അത്ര കുറ്റമറ്റ രീതിയിൽ ആണ് തെരെഞ്ഞെടുപ്പ് നടന്നത്. ഏവരുടെയും മുന്നിൽവെച്ചു സ്കാൻ ചെയ്താണ് വോട്ടുകൾ എണ്ണിയതും ഫലം പ്രഖ്യാപിച്ചതും സംഘടന രംഗത്ത് ഏറെ പുതുമകൾ നൽകുന്നതായിരുന്നു ഫൊക്കാന ഇലക്ഷൻ. അതിന്റെ പിന്നിൽ പ്രവർത്തിച്ച ഫിലിപ്പോസ് ഫിലിപ്പ് , ജോർജി വർഗീസ് , ജോജി തോമസ് എന്നിവരുടെ പ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമായിരുന്നു.

തെരഞ്ഞെടുപ്പ് ഫലം ഫൊക്കാന കൺവെൻഷനെ ഒരു കോളേജ് ക്യാമ്പസ് ഇലക്ഷന്റെ വേദി പോലെ ആക്കി മാറ്റി . ആടിയും , പാടിയും,ആർപ്പുവിളികളുമായി മുദ്രവാക്യങ്ങൾ മുഴക്കിയും റാലികൾ നടത്തിയും ആഹ്ളാദം പങ്കുവെച്ചു. പ്രകടനത്തിൽ ഉടനീളം പ്രസിഡന്റിനെയും വിജയികളെയും ഉമ്മവെച്ചും , തോളിൽ ഏറ്റിയും , കെട്ടിപ്പിടിച്ചും , മലകൾ ചാർത്തിയും പ്രാർത്ഥനകൾ ചെല്ലിയും സന്തോഷം പങ്കിടുന്നത് കാണാമായിരുന്നു. ആ കൺവെൻഷൻ വേദിയെ ഇളക്കിമറിച്ച പ്രകടനത്തിൽ മുഴുവൻ ആളുകൾ പങ്കെടുക്കുകയും അവരുടെ സന്തോഷങ്ങൾ പല രീതിയിൽ പങ്കിടുന്നത് കാണുബോൾ ജനം ആഗ്രഹിച്ച ഒരു തെരെഞ്ഞെടുപ്പ് ഫലമാണ് അവർക്കു ലഭിച്ചത് എന്ന് നിസംശയം പറയാമായിരുന്നു. ഫൊക്കാനയുടെ ചരിത്രത്തിൽ തന്നെ ഒരു ടീം മുഴുവനായ്തയി വിജയിക്കുന്നത് ആദ്യമായാണ് . സജിമോൻ ആന്റണി നയിച്ച ശ്രീകുമാർ ഉണ്ണിത്താൻ സെക്രട്ടറി ആയും ജോയി ചാക്കപ്പൻ ട്രഷർ ആയും ഡ്രീം ടീമിലെ മുഴുവൻ ക്യാൻഡിഡേറ്റും വിജയിച്ചപ്പോൾ ഫൊക്കാനയിൽ ജനം ആഗ്രഹിച്ച ഒരു വിജയമാണ് അവിടെ കാണാൻ കഴിഞ്ഞത്. ആ ആഹ്ളാദ പ്രകടനത്തിലും ആ സന്തോഷം നിഴലിച്ചു നിന്നു. അങ്ങനെ ഫൊക്കാന ചരിത്രത്തിന്റെ ഭാഗമായി മുന്നേറുകയാണ്.

പ്രസിഡന്റ് സജിമോൻ ആന്റണി , സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ , ട്രഷർ ജോയി ചക്കപ്പൻ, എക്സി . പ്രസിഡന്റ് പ്രവീൺ തോമസ് , വൈസ് പ്രസിഡന്റ് വിപിൻ രാജു, ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, ജോയിന്റ് ട്രഷർ ജോൺ കല്ലോലിക്കൽ, അഡിഷണൽ ജോയിന്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ള, അഡിഷണൽ ജോയിന്റ് ട്രഷർ മില്ലി ഫിലിപ്പ് , വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള,ട്രസ്റ്റീ ബോർഡു മെംബേർസ് ആയി ബിജു ജോൺ , സതീശൻ നായർ , നാഷണൽ കമ്മിറ്റി മെംബേഴ്സ് ആയ സോണി അമ്പൂക്കൻ, രാജീവ് കുമാരൻ, അഡ്വ. ലതാ മേനോൻ, ഷിബു എബ്രഹാം സാമുവേൽ,ഗ്രേസ് ജോസഫ്, അരുൺ ചാക്കോ, മേരി ഫിലിപ്പ്, മേരികുട്ടി മൈക്കിൾ , മനോജ് മാത്യു, ഡോ. ഷൈനി രാജു, മത്തായി ചാക്കോ , സിജു സെബാസ്റ്റ്യൻ , സുദീപ് നായർ , സോമൻ സക്കറിയ , ജീമോൻ വർഗീസ്, ടോജോ ജോസ്, അജിത് ചാണ്ടി , അജിത് കൊച്ചൂസ്,കെവിൻ ജോസഫ് .ജെനി ബാബു , റീജിയണൽ വൈസ് പ്രസിഡന്റ് ആയി ധീരജ് പ്രസാദ് ,ലാജി തോമസ് , ആന്റോ വർക്കി, കോശി കുരുവിള ,ഷാജി സാമുവേൽ, ബെൻ പോൾ, ലിൻഡോ ജോളി ,ജോസി കാരക്കാട്, ആസ്റ്റർ ജോർജ് എന്നിവരും ഓഡിറ്റേഴ്സ് ആയി സ്റ്റാൻലി ഇത്തൂണിക്കൽ, നിതിൻ ജോസഫ് എന്നിവരും ഡ്രീം ടീമിന്റെ ഭാഗമായി മത്സരിച്ചു വിജയികൾ ആയി.

ഡ്രീം ടീമിന്റെ വിജയത്തിന് വേണ്ടി പ്രവർത്തിച്ച എല്ലാവരോടുമുള്ള ഞങ്ങളുടെ നന്ദിയും, സ്നേഹവും, കടപ്പാടും ഹൃദയത്തിന്റെ ഭാഷയിൽ അറിയിക്കുന്നു. നിങ്ങളുടെ ആത്മാർത്ഥമായ സഹായ സഹകരണങ്ങൾക്ക് നന്ദി പറയുന്നതിനോടൊപ്പം അടുത്ത രണ്ടുവർഷത്തെ പ്രവർത്തനങ്ങളിൽ ഞങ്ങളോടൊപ്പം കാണണമേ എന്ന് വിനീതമായി അപേക്ഷിക്കുന്നു.



# പ്രവാസിയുടെ നേരും നോവും എന്ന പുസ്തകം പ്രകാശനം ചെയ്യപ്പെട്ടു




അമേരിക്കൻ പ്രവാസി എഴുത്തുകൾ എന്നതിലേക്ക് ഒതുങ്ങുന്നതല്ല കോരസൺ വർഗ്ഗീസിന്റെ 'പ്രവാസിയുടെ നേരും നോവും എന്ന പുസ്തകം' എന്ന് മുൻ അമ്പാസിഡർ ടി. പി ശ്രീനിവാസൻ. 'പ്രവാസി സാഹിത്യത്തിൽ എന്ന തലത്തിൽനിന്നും നോക്കിക്കാണാതെ മുഘ്യധാര സാഹിത്യത്തിലേക്ക് സ്ഥാനം നല്കേണ്ട പുസ്തകമാണിതെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു.

വാഷിംഗ്ടൺ ഡി. സി യിലെ ബെത്സ്ഡ മാരിയറ്റ് മോണ്ട്ഗോമേരി കൺവെൻഷൻ സെന്ററിൽവച്ചു ജൂലൈ 19 2024 നു നടത്തപ്പെട്ട ഫൊക്കാന 2024 അന്തർദേശീയ സമ്മേളനത്തിന്റെ നിറഞ്ഞ സദസ്സിൽ വച്ച് കോരസൺ വർഗ്ഗീസിന്റെ പ്രവാസിയുടെ നേരും നോവും എന്ന പുസ്തകം പ്രകാശനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ടി. പി ശ്രീനിവാസൻ പ്രമുഖ മാധ്യമപ്രവർത്തകൻ എം .വി നികേഷ് കുമാറിന് പുസ്തകം നല്കിക്കൊണ്ട് ആ മുഹൂർത്തം ധന്യമാക്കി. ടി. പി ശ്രീനിവാസൻ തന്റെ പ്രസംഗത്തിൽ കോരസൺ വർഗ്ഗീസെന്ന എഴുത്തുകാരനെയും, അദ്ദേഹത്തിന്റെ മാധ്യമപ്രവർത്തനത്തെയും, എഴുത്തുകളുടെ പ്രമേയത്തെയും, അനുവാചക ഹൃദയത്തിലേക്ക് വാക്കുകളെ കോറിയിടാനുള്ള കഴിവിനെയും സദസ്യർക്കു പരിചയപ്പെടുത്തി. ഈ പുസ്തകത്തിലെ ഓരോ ലേഖനങ്ങളും വായിയ്ക്കേണ്ടതാണെന്നും, വായനയുടെ ഒരു വിശാലമായ ലോകം തുറന്നു തരാൻ ഇതിലെ ലേഖനങ്ങൾക്ക് കഴിയും എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. താനും കോരസണും ഒരേ സമയത്ത് മലയാള മനോരമയിൽ പംക്തികൾ കൈകാര്യം ചെയ്തിരുന്നു എന്നും അന്നുമുതൽ കോരസൺന്റെ എഴുത്തുകളെ ശ്രദ്ധിച്ചിരുന്നു എന്നും ടി. പി ശ്രീനിവാസൻ പറഞ്ഞു.

പുസ്തകം ഏറ്റുവാങ്ങിക്കൊണ്ട് കോരസണുമായി ഒരു മാധ്യമ പ്രവർത്തകൻ എന്ന നിലയിലുള്ള പരിചയത്തക്കുറിച്ചും, കോരസൺന്റെ ലേഖനങ്ങളുക്കുറിച്ചും നികേഷ് കുമാർ സദസ്സിനോടു വാചാലനായി. എല്ലാ ലേഖനങ്ങളും വായിയ്ക്കാൻ കഴിഞ്ഞില്ലെങ്കിലും വായിച്ച ലേഖനങ്ങളെല്ലാം മനസ്സിലേക്ക് പടർന്നുകയറുന്ന ആഖ്യാനശൈലിയിൽ ആണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ പുസ്തകം എല്ലാവരിലേക്കും എത്തപ്പെടേണ്ടതാണെന്നും വായിക്കപ്പെടണമെന്നും നികേഷ് കുമാർ പറഞ്ഞു.




ടി. പി ശ്രീനിവാസന്റെ വാക്കുകൾ അന്വർത്ഥമാക്കുന്നതാണ് പുസ്തകത്തിന്റെ ഇതിവൃത്തം എന്ന്

ആശംസപ്രസംഗത്തിൽ എഴുത്തുകാരനായ കെ. കെ ജോൺസൺ ചൂണ്ടിക്കാണിച്ചു. താനറിയാതെ വേദനകളിലേക്കു തെന്നിവീഴുന്ന , ജീവിതവും ലോകവും പൊരുതിയും പടവെട്ടിയും തനിക്കുംകൂടി അവകാശപ്പെട്ടതാണ് എന്ന് രേഖപ്പെടുത്താൻ ശ്രമിക്കുന്ന ആത്മശക്തിയുള്ള സാധാരണക്കാരായ സ്ത്രീകൾക്കാണ് ഈ പുസ്തകം സമർപ്പിച്ചിരിക്കുന്നത്. മലയാളത്തിന്റെ കഥാകാരൻ സക്കറിയ അവതാരികയും മുൻ പ്രൊ. വൈസ് ചാൻസലർ ഡോ. കെ .എസ് .രവികുമാർ പഠനവും നടത്തിയിരിക്കുന്നു. ഗ്രീൻബുക്സ് ആണ് പുസ്തകം പ്രസിദ്ധീകരിക്കുന്നത്.

കവി മുരുകൻ കാട്ടാക്കട, കോട്ടയം എം. പി ഫ്രാൻസിസ് ജോർജ്ജ്, ഫൊക്കാന പ്രസിഡന്റ് ഡോക്ടർ ബാബു സ്റ്റീഫൻ എന്നിവരും ആശംസകൾ അർപ്പിച്ചു. ചടങ്ങിൽ കോരസൺ വർഗ്ഗീസ് എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു.

– ഉമ സജി











# ഈ നിമിഷം – അതിനേ നിലനിൽപ്പുള്ളൂ, അവിടെയാണ് സന്തോഷം: മാതാ അമൃതാനന്ദമയി

(ഇൻറ്റർവ്യൂ)



കോവിഡിനെത്തുടർന്ന് മുടങ്ങിയ സന്ദർശനം പുനരാരംഭിച്ച് മാതാ അമൃതാനന്ദമയി ദേവി അമേരിക്കയിലെ വിവിധ നഗരങ്ങളിൽ ഭക്തർക്ക് ദർശനം നൽകുന്നു. അമ്മയുടെ ഉപദേശങ്ങളിൽ മനസും ആശ്ലേഷത്തിൽ ഹൃദയവും നിറഞ്ഞ് ബാല്യത്തിന്റെ നിഷ്കളങ്കതയിലേക്കും നന്മയിലേക്കും മടങ്ങാൻ ഇന്ത്യാക്കാരും അമേരിക്കക്കാരും എല്ലായിടത്തും തടിച്ചു കൂടുന്നു.

പടിഞ്ഞാറൻ നഗരങ്ങളിൽ ആരംഭിച്ച പര്യടനം ഇപ്പോൾ വാഷിംഗ്ടൺ ഡിസിയിൽ എത്തി നിൽക്കുന്നു ജൂലൈ 25 -29; തുടർന്ന് ബോസ്റ്റൺ ജൂലൈ 31 - ഓഗസ്റ്റ് 2; ന്യൂ യോർക്ക് ഓഗസ്റ്റ് 5 -7; ചിക്കാഗോ ഓഗസ്റ്റ് 9 -11

സന്ദർശനത്തിനിടയിൽ ഇ-മലയാളിക്കും ഇൻഡ്യലൈഫിനും ഇ-മെയിൽ വഴി നൽകിയ ഇന്റർവ്യൂവിന്റെ പ്രസക്ത ഭാഗങ്ങൾ:

***അമേരിക്കയുടെ മണ്ണിലേക്ക് വീണ്ടും സ്വാഗതം. കോവിഡിന് ശേഷം ഇത് ആദ്യമായല്ലേ അമ്മ അമേരിക്ക സന്ദർശിക്കുന്നത്?***

അമ്മ: അതെ, മഹാമാരി മൂലം വിദേശ രാജ്യങ്ങളിലേക്കുള്ള യാത്ര ദുഷ്കരമായിരുന്നല്ലോ. ഈ വർഷമാണ് കുറച്ചു മാറ്റം വന്നത്. എന്നാൽ, കഴിഞ്ഞ അഞ്ച് വർഷവും ഇന്ത്യയിലെ ആശ്രമത്തിൽ പതിവ് ചര്യകൾ നിലനിർത്താൻ കഴിഞ്ഞിരുന്നു. ദൈനംദിന പരിപാടികളായ സത്സംഗം, ഭജൻ, ധ്യാനം എന്നിവ ഇന്റർനെറ്റ് വഴി ലോകമെമ്പാടുമുള്ള ഭക്തരുമായി പങ്കിടാനും സാധിച്ചു.

***കോവിഡ് മഹാമാരിക്ക് പുറമേ ഉക്രെയ്ൻ, ഗാസ തുടങ്ങിയ സ്ഥലങ്ങളിലെ യുദ്ധങ്ങളിലൂടെ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ലോകം വളരെയധികം മാറിയിട്ടുണ്ട്. ഈ വെല്ലുവിളികളെ നേരിടാൻ അമ്മ നൽകുന്ന ഉപദേശം എന്താണ്?***

അമ്മ: പുതുതായി ഒന്നും പറയാനില്ല. വ്യത്യാസങ്ങൾ പരസ്പരം അംഗീകരിക്കുകയും ആദരവോടെയും അനുകമ്പയോടെയും പെരുമാറാനും തമ്മിൽ ഐക്യത്തിന്റെ കണ്ണുകളിലൂടെ നോക്കിക്കാണാനും മനുഷ്യരാശി പഠിക്കേണ്ടതുണ്ട്. നാം ഇത് ചെയ്യുന്നതുവരെയും-നമ്മുടെ ഹൃദയത്തിൽ മറ്റുള്ളവർക്ക് ഇടം നൽകുന്നതുവരെയും -ലോകം ദുരിതം അനുഭവിച്ചുകൊണ്ടേയിരിക്കും. മഹാമാരി പോലും, പല തരത്തിൽ പ്രകൃതി മാതാവിൽ നിന്ന് നമ്മൾ സ്വയം അകന്നതിനും അവളുടെ വിഭവങ്ങൾ അതിരുകടന്ന് ചൂഷണം ചെയ്തതിനും നൽകിയ മുന്നറിയിപ്പായിരുന്നു.

ഇനി നമുക്ക് നമ്മളെ ഒറ്റപ്പെട്ട ദ്വീപുകളായി കാണാൻ കഴിയില്ല, നാമെല്ലാവരും പരസ്പരം ഒരു ചങ്ങലയുടെ കണ്ണികൾ പോലെ ബന്ധപ്പെട്ടിരിക്കുന്നു. നാലുപേർ ഒരു വലയുടെ അറ്റത്ത് പിടിക്കുമ്പോൾ അവരിൽ ഒരാൾ താൻ പിടിച്ചിരിക്കുന്ന അറ്റം കുലുക്കിയാൽ,അതിന്റെ പ്രകമ്പനം എല്ലാവർക്കും അനുഭവപ്പെടും. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും, വ്യക്തിഗതമായി ചെയ്താലും കൂട്ടമായി ചെയ്താലും, ലോകമെമ്പാടും അതിന്റെ സ്വാധീനം ഉണ്ടാകുമെന്നാണ് ഇത് കാണിക്കുന്നത്. ലോകത്തെ മികച്ച ഒരിടമായി പരിവർത്തനം ചെയ്യാൻ നമ്മൾ ആഗ്രഹിക്കുന്നുവെങ്കിൽ, മറ്റുള്ളവർ മാറുന്നതിനായി കാത്തിരിക്കുന്നത് അവസാനിപ്പിച്ച്, ആദ്യം സ്വയം മാറാൻ ഒരുങ്ങണം. അങ്ങനെ ചെയ്താൽ നമുക്ക് ചുറ്റും പരിവർത്തനം സംഭവിക്കുന്നത് കാണാം. നാം അതിന് മടിക്കുന്ന പക്ഷം, കൂടുതൽ സംഘർഷങ്ങളും

ദുരന്തങ്ങളും കാണുന്നത് തുടരുകയേ ഉള്ളൂ. ചുരുക്കിപ്പറഞ്ഞാൽ, നമ്മെയും ലോകത്തെയും മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് നമ്മൾ വെറുതെ സംസാരിച്ചിട്ട് കാര്യമില്ല. അത്തരം ചർച്ചകൾ എല്ലാം അടിയന്തിരമായി പ്രാവർത്തികമാകണം. ഇതാണ് പ്രാഥമികമായി നൽകാനുള്ള സന്ദേശം.

***അമ്മയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളെ കോവിഡ് എപ്രകാരമാണ് ബാധിച്ചത്?***

അമ്മ: കഴിഞ്ഞ അഞ്ച് വർഷമായി അധികം യാത്ര ചെയ്തിട്ടില്ലെങ്കിലും, ആശ്രമത്തിന്റെ ജീവകാരുണ്യ മാനുഷിക പരിപാടികൾക്ക് ഒരിക്കലും കുറവ് വന്നിട്ടില്ല. അത് വർദ്ധിച്ചിട്ടേയുള്ളൂ. മഹാമാരിയുടെ പ്രഭവസമയത്ത്, ആശ്രമത്തിലൂടെ 250,000-ലധികം 'പാൻഡെമിക് കിറ്റുകൾ' ആവശ്യക്കാർക്ക് വിതരണം ചെയ്തു. പഴയ സാരികൾ തുന്നിക്കെട്ടി നിർമ്മിച്ച ചാക്കുകളിൽ നിറയെ ധാന്യങ്ങളും മറ്റ് ആവശ്യവസ്തുക്കളും ഉൾപ്പെടുത്തിയാണ് കിറ്റ് തയ്യാറാക്കിയത്.

ലോക്ക്ഡൗണുകൾ മൂലമുണ്ടായതും വഷളായതുമായ മാനസിക-ആരോഗ്യ പ്രശ്നങ്ങൾ മൂലം ബുദ്ധിമുട്ടുന്ന ആളുകൾക്കായി ആശ്രമം 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കോൾ സെന്ററും ആരംഭിച്ചിരുന്നു, ആളുകളെ പ്രൊഫഷണൽ കൗൺസലർമാരുമായി ബന്ധിപ്പിക്കുന്ന തരത്തിലാണത് നടത്തിയത്. പാൻഡെമിക് ബാധിച്ചവർക്ക് ഞങ്ങൾ ആകെ 85 കോടി രൂപ (10 മില്യൺ ഡോളറിലധികം) സാമ്പത്തിക സഹായമായും നൽകി. ആശ്രമം 2022 ഓഗസ്റ്റിൽ ഫരീദാബാദിൽ 2,600 കിടക്കകളുള്ള പുതിയ അമൃത ആശുപത്രിയും തുറന്നു, അത് പ്രധാനമന്ത്രി നരേന്ദ്ര മോഡിയാണ് ഉദ്ഘാടനം ചെയ്തത്. ഇന്ത്യ നേതൃത്വം നൽകുന്ന ജി 20 യുടെ കീഴിലുള്ള സിവിൽ-20 സമിതിയുടെ അധ്യക്ഷയായി അമ്മ പ്രവർത്തിക്കണമെന്ന് പ്രധാനമന്ത്രി 2023-ൽ ആവശ്യപ്പെട്ടിരുന്നു.

കഴിഞ്ഞ സെപ്റ്റംബറിൽ നടന്ന ജി20 ഉച്ചകോടിയിൽ പ്രധാനമന്ത്രിക്ക് സാധ്യമായ ഏറ്റവും മികച്ച നയശുപാർശകൾ നടത്തുന്നതിനായി ലോകമെമ്പാടുമുള്ള ഭക്തർ സർവേകൾ നടത്തുകയും എൻജിഒകളുടെയും സിവിൽ സൊസൈറ്റികളുടെയും തലവൻമാരുമായി കൂടിക്കാഴ്ചകൾ സംഘടിപ്പിച്ചിരുന്നു.

***നമ്മുടെ ആത്മീയവും പരമ്പരാഗതവുമായ മൂല്യങ്ങൾ എങ്ങനെ നിലനിർത്താനും പ്രാവർത്തികമാക്കാനും കഴിയും?***

അമ്മ: നൂറുകണക്കിനു വർഷങ്ങൾക്ക് മുമ്പുള്ള വഴിയിലേക്ക് ലോകം തിരിച്ചുവരുമെന്ന് നാം പ്രതീക്ഷിക്കുകയാണെങ്കിൽ, നമ്മൾ നമ്മെത്തന്നെ കളിയാക്കുന്നതിന് തുല്യമായിരിക്കുമത്. ഇപ്പോഴും നിലനിൽക്കുന്ന നമ്മുടെ പാരമ്പര്യങ്ങളും മൂല്യങ്ങളും വിട്ടുകൊടുക്കരുത്. ക്ഷമ, വിനയം, സഹാനുഭൂതി, നിസ്വാർത്ഥ സേവനത്തിന്റെ മൂല്യം, ദയ, ദൈവവിശ്വാസം തുടങ്ങിയ സാർവത്രിക മൂല്യങ്ങൾ പഠിപ്പിച്ചുകൊണ്ട് മാതാപിതാക്കൾ തങ്ങളുടെ കുട്ടികളോടൊപ്പം സമയം ചെലവഴിക്കണം. എന്നാൽ, നമ്മുടെ കുട്ടികളെ അത്തരം കാര്യങ്ങൾ പഠിപ്പിക്കുന്നതിലും ഉപരിയായി ജീവിതരീതിയിൽ ആ മൂല്യങ്ങൾ പ്രകടിപ്പിച്ചുകാണിക്കുകയാണ് വേണ്ടത്. നമ്മൾ ആരായാലും എവിടെയോ ഒരാൾ നമ്മളെ റോൾ മോഡലായി കാണുന്നുണ്ട്. അടിസ്ഥാനപരമായി, മാനവിതയിലൂടെ കുറഞ്ഞ ഒരു പരിധി വരെയെങ്കിലും ആത്മീയവും ഭൗതികവുമായ അസ്തിത്വം തമ്മിലുള്ള സന്തുലിതാവസ്ഥ കണ്ടെത്താൻ ശ്രമിക്കണം.

***അമ്മയ്ക്ക് 70 വയസ്സായി എന്നത് വിശ്വസിക്കാനാവുന്നില്ല! എന്തൊക്കെയാണ് അമ്മയുടെ ഭാവി ദർശനങ്ങൾ ?***

അമ്മ: പദ്ധതികൾ ആസൂത്രണം ചെയ്യുന്നു എന്നല്ലാതെ ഭാവിയിൽ ഊന്നിക്കൊണ്ടല്ല ജീവിക്കുന്നത്. ഒരു വിളി വരുമ്പോൾ സാഹചര്യത്തിന് അനുസൃതമായി പ്രതികരിക്കുക എന്നതാണ് ശൈലി. ഏത് നിമിഷവും പൊട്ടിത്തെറിക്കാവുന്ന ഒരു നീർകുമിളയാണ് ജീവിതം. ഈ നിമിഷം മാത്രമാണ് നിലനിൽക്കുന്നത്. അതിനാൽ, ഈ നിമിഷവുമായി നമുക്ക് സൗഹൃദം സ്ഥാപിക്കാം. അങ്ങനെ ചെയ്യുമ്പോൾ, ഭാവിയെ നാം യാന്ത്രികമായി നമ്മുടെ സുഹൃത്താക്കുന്നു. നമ്മൾ സംസാരിച്ചുകൊണ്ടിരിക്കുന്ന ഈ നിമിഷം-അതിനേ നിലനിൽപ്പുള്ളൂ, അവിടെയാണ് സന്തോഷം കുടികൊള്ളുന്നത്, അവിടെയാണ് ചൈതന്യം നിലനിൽക്കുന്നത്.



# ഫോമാ അഡ്വൈസറി ബോർഡ് ചെയർ സ്ഥാനത്തേക്ക്

# ഷിനു ജോസഫ്



**ഫോമായിൽ വിവിധ തലങ്ങളിൽ മികവ് പ്രകടിപ്പിച്ച പ്രവർത്തനങ്ങൾ**

**സംഘടനയുടെ നന്മക്കായുള്ള നിലപാടുകൾ**

hanover bank



# SBA & USDA Solutions for Financing










## *Need Money for your Business?*

- ✓ Property and Business Acquisition
- ✓ Lease Hold Improvements/ Renovations
- ✓ LTC up to 90%*
- ✓ Up to 30 Year Amortization**
- ✓ Limited Pre-payment Penalties*
- ✓ Financing also for Working Capital, Equipment and Partner Buyout

**LENDING ALL ACROSS USA**

**Contact us**

**Elijiah Gray**
First SVP Managing Director SBA & USDA Banking
p: 212.277.4358
e: sbaloans@hanoverbank.com

**OR**

**Visit our location**

**Long Island**
Garden City Park
2131 Jericho Turnpike
Garden City Park, NY 11040
516.248.4868

Hauppauge
410 Motor Parkway, 3rd Floor
Hauppauge, New York 11788
631.967.5147

Mineola
80 East Jericho Turnpike
Mineola, NY 11501
516.548.8600

**Manhattan**
Chinatown
109 Bowery
New York, NY 10002
212.334.9191

Rockefeller Center
600 Fifth Avenue, 17th Floor
New York, NY 10020
646.775.4000

**New Jersey**
Freehold
4400 Route 9, Suite 2800
Freehold, NJ 07728
732.243.8300

**Queens**
Flushing Commons
138-29 39th Avenue
Flushing, NY 11354
646.828.8650

Forest Hills
71-15 Austin Street
Forest Hills, NY 11375
646.569.3600

**Brooklyn**
Sunset Park
5512 8th Avenue
Brooklyn, NY 11220
718.633.4528

For more information visit us at hanoverbank.com

**This is not an offer of credit.**

All applications are subject to the Bank's underwriting and credit approval process. Terms and conditions apply.

Member FDIC EQUAL OPPORTUNITY LENDER

*SBA 7a Loan Program **USDA B&I Loan Program
© 2024 Hanover Community Bank. All rights reserved.

04/24

# സൗത്ത് ജേഴ്സിയിലും, ബാൾട്ടിമോറിലും സീറോമലബാർ ഫാമിലി കോൺഫറൻസിന്റെ രജിസ്ട്രേഷൻ കിക്ക് ഓഫ്



**ജോസ് മാളേയ്ക്കൽ**

ഫിലാഡൽഫിയ: ജൂലൈ 21 ഞായറാഴ്ച്ച സീറോമലബാർ കത്തോലിക്കാ കോൺഗ്രസിന്റെ (എസ്. എം. സി. സി.) രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് 2024 സെപ്റ്റംബർ 27 മുതൽ 29 വരെ ദേശീയ തലത്തിൽ ഫിലാഡൽഫിയയിൽ നടക്കുന്ന സീറോമലബാർ കുടുംബസംഗമത്തിന്റെ രജിസ്ട്രേഷൻ കിക്ക് ഓഫ് സൗത്ത് ജേഴ്സി, ബാൾട്ടിമോർ എന്നിവിടങ്ങളിലെ സീറോമലബാർ ദേവാലയങ്ങളിൽ നിർവഹിക്കപ്പെട്ടു.

ബാൾട്ടിമോർ സെ. അൽഫോൻസാ ദേവാലയത്തിൽ ദിവ്യബലിക്കുശേഷം വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ കൊടിയുയർത്തിയതിനെതുടർന്ന് നടന്ന കിക്ക് ഓഫ് ചടങ്ങിൽ കൈക്കാരന്മാരായ ബാബു തോമസ്, ജോഷി വടക്കൻ, സേവ്യർ കൊനതപ്പള്ളി, ആൽവിൻ ജോയി, കോർഡിനേറ്റർ ബെറ്റിന ഷാജു, ഫാമിലി കോൺഫറൻസ് ഫിലാഡൽഫിയ ടീമംഗങ്ങളായ ജോജോ കോട്ടൂർ, ഷാജി മിറ്റത്താനി, ജോർജ് വി. ജോർജ്, വിശ്വാസിസമൂഹം എന്നിവരുടെ സാന്നിദ്ധ്യത്തിൽ വികാരി റവ. ഫാ. റോബിൻ ചാക്കോ ഫാമിലി കോൺഫറൻസ് രജിസ്ട്രേഷൻ ഉത്ഘാടനം ചെയ്തു.

സൗത്ത് ജേഴ്സി സെ. ജൂഡ് സിറോമലബാർ ദേവാലയത്തിൽ നടന്ന ഹൃസ്വമായ കിക്ക് ഓഫ് ചടങ്ങിൽ ജോണി മണവാളൻ, റോബി സേവ്യർ, കൈക്കാരൻ ജയ്സൺ കാലിയങ്കര എന്നിവരിൽനിന്നും രജിസ്ട്രേഷൻ സ്വീകരിച്ചുകൊണ്ട് വികാരി റവ. ഫാ. വിൻസന്റ് പങ്ങോല നിർവഹിച്ചു. കോൺഫറൻസ് ചെയർപേഴ്സൺ ജോർജ് മാത്യു സി.പി.എ., ജനറൽ സെക്രട്ടറി ജോസ് മാളേയ്ക്കൽ, രജിസ്ട്രേഷൻ കമ്മിറ്റി ചെയർപേഴ്സൺ സിബിച്ചൻ ചെമ്പ്ളായിൽ, റ്റിറ്റി ചെമ്പ്ളായിൽ, ത്രേസ്യാമ്മ മാത്യൂസ്, റീജിയണൽ കോർഡിനേറ്റർ അനീഷ് ജയിംസ് എന്നിവരും സംബന്ധിച്ചു. ചെയർപേഴ്സൺ ജോർജ് മാത്യു തന്റെ പ്രസംഗത്തിൽ ഇടവകയിലെ എല്ലാ വിശ്വാസികളെയും കുടുംബമേളയിലേക്ക് സ്വാഗതം ചെയ്യുകയും, എല്ലാവരും നേരത്തെതന്നെ രജിസ്റ്റർ ചെയ്യേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു.




രൂപതയുടെ നേതൃത്വത്തിൽ കൊവിഡ് മഹാമാരിക്കുശേഷം എല്ലാ സീറോമലബാർ ഇടവകകളെയും, മിഷനുകളെയും ഒന്നിപ്പിച്ച് ഫിലാഡൽഫിയയിൽ നടത്തപ്പെടുന്ന ഈ ദേശീയ കൂടുംബസംഗമം അമേരിക്കയിലെ നസ്രാണികത്തോലിക്കരുടെ ഏറ്റവും വലിയ ഒത്തു



ചേരലായിരിക്കും. സീറോമലബാർ ദേശീയകുടുംബസംഗമത്തിനും, എസ്. എം. സി. സി. രജതജൂബിലി ആഘോഷങ്ങൾക്കും, സഭാപിതാക്കന്മാരും, വൈദികരും, സന്യസ്തരും, അത്മായനേതാക്കളും, അമേരിക്കയിലെ എല്ലാ ഇടവകകളിൽനിന്നുമുള്ള കുടുംബങ്ങളും പങ്കെടുക്കും.

മൂന്നുദിവസത്തെ സമ്മേളനത്തോടനുബന്ധിച്ച് എല്ലാദിവസവും ആഘോഷമായ ദിവ്യബലി, യുവജനസമ്മേളനം, മിസ് സീറോമലബാർ മൽസരം, ലിറ്റർജിക്കൽ ക്വയർ ഫെസ്റ്റ്, വൈവിദ്ധ്യമാർന്ന കലാപരിപാടികൾ, നസ്രാണിതനിമയിലുള്ള പൈതൃകഘോഷയാത്ര, ബൈബിൾ സ്കിറ്റ്, വിവിധ വിഷയങ്ങളെ അധികരിച്ചുള്ള സെമിനാറുകൾ/ചർച്ചാസമ്മേളനങ്ങൾ, വിവാഹജീവിതത്തിന്റെ 25/50 വർഷങ്ങൾ ആഘോഷിക്കുന്ന ജൂബിലി ദമ്പതിമാരെ ആദരിക്കൽ, മതാദ്ധ്യാപകസംഗമം, ബാങ്ക്വറ്റ്, വോളിബോൾ ടൂർണമെന്റ്, ഫിലാഡൽഫിയ സിറ്റി ടൂർ എന്നിവ ക്രമീകരിച്ചിട്ടുണ്ട്.

മൂന്നുദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കാൻ ഒരാൾക്ക് ഭക്ഷണമുൾപ്പെടെ 150 ഡോളറും, നാലുപേരടങ്ങിയ ഫാമിലിക്ക് 500 ഡോളറുമാണു രജിസ്ട്രേഷൻ ഫീസ്. ദൂരസ്ഥലങ്ങളിൽനിന്നെത്തുന്നവർക്ക് താമസത്തിനു സമീപസ്ഥങ്ങളായ ഹോട്ടലുകൾ കൂടാതെ ആതിഥേയകുടുംബങ്ങളെ ക്രമീകരിക്കുന്നതിനും സംഘാടകർ ശ്രമിക്കുന്നു.

കോൺഫറൻസിൽ രജിസ്റ്റർ ചെയ്യുന്നതിന് ഓൺലൈൻ വഴിയുള്ള രജിസ്ട്രേഷൻ ആണ് ഏറ്റവും സ്വീകാര്യം. കോൺഫറൻസ് സംബന്ധിച്ച എല്ലാവിവരങ്ങളും ജൂബിലി വെബ്സൈറ്റിൽ ലഭ്യമാണ്.

വെബ്സൈറ്റ്: www.smccjubilee.org

ചിക്കാഗൊ മാർത്തോമ്മാശ്ലീഹാ കത്തീഡ്രൽ, സോമർസെറ്റ് സെ. തോമസ്, ന്യൂയോർക്ക്/ബ്രോങ്ക്സ് സെ. തോമസ് ദേവാലയങ്ങളിൽ ഇതിനോടകം നടന്ന കിക്ക് ഓഫുകളിൽ ധാരാളം കുടുംബങ്ങൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. സീറ്റുകൾ പരിമിതമായതിനാൽ താല്പര്യമുള്ളവർ എത്രയും പെട്ടെന്ന് വെബ്സൈറ്റുവഴി രജിസ്റ്റർ ചെയ്യണമെന്ന് സംഘാടകർ അറിയിക്കുന്നു. വെബ്സൈറ്റുവഴി രജിസ്റ്റർ ചെയ്തശേഷം രജിസ്ട്രേഷൻ ഫീസ് വെബ്സൈറ്റിൽ പറയുംപ്രകാരം ഓൺലൈൻ പേമന്റായോ, smcc Philadelphia എന്നപേരിൽ ചെക്കായും അയക്കാവുന്നതാണ്. രജിസ്ട്രേഷനുള്ള അവസാനതിയതി ആഗസ്റ്റ് 31.





# ഈ വിജയം നിങ്ങൾ തന്ന അംഗീകാരം: മില്ലി ഫിലിപ്പ്

പ്രവാസ ലോകത്തെ ഏറ്റവും മികച്ച മഹാ പ്രസ്ഥാനമായി പേരും പെരുമയും ആർജ്ജിച്ച ഫൊക്കാന എന്ന മഹാ പ്രസ്ഥാനത്തിന്റെ കൺവെൻഷനോടനുബന്ധിച്ചു നടന്ന ഇലക്ഷനിൽ 'അഡീഷണൽ ജോയിന്റ് ട്രഷറാറായി മത്സരിച്ച എന്നെ മാന്യമായ ഭൂരിപക്ഷം നൽകി വിജയിപ്പിച്ച എന്റെ പ്രിയപ്പെട്ട ഫൊക്കാന പ്രവർത്തകരോടും, സുഹൃത്തുക്കളോടും അഭ്യുദയകാംക്ഷികളോടുമുള്ള എന്റെ നന്ദിയും, സ്നേഹവും, കടപ്പാടും ഇത്തരുണത്തിൽ ഞാൻ അറിയിക്കട്ടെ.

വിവിധ തലങ്ങളിൽ നിരവധി സ്ഥാനമാനങ്ങൾ വഹിക്കുകയും, നിരവധി ചാരിറ്റി പദ്ധതികളുടെ പൂർത്തീകരണത്തിലൂടെ വിജയഗാഥകൾ രചിക്കുകയും ചെയ്തിട്ടുള്ള എനിക്ക് ഒരു ഇലക്ഷനെ അഭിമുഖീകരിക്കേണ്ടി വന്നത് ജീവിതത്തിൽ ഇത് ആദ്യമായിട്ടാണ്- അതും, ലോകമെമ്പാടും അറിയപ്പെടുന്ന ഫൊക്കാന എന്ന മഹാപ്രസ്ഥാനത്തിന്റെ അമരത്തെ, ഏറെ ഉത്തരവാദിത്തപ്പെട്ട ഒരു സ്ഥാനത്തേക്ക്. അത്തരമൊരു സ്ഥാനത്തേക്ക് മത്സരിച്ചു വിജയിക്കുക എന്നത് അത്ര നിസ്സാരമായ കാര്യം അല്ല എന്ന തിരിച്ചറിവോടെയായിരുന്നു ഞാൻ ഈ കന്നി അങ്കത്തിന് തയ്യാറായത്. ആ ഉദ്യമത്തിന് എല്ലാവിധ ധൈര്യവും, ഊർജ്ജവും, ശക്തിയും, ആവേശവും പകർന്നു തന്ന് എന്നെ ഒരു സ്ഥാനാർത്ഥിയാകുവാൻ പ്രാപ്തയാക്കിയത് ഞാൻ പ്രതിനിധാനം ചെയ്യുന്ന മലയാളി അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഫിലാഡൽഫിയ എന്ന അഭിമാന സംഘടനയാണ്. അവിടെ നിന്നുമാണ് നന്മകൾനിറഞ്ഞ സാമൂഹിക പ്രവർത്തനങ്ങളുടെ ബാലപാഠങ്ങൾ ഞാൻ അഭ്യസിച്ചതും വളർന്നതും. മാപ്പ് കുടുംബത്തിൽനിന്നും എനിക്ക് ലഭിച്ച പിന്തുണയും കരുതലും എന്റെ വിജയത്തിന്റെ പ്രധാന ഘടകങ്ങളിൽ ഒന്നാണ്. മാപ് വുമൺ ഫോറം ചെയർ എന്ന നിലയിലും, എന്റെ വ്യക്തിപരമായ നിലയിലും മാപ് കുടുംബത്തോടും, ഭരണ സമിതിയോടുമുള്ള നന്ദിയും, സ്നേഹവും അറിയിക്കുന്നു. ഒപ്പം, ഫിലഡൽഫിയയിലെ സഹോദര സംഘടനകളായ ഫിലാഡൽഫിയ മലയാളീ അസോസിയേഷൻ , എക്സ് ടോൺ മലയാളീ അസോസിയേഷൻ എന്നിവരോടും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു .

ഫൊക്കാന എന്ന പ്രസ്ഥാനത്തെ കൂടുതൽ ഉന്നതിയിൽ എത്തിക്കുവാൻ പ്രാപ്തനായ ദീർഘവീക്ഷണമുള്ള, പ്രതിഭാധനനായ ഡോക്ടർ, സജിമോൻ ആന്റണി നേതൃത്വം നൽകിയ ഡ്രീം ടീമിനൊപ്പം ഭാഗവാക്കാകുകയും, വിജയി ആവുകയും ചെയ്തത് എന്റെ പൊതുപ്രവർത്തന രംഗത്തെ മഹാഭാഗ്യമായി ഞാൻ കരുതുന്നു. അതിന് വഴിയൊരുക്കിയ ഫൊക്കാന പ്രവർത്തകർക്കും, ഡെലിഗേറ്റുകൾക്കും, മറ്റ് സഹപ്രവർത്തകർക്കും, സുഹൃത്തുക്കൾക്കും നന്ദിയുടെ പൂച്ചെണ്ടുകൾ.

എന്നോടുള്ള അചഞ്ചലമായ വിശ്വാസത്തിന്റെ പ്രതിഫലനം മികച്ച വോട്ടുകളായി ഒഴികിയെത്തി വിജയപഥത്തിലെത്തിയ ഞാൻ, പ്രവാസ ലോകത്തെ ഫൊക്കാന എന്ന ഈ അഭിമാന നൗകയിൽ സജിമോൻ ആന്റണിക്കും, മറ്റ് മികച്ച ടീമിനുമൊപ്പം ചേർന്ന് അടുത്ത രണ്ടുവർഷക്കാലം ജനോപകാരപ്രദമായ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുവാൻ എന്റെ കഴിവിന്റെ പരമാവധി ശ്രമിക്കുമെന്ന് നിങ്ങൾക്ക് ഉറപ്പു തന്നുകൊണ്ട്, എന്നെ വിജയ കിരീടമണിയിച്ച ഓരോ സുമനസ്സുകൾക്കും നന്ദിയുടെയും സ്നേഹത്തിന്റെയും, കടപ്പാടിന്റെയും വാടാമലരുകൾ വീണ്ടും വീണ്ടും അർപ്പിച്ചുകൊണ്ട്.. .. ഭാവിയിലും നിങ്ങളുടെ ഏവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട്..

സ്നേഹപൂർവ്വം, നിങ്ങളുടെ..
മില്ലി ഫിലിപ്പ്




ഫോമാ നാടകോത്സവം
മികച്ച നടൻ
സണ്ണി കല്ലൂപ്പാറ
ഫോമാ
പ്രവർത്തനങ്ങളിൽ മാത്രമല്ല
കലയിലും
ഒന്നാമൻ!!
ഫോമാ
വൈസ് പ്രസിഡന്റ്
സ്ഥാനാർത്ഥി
പ്രവർത്തന
മികവിന്
ഒരു വോട്ട്
SUNNY P NINAN
SUNNY KALLOOPPARA
FOMAA TEAM 2024-2026
THOMAS T OOMMEN
PRESIDENT
SAMUEL MATHAI
GENERAL SECRETARY
DR. PRINCE NECHIKAT DBA
JOINT SECRETARY
BINOOB SREEDHARAN
TREASURER
AMBILY SAJIMON
JOINT TREASURER

# ജീവകാരുണ്യ ദേവൻ വിദ്യാധിരാജ ചട്ടമ്പി സ്വാമികൾ

**സുരേന്ദ്രൻ നായർ**

കേരളത്തിന്റെ സാമൂഹ്യ പരിഷ്കരണങ്ങൾക്ക് നവോഥാനത്തിന്റെ നവോന്മേഷം പകർന്ന നായകന്മാരിൽ പ്രമുഖനായ വിദ്യാധിരാജ ചട്ടമ്പി സ്വാമികളുടെ ഒരു വർഷം നീണ്ടുനിന്ന സമാധി ശതാബ്ദി ആഘോ ഷങ്ങൾസമാപിച്ചത് ഇക്കഴിഞ്ഞ മെയ് എട്ടിനാണ്. കേരളീയ സമൂഹത്തെയും ഹൈന്ദവ വിശ്വാസങ്ങളെയും ഗ്രസിച്ചിരുന്ന അന്ധവിശ്വാസങ്ങളെയും പൗരോഹിത്യ ശാസനകളെയും വെല്ലുവിളിച്ചുകൊണ്ട് വൻപിച്ചൊരു ചിന്താവിപ്ലവത്തിനു തുടക്കം കുറിച്ച സ്വാമികളുടെ വാദങ്ങളെയും ദർശനങ്ങളെയും ആധുനിക രാഷ്ട്രീയ നേതാക്കളും സങ്കുചിത സാമുദായിക വാദികളും ബോധപൂർവ്വം തമസ്കരിക്കുമ്പോൾ അതൊരു ചരിത്ര നിഷേധമാണെന്ന ഉത്തമ ബോധ്യത്തിൽ രൂപം കൊണ്ട വിദ്യാധിരാജ ഇന്റർനാഷണൽ എന്ന സംഘടനയാണ് സമാധി ശതാബ്ദിയും അതിനോടനുബന്ധിച്ചുള്ള പൂർണ്ണകായ പ്രതിമ അനാച്ഛാദനവും സാധ്യമാക്കിയത്.

ആലപ്പുഴ ജില്ലയിലെ കാമ്പിശ്ശേരി ഗ്രാമത്തിൽ വള്ളികുന്നം എന്ന പ്രശാന്ത സുന്ദരമായ ദേശത്തു പതിനഞ്ചടി ഉയരമുള്ള മണ്ഡപത്തിനു മുകളിൽ ഇരുപത്തഞ്ചടി പൊക്കത്തിൽ പണിതീർത്തിരിക്കുന്ന പ്രതിമ സ്വാമിയുടെ ഏറ്റവും വലുപ്പമേറിയ സ്മാരക ചിഹ്നമാണ്. കേരളത്തിന്റെ സാംസ്കാരിക വൈജ്ഞാനിക മണ്ഡലത്തിൽ അദ്ദേഹം ഉയർത്തിയ വിപ്ലവാത്മകമായ ചോദ്യങ്ങളും പ്രാമാണിക പ്രബോധനങ്ങളുമാണ് പ്രതീകാത്മകമായ ആ പ്രതിമയുടെ വീണ്ടും പുനർജനിച്ചിരിക്കുന്നത്.

യുക്തിക്കും ചിന്തക്കും വിലക്ക് കല്പിച്ച സനാതന സങ്കൽപ്പത്തെ വികലമാക്കുന്ന പരശുരാമ കഥയേയും കേരളോത്പത്തിയെയും പിച്ചിച്ചീന്തി പ്രാചീന മലയാളം എന്ന പുസ്തകം രചിച്ച ചട്ടമ്പി കാഷായം ധരിക്കാതെ ആശ്രമം സ്ഥാപിക്കാതെ പരിവ്രാജകനായി നാടുകൾ തോറും സഞ്ചരിച്ചു സാമാന്യ ജനത്തെ ചിന്തിക്കാനും ചോദ്യം ചെയ്യാനും പ്രേരിപ്പിച്ച സന്യാസി വര്യനായിരുന്നു. ബ്രാഹ്മണാധിപത്യം ഉറപ്പിക്കാൻ സംസ്കൃത ഭാഷയുടെയും വേദ പഠനത്തിന്റെയും സമ്പൂർണ്ണ കുത്തക ഒസ്യത്തായി കൊണ്ടു നടന്ന വരേണ്യ വർഗ്ഗത്തെ വെല്ലുവിളിച്ചുകൊണ്ട് ആദിഭാഷയും വേദാധികാര നിരൂപണവും എഴുതിയ സ്വാമികൾ അഭിനവ രാഷ്ട്രീയ നവോഥാന നായകരുടെ പട്ടികയിൽ ഒതുങ്ങുന്ന ആളല്ല.


അസാമാന്യ ആദ്ധ്യാത്മിക തേജസ്സും ആദിശങ്കരന്റെ അദ്വൈത ദർശനത്തിന്റെ അകത്തളങ്ങൾ കണ്ടെത്തിയ സത്യാന്വേഷിയുമായിരുന്ന ചട്ടമ്പി സ്വാമിയുടെ മഹത്വം തിരിച്ചറിഞ്ഞു ആദരിച്ച മഹാ പ്രതിഭകളായിരുന്നു സ്വാമി വിവേകാനന്ദനും ശ്രീ നാരായണ ഗുരുവും തൈക്കാട്ട് അയ്യാസ്വാമിയും.

ധർമ്മച്യുതിയും വിദ്വേഷ പ്രചാരണങ്ങളും പിടിമുറുക്കുന്ന ആധുനിക സമൂഹത്തിൽ മാനവികതയുടെയും സഹജീവി സൗഹാർദ്ദത്തിന്റെയും സന്ദേശങ്ങൾ തിരിച്ചുപിടിക്കാൻ നടക്കുന്ന ഇത്തരം പ്രവർത്തനങ്ങളാണ് ലോകത്തു നന്മകൾ അവശേഷിപ്പിക്കുന്നത്. വിദ്യാധിരാജ ഇന്റർ നാഷണൽ എന്ന അന്തർ ദേശിയ കൂട്ടായ്മക്ക് നേതൃത്വം നൽകുന്നത് പ്രസിഡന്റ് ഡോ: ഡി.എം. വാസുദേവൻ ജനറൽ സെക്രട്ടറി പെരുമുറ്റം രാധാകൃഷ്ണൻ അമേരിക്കയിൽ നിന്നും ഗോപിനാഥൻ പിള്ള തുടങ്ങിയ ഒരു സംഘം നേതാക്കളും മുഖ്യ രക്ഷാധികാരിയായ ജസ്റ്റിസ് ഹരിഹരൻ നായരുമാണ്.




One Voice * One Team * Team FOMAA
Please Elect
DR.PRINCE
NECHIKAT DBA
(Doctor of Business Administration)
For FOMAA
Joint Secretary
2024-26
408 829-9779
Endorsed by
MANCA & SARGAM
Dr.Prince Nechikat & Ancy Nechikat
at Popes residence (Santa Martha - Italy)
Andrew Card : White House
Chief of Staff 2002 & Dr. Prince Nechikat
Tom Delay : House Majority
Whip & Dr.Prince Nechikat
* Business Advisory Co-chair 2002 ( NRCC – Wahington DC in 2002)
***FOMAA Western Region Vice President (Current) As Western Region RVP initiated Multi-Region Zoom Meetings. Out of 12 Regions we Got up to 9 Regions together for successful Zoom Meetings.
***MANCA Secretary (current)
* FOMAA National Committee Member: 2020 -22
* FOMAA By-Law Committee Coordinator 2020 -22
* 2018 FOMAA 6Th International Chicago Family Convention Committee
Prince Realty
& Finance Inc.
www.ReoPrince.com
https://princenechikat.zipforhome.com
Dr.Prince Nechikat DBA
DRE#01784180/01412136
NMLS#391705 / 361508
Ancy Prince Nechikat
DRE#01752199
Angel Prince Nechikat
DRE# 02192951
One Stop Solution for all Real Estate Needs
(New Builder, Residental & Commercial Purchases)
No Cost/No Fee/ No Point Loan (Option)
Discounted Listing & Purchase
408 829-9779
www.ReoPrince.com
https://princenechikat.zipforhome.com/
FOMAA
WESTERN REGION

# പ്രൊഫ: കോശി തലക്കൽ: സാഹിത്യ ആചാര്യൻ, വ്യത്യസ്ഥ കർമ്മ രംഗങ്ങളിൽ പ്രതിഭ



**ഫൊക്കാന സാഹിത്യ ആചാര്യ പുരസ്കാരം നേടിയ പ്രൊഫ. കോശി തലയ്ക്കൽ ബഹുമുഖ പ്രതിഭയാണ്. മലയാളം അധ്യാപകൻ, എഴുത്തുകാരൻ, രാഷ്ട്രീയ നേതാവ്, തുടങ്ങി വ്യത്യസ്ഥ കർമ്മ രംഗങ്ങളിൽ നേട്ടങ്ങൾ കൈവരിച്ച പ്രതിഭ.**

**പള്ളി, ബഡവാഗ്നി (നോവലുകൾ), വെളിച്ചം ഉറങ്ങുന്ന പാതകൾ (ചെറുകഥകൾ), ഡിങ്–ഡോങ്, മൈനയും മാലാഖയും (ബാലസാഹിത്യം), ക്രിസ്മസ്കരൾ (വിവർത്തനം), കാലാന്തരം (കവിതകൾ), ആത്മസങ്കീർത്തനം (ഗാനങ്ങൾ), പ്രശാന്തയാമങ്ങൾ (ലേഖനം), ഗാനങ്ങളുടെ കദനവഴികൾ കഥാവഴികൾ (അനുഭവങ്ങൾ), കഥപറയുന്ന കീർത്തനങ്ങൾ (കീർത്തനചരിത്രം), ആത്മീയബിന്ദുക്കൾ (ലേഖനം), പഞ്ചവർണ്ണ കഥകൾ (കഥകൾ), കുരിശിലെ മൊഴികൾ (ലേഖനം) എന്നിവയാണ് കൃതികൾ.**

emalayalee.com

ചോദ്യം: ഫൊക്കാനയുടെ സാഹിത്യ ആചാര്യ പുരസ്കാരത്തിന് അർഹനായതിനെക്കുറിച്ചുള്ള സന്തോഷം പങ്കുവയ്ക്കാമോ? ഒപ്പം സാഹിത്യത്തിലേയ്ക്ക് വന്ന വഴികളെപ്പറ്റിയും?

1996–ലാണ് ഞാൻ അമേരിക്കയിൽ എത്തുന്നത്. അന്ന് മുതൽ ഫൊക്കാനയുടെ വിവിധ പരിപാടികളിൽ പങ്കെടുക്കുകയും, സെമിനാറുകൾക്ക് നേതൃത്വം കൊടുക്കുകയും, പേപ്പറുകൾ പ്രസന്റ് ചെയ്യുകയുമെല്ലാം ചെയ്തിട്ടുണ്ട്. കഴിഞ്ഞ് മൂന്നുനാല് വർഷമായി ഫൊക്കാനയുടെ സാഹിത്യമത്സരത്തിന്റെ ജഡ്ജിങ് കമ്മിറ്റി ചെയർമാനായും പ്രവർത്തിക്കുന്നു. ഒപ്പം ഇവിടുത്തെ പ്രസിദ്ധീകരണങ്ങളിലും സ്ഥിരമായി എഴുതുന്നുണ്ട്. കേരളത്തിലായിരിക്കുമ്പോൾ 1962 മുതൽ എഴുതിത്തുടങ്ങിയ ആളാണ് ഞാൻ. അന്ന് കൂടെയുണ്ടായിരുന്ന പലരും പിന്നീട് വലിയ സാഹിത്യകാരന്മാരായപ്പോൾ ഞാൻ ഇടയ്ക്ക് രാഷ്ട്രീയത്തിൽ



ശ്രദ്ധ പതിപ്പിച്ചതിലൂടെ കുറേ കാലം എഴുത്തിന് കാര്യമായ തുടർച്ച സംഭവിച്ചില്ല. മാവേലിക്കര ബിഷപ് മൂർ കോളജിൽ മലയാളം പ്രൊഫസറായാണ് ജോലി ഞാൻ ചെയ്തിരുന്നത്. ഭാഷാപോഷിണി അടക്കമുള്ള മാസികകളിൽ കഥകളും കവിതകളും എഴുതുമായിരുന്നു. 20-ഓളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. അതിന്റെയെല്ലാം വെളിച്ചത്തിലാണ് ഇപ്പോൾ ഫൊക്കാനയുടെ സാഹിത്യ ആചാര്യ അവാർഡ് ലഭിച്ചതെന്നാണ് ഞാൻ കരുതുന്നത്. ഒപ്പം അമേരിക്കയിലെ മലയാളികളുടെ സാഹിത്യസംഘടനയായ ലാനയിലും വർഷങ്ങളായി സജീവമാണ്. ഇതിലൂടെയെല്ലാം ഒരു ഗുരു എന്ന നിലയ്ക്ക് എനിക്ക് ലഭിച്ച അംഗീകരമായാണ് ഈ അവാർഡിനെ കാണുന്നത്.



ചോദ്യം: അമേരിക്കയിലേയ്ക്ക് കുടിയേറാനുണ്ടായ സാഹചര്യം എന്തായിരുന്നു?

റിട്ടയർമെന്റിന് മൂന്ന് വർഷം ബാക്കി നിൽക്കുമ്പോഴാണ് ഞാൻ അമേരിക്കയിൽ എത്തുന്നത്. ഭാര്യയുടെ സഹോദരി സ്പോൺസർ ചെയ്ത പ്രകാരം ഇവിടെയെത്തിയ ഞാനും ഭാര്യയും, പിന്നീട് ഇവിടെ സ്ഥിരമാകുകയായിരുന്നു.

ചോദ്യം: അമേരിക്കയിൽ എത്തിയതിന് ശേഷമായിരുന്നോ കൂടുതലായും സാഹിത്യപ്രവർത്തനങ്ങൾ ആരംഭിച്ചത്?

ചോദ്യം: ഇവിടെ വന്നതിന് ശേഷമാണ് വായന കൂടുതലായി നടന്നത്. പ്രത്യേകിച്ചും ഒരുകാലത്ത് വായിക്കണം എന്ന് ആഗ്രഹിച്ചിരുന്ന ഇംഗ്ലീഷ് പുസ്തകങ്ങൾ. അങ്ങനെ വിശ്വസാഹിത്യത്തോട് കൂടുതലായി ഒരു അടുപ്പം രൂപപ്പെട്ടു. ശേഷം ധാരാളമായി എഴുതാനാരംഭിച്ചു.

ചോദ്യം: കേരളത്തിലുണ്ടായിരുന്നപ്പോൾ രാഷ്ട്രീയപ്രവർത്തനത്തിൽ ഏർപ്പെട്ടതായി സൂചിപ്പിച്ചല്ലോ. എങ്ങനെയായിരുന്നു പ്രവർത്തനങ്ങൾ?

ആദ്യകാലത്ത് കോൺഗ്രസ് പാർട്ടിയിലായിരുന്നു പ്രവർത്തിച്ചിരുന്നത്. പിന്നീട് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിൽ പ്രതിഷേധിച്ച് ചന്ദ്രശേഖർ, ജഗ്ജീവൻ റാം മുതലായവർ കോൺഗ്രസിൽ നിന്നും രാജിവച്ചപ്പോൾ, ആ ഗ്രൂപ്പിനോട് ചായ്വുണ്ടായിരുന്ന ഞാനും രാജിവയ്ക്കുകയും, പിന്നീട് ജനതാ പാർട്ടി രൂപം കൊണ്ടപ്പോൾ അതിന്റെ ആലപ്പുഴ ജില്ലാ സെക്രട്ടറിയാകുകയും ചെയ്തു. ജനത പിളർന്നപ്പോൾ കമലം ജനത വിഭാഗത്തിന്റെ ജില്ലാ പ്രസിഡന്റായി. അവസാനം ഞങ്ങൾ പ്രവർത്തകരെല്ലാം തിരികെ കോൺഗ്രസിലേയ്ക്ക് വരാൻ തീരുമാനിക്കുകയും, തിരുവനന്തപുരത്ത് വച്ച് നടന്ന സമ്മേളനത്തിൽ ആ ആവശ്യമുന്നയിച്ചുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് കോൺഗ്രസിൽ തിരിച്ചെത്തുകയായിരുന്നു. അന്ന് യുഡിഎഫ് കൺവീനറായിരുന്ന ഉമ്മൻ ചാണ്ടി എന്നെ ഡിസിസി എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുകയുമുണ്ടായി. വൈകാതെ തന്നെ അമേരിക്കയിലേയ്ക്ക് പോകേണ്ടതായി വന്നതോടെ സജീവ രാഷ്ട്രീയ പ്രവർത്തനം ഉപേക്ഷിക്കുകയായിരുന്നു.

ചോദ്യം: ചെറുപ്പത്തിൽ സാഹിത്യവുമായി അടുത്തത് എങ്ങനെയാണ്?

1962-ൽ കോളജിൽ ബിഎ സെക്കൻഡ് ഇയറിന് പഠിക്കുമ്പോഴാണ് ആദ്യത്തെ കൃതി പ്രസിദ്ധീകരിച്ചുവരുന്നത്. 'കേരള ഭൂഷണം' എന്ന പത്രത്തിന്റെ വാരാന്ത്യപ്പതിപ്പിലെ ഒരു കവിതയായിരുന്ന അത്. പിന്നീട് നിരന്തരം ആ കാലഘട്ടത്തിലെ മാതൃഭൂമി, ജനയുഗം, മനോരമ, കേരളധ്വനി ഉൾപ്പെടെയുള്ള പത്രങ്ങളിലെ വാരാന്ത്യപ്പതിപ്പുകളിൽ കവിതയും അതിന് പുറമെ കഥകൾ, പുസ്തക നിരൂപണങ്ങൾ എന്നിവയും എഴുതാനാരംഭിച്ചു. പിന്നീട് എംഎയ്ക്ക് പഠിക്കുമ്പോഴും അത് തുടർന്നു. പ്രശസ്ത എഴുത്തുകാരനും, നടനുമായിരുന്ന കാമ്പിശ്ശേരി കരുണാകരൻ ജനയുഗത്തിന്റെ എഡിറ്ററായിരുന്ന കാലത്ത് 'മലയാള ചെറുകഥകളുടെ പുതിയ പ്രവണതകൾ' എന്ന പേരിൽ എന്റേതടക്കം അഞ്ച് കഥകൾ ജനയുഗത്തിന്റെ ഒരു പ്രത്യേക പതിപ്പായി ഇറക്കിയിരുന്നു. 'കുർബാന' എന്നായിരുന്നു എന്റെ കഥയുടെ പേര്. വ്യവസായവിപ്ലവത്തിന് ശേഷം ലോകമെങ്ങും ആളുകൾ തൊഴിൽ ലഭിച്ച് തിരക്കേറിയവരായി മാറിയപ്പോൾ ട്രെയിനിലും മറ്റുമുള്ള യാത്രയ്ക്കിടെ വായിക്കാൻ തക്കവണ്ണം വളരെ ചെറിയ കഥകളെഴുതുന്ന 'വൺ മിനിറ്റ് സ്റ്റോറീസ്' എന്ന ഒരു പ്രസ്ഥാനം ഇംഗ്ലിഷ് ഭാഷയിൽ രൂപപ്പെട്ടിരുന്നു. മലയാളത്തിന് അന്ന് അപരിചിതമായിരുന്ന ആ രീതിയിലുള്ള ഒരു കഥയായിരുന്നു 'കുർബാന.' അത്തരം ഏറെ കഥകൾ പിന്നീടും എഴുതി. പക്ഷേ രാഷ്ട്രീയത്തിൽ സജീവമായപ്പോൾ എഴുത്ത് നിലച്ചു. സമയം കിട്ടുമ്പോൾ എഴുതുക എന്ന നിലയിലേയ്ക്ക് വന്നപ്പോൾ തുടർച്ചയായി എഴുതുന്ന ഒരാളല്ലാതായി ഞാൻ മാറി.

എഴുത്തിന് പുറമെ 1974 കാലത്ത് 'റിബൽസ് മാവേലിക്കര' എന്ന നാടകട്രൂപ്പിന്റെ 'തമസോമാ' എന്ന നാടകത്തിലും അഭിനയിച്ചിരുന്നു. അന്ന് പ്രശസ്ത നടനായ സോമൻ, പങ്കജവല്ലി മുതലായവരെല്ലാം സഹഅഭിനേതാക്കളുമായിരുന്നു. 1975-ലെ അഖിലകേരള നാടകമത്സരത്തിൽ മികച്ച നടനായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തെങ്കിലും അഭിനയം പിന്നീട് മുന്നോട്ടുകൊണ്ടുപോയില്ല.

ചോദ്യം: ക്രിസ്തീയ ഭക്തിഗാനങ്ങൾ എഴുതാനാരംഭിച്ചത് എങ്ങനെയാണ്?

1983-84 കാലഘട്ടത്തിലാണ് ക്രിസ്തീയ ഭക്തിഗാനങ്ങൾ എഴുതാനാരംഭിച്ചത്. സംഗീതം പഠിക്കുകയോ, ഏതെങ്കിലും സംഗീതോപകരണം വായിക്കാനറിയുകയോ ചെയ്യാത്ത എനിക്ക് ഭക്തിമാർഗ്ഗത്തിലേയ്ക്ക് തിരിഞ്ഞപ്പോൾ സ്വാഭാവികമായി ഒരു

സമ്മാനം പോലെ ദൈവം തന്ന കഴിവാണ് ഭക്തിഗാന രചന. കോളജ് പഠനകാലത്ത് പാടുകയും, ബെസ്റ്റ് വോയ്സ് എന്ന നിലയ്ക്ക് പ്രശംസിക്കപ്പെടുകയും ചെയ്തതായിരുന്നു കൈമുതൽ. കവിതാരചനയുടെ പശ്ചാത്തലവും ഗാനരചനയിൽ സഹായിച്ചു. പ്രാദേശികമായ ചില നാടകങ്ങൾക്ക് വേണ്ടി ഒന്നോ രണ്ടോ ഗാനങ്ങൾ മനപ്പൂർവ്വം എഴുതിയിരുന്നെങ്കിലും, ഭക്തിഗാനരചന മനപ്പൂർവ്വം ചെയ്യുകയായിരുന്നില്ല. ഇതുവരെ എഴുതിയ 200-ലധികം ഭക്തിഗാനങ്ങളുടെയെല്ലാം വരികളും, സംഗീതവും ഞാൻ തന്നെയാണ് ചിട്ടപ്പെടുത്തിയത്. അതിൽ 20-ഓളം എണ്ണം വലിയ രീതിയിൽ ജനപ്രീതി നേടുകയും ചെയ്തു. ഒരിക്കൽപ്പോലും ഒരു ഗാനത്തിന്റെ ഈണം മറ്റൊരു ഗാനത്തിൽ ആവർത്തിച്ചിട്ടില്ല. ഇതെല്ലാം ദൈവം തന്ന അനുഗ്രഹമായാണ് കരുതുന്നത്. അതിനാൽത്തന്നെ ഞാനൊരു പാട്ടെഴുത്തുകാരനല്ല, കേട്ടെഴുത്തുകാരനാണെന്ന് സ്വയം പറയാറുണ്ട്. ദൈവം പാടിത്തരുന്നു, ഞാൻ കേട്ടെഴുതുന്നു. ബൈബിളിൽ പറയും പോലെ ദൈവം മോശയ്ക്ക് ഒരു പാട്ട് പറഞ്ഞുകൊടുക്കുകയും, അത് മോശ എഴുതിയെടുത്ത് ഇസ്രായേൽ മക്കളെ പഠിപ്പിക്കുകയും ചെയ്തത് പോലെ. എല്ലാ കലകളുടെയും ആധാരം ദൈവമാണ്.

ചോദ്യം: സമകാലിക മലയാള സാഹിത്യത്തിൽ എഴുത്തുകാർക്ക് പ്രാധാന്യം കുറയുന്നതായി തോന്നുന്നുണ്ടോ? മുമ്പുണ്ടായിരുന്ന എഴുത്തുകാർക്ക് ലഭിച്ചിരുന്ന ബഹുമാനം ഇന്നത്തെ എഴുത്തുകാർക്ക് ലഭിക്കുന്നുണ്ടോ?

ഞങ്ങളൊക്കെ യുവാക്കളായിരുന്ന കാലത്തെ എഴുത്തുകാർ എംടി, മുകുന്ദൻ, കാക്കനാടൻ തുടങ്ങിയവരായിരുന്നു. അവരുടെ കൃതികൾ വായിച്ച് അവരോടെല്ലാം ഉണ്ടായിരുന്നത് ഒരുതരം വീരാരാധന ആയിരുന്നു. ഇന്നും എംടിയെ പോലെയുള്ളവരോടുള്ള ആ ആരാധന കേരളം കാത്തുസൂക്ഷിക്കുന്നുണ്ട്. എന്നാൽ മുകുന്ദനെ പോലുള്ളവരോട് ഇന്നത്തെ സമൂഹത്തിന് അത്തരമൊരു ആദരവ് ഉണ്ടെന്ന് തോന്നുന്നില്ല. അതിനുള്ള കാരണം ഇന്നത്തെ മലയാള സാഹിത്യം പല കള്ളികളിലേയ്ക്ക് ഒതുങ്ങിപ്പോയിരിക്കുന്നു. ഏതെങ്കിലും ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയെ അനുകൂലിക്കുന്ന സാഹിത്യകാരന്മാർ വരുമ്പോൾ ഇതര രാഷ്ട്രീയത്തിൽ പെട്ടവർ അവരെ അംഗീകരിക്കാനും, ആദരിക്കാനും തയ്യാറാകുന്നില്ല. ഓരോ രാഷ്ട്രീയ പാർട്ടിയെയും പിന്തുണയ്ക്കുന്ന സാഹിത്യകാരന്മാരോടും സമൂഹത്തിനുള്ള മനോഭാവം വ്യത്യസ്തമാണ്. മലയാള സാഹിത്യത്തിലെ വലിയ ഒരു അപചയമാണിത്. സർവ്വാദരം കിട്ടുന്ന സാഹിത്യകാരന്മാർ ഇന്നില്ല. എംടി, ടി. പദ്മനാഭൻ പോലുള്ളവർ മാത്രമാണ് അക്കാര്യത്തിൽ ഇന്നും വ്യത്യസ്തരായി നിൽക്കുന്നത്.

ചോദ്യം: മലയാളത്തിലെ പുതിയ തലമുറ എഴുത്തുകാരെ എങ്ങനെ വിലയിരുത്തുന്നു?

മലയാളത്തിലെ പുതിയ എഴുത്തുകാരെയെല്ലാം ഞാൻ വായിക്കാറുണ്ട്. എന്നാൽ അവർക്കൊന്നും തന്നെ സ്വന്തമായി ഒരു സ്വത്വം ഉള്ളതായി തോന്നുന്നില്ല. ഇന്നത്തെ ചെറുകഥകളെ പറ്റി പറയുകയാണെങ്കിൽ എല്ലാവർക്കും ഒരേ ശൈലിയാണ്. പണ്ട് നമ്മൾ എംടിയുടെ ഒരു കഥ വായിച്ചാൽ, അതിൽ പേര് അച്ചടിച്ചിട്ടില്ലെങ്കിൽ പോലും എഴുതിയത് എംടിയാണെന്ന് മനസിലാക്കാൻ സാധിക്കുമായിരുന്നു. കാരൂരിന്റെയും, കാക്കനാടന്റെയും, മുകുന്ദന്റെയും കഥകളും അങ്ങനെ തന്നെ. പക്ഷേ ഇന്ന് അങ്ങനെ പറയാൻ സാധിക്കുന്ന വണ്ണം എഴുതുന്ന ഒരു സാഹിത്യകാരൻ പോലുമില്ല. ഈ എഴുത്തുകാർ സ്വത്വം ഉണ്ടാക്കാനാണ് ശ്രമിക്കുന്നതെങ്കിലും അതിന് സാധിക്കുന്നില്ല. ഒരേ അച്ചിലൂടെ വാർത്തു വരുന്ന, ഒരേ ഭാഷയിലുള്ള രചനകളായി അവ മാറുകയാണ്. അമേരിക്കയിലെ പുതിയ മലയാളം കഥാകൃത്തുക്കളുടെയും കവികളുടെയും സ്ഥിതിയും വ്യത്യസ്തമല്ല. ഒരേ അച്ചിൽ വാർത്ത പോലുള്ള ബിംബങ്ങൾ, ഭാഷാപ്രയോഗങ്ങൾ, ലൈംഗികത എന്നിവയെല്ലാം ചേർത്തുവരുന്ന വ്യത്യസ്തതയില്ലാത്ത, ആരുടേതാണെന്ന് പറയാൻ സാധിക്കാത്തവിധം വ്യക്തിസ്വരൂപം നഷ്ടപ്പെട്ട കഥകളും കവിതകളുമാണ് പൊതുവെ ഇന്നുള്ളത്.



ചോദ്യം: കവിതകളുടെ കാര്യം പറയുമ്പോൾ താളാത്മകമായ കവിതകളും, താളമില്ലാത്ത ഗദ്യം പോലെയുള്ള കവിതകളും ഉണ്ട്. ഇതിൽ ഏതിനെയാണ് അങ്ങ് പിന്തുണയ്ക്കുന്നത്?

ആദ്യ കാലത്ത് വൃത്തത്തിൽ ആണ് ഞാൻ കവിതകൾ എഴുതിത്തുടങ്ങിയത്. പിന്നീട് 1970-കളുടെ അവസാനമായപ്പോഴാണ് അയ്യപ്പപ്പണിക്കർ, കക്കാട് എന്നിവരെ പോലെയുള്ളവർ ഗദ്യ രൂപത്തിലുള്ള കവിതകൾ എഴുതുന്ന പ്രവണത ആരംഭിച്ചത്. ആ വഴി ഞാനും പിന്തുടർന്നിരുന്നു. സംസ്കൃതവൃത്തത്തിലും, മലയാളത്തിലെ ദ്രാവിഡ വൃത്തത്തിലും ഞാൻ കവിതകൾ എഴുതിയിട്ടുണ്ട്. പിന്നെ വൃത്തരഹിതമായ കവിതകളും എഴുതിയിട്ടുണ്ട്. ഭാഷാപോഷിണിയിൽ വന്നിട്ടുള്ള എന്റെ കവിതകൾ മിക്കവയും വൃത്തരഹിതമാണ്. പക്ഷേ കവിതകൾ വൃത്തരഹിതമാകുമ്പോഴും അതിലൊരു താളം വേണം. കുറഞ്ഞപക്ഷം ഭാവതാളമെങ്കിലും വേണമെന്ന് ശഠിക്കുന്ന ആളാണ് ഞാൻ. താളം വേണമെന്ന് ആധുനിക എഴുത്തുകാർക്കും അറിയാം. കാരണം കാവ്യാത്മകമല്ലാത്ത പദങ്ങൾ പോലും ഉപയോഗിച്ച് അവർ എഴുതുന്ന കവിതകൾ, സംഗീതജ്ഞരെ കൊണ്ട് പാടി ഒപ്പിക്കുകയാണ്. ആ ആലാപനത്തിലെ താളം അവർ ആഗ്രഹിക്കുന്നുണ്ട്.

**ആദ്യ കാലത്ത് വൃത്തത്തിൽ ആണ് ഞാൻ കവിതകൾ എഴുതിത്തുടങ്ങിയത്. പിന്നീട് 1970 – കളുടെ അവസാനമായപ്പോഴാണ് അയ്യപ്പപ്പണിക്കർ, കക്കാട് എന്നിവരെ പോലെയുള്ളവർ ഗദ്യ രൂപത്തിലുള്ള കവിതകൾ എഴുതുന്ന പ്രവണത ആരംഭിച്ചത്. ആ വഴി ഞാനും പിന്തുടർന്നിരുന്നു. സംസ്കൃതവൃത്തത്തിലും, മലയാളത്തിലെ ദ്രാവിഡ വൃത്തത്തിലും ഞാൻ കവിതകൾ എഴുതിയിട്ടുണ്ട്. പിന്നെ വൃത്തരഹിതമായ കവിതകളും എഴുതിയിട്ടുണ്ട്. ഭാഷാപോഷിണിയിൽ വന്നിട്ടുള്ള എന്റെ കവിതകൾ മിക്കവയും വൃത്തരഹിതമാണ്. പക്ഷേ കവിതകൾ വൃത്തരഹിതമാകുമ്പോഴും അതിലൊരു താളം വേണം. കുറഞ്ഞപക്ഷം ഭാവതാളമെങ്കിലും വേണമെന്ന് ശഠിക്കുന്ന ആളാണ് ഞാൻ.**

താളം എന്ന് പറയുന്നത് ഈ പ്രപഞ്ചത്തിന്റെ തന്നെ ഒരു അവസ്ഥയാണ്. പ്രശസ്ത ശാസ്ത്രജ്ഞനായിരുന്ന പൈഥഗോറസ് ഒരു സംഗീതജ്ഞൻ കൂടിയായിരുന്നു. അദ്ദേഹം പറഞ്ഞ ഒരു വാചകമുണ്ട്, 'ദെയർ ഈസ് എ മ്യൂസിക് ഇൻ ദി യൂണിവേഴ്സ്- ദാറ്റ് ഈസ് സെലസ്റ്റിയൽ മ്യൂസിക്.' ഖഗോള സംഗീതം എന്നാണ് ഞാനതിനെ വിശേഷിപ്പിക്കുന്നത്. സൗരയൂഥം അടക്കമുള്ള അനന്തമായ ഈ പ്രപഞ്ചം ഒരു താളക്രമത്തിൽ ചലിച്ചുകൊണ്ടേയിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ നമ്മുടെ ജീവിതത്തിനും ഒരു താളമുണ്ട്, അതിനാൽ നമ്മുടെ കവിതയിലും ഒരു താളം ആവശ്യമാണ് എന്ന് ഞാൻ ശഠിക്കുന്നു. പക്ഷേ ഇപ്പോഴത്തെ പല കവികളും എവിടെയാണ് വരി മുറിക്കേണ്ടത് എന്നുപോലും അറിയാതെ കവിതയെഴുതുന്നവരാണ്. പണ്ടൊരിക്കൽ എൻ.എൻ കക്കാട് ഡൽഹിയെ കുറിച്ച് 'സാരികളുടെ സരിഗമപധനി' എന്ന് എഴുതിയ ഒരു നാലു വരി കവിതയുണ്ട്. നാലു വരി മാത്രമാണെങ്കിലും ഡൽഹി നഗരത്തിന്റെ വിഹ്വലതകളും, തിരക്ക്, വൈവിധ്യം, വൈചിത്ര്യം എന്നിവയുമെല്ലാം ധ്വനിപ്പിക്കുന്നവയാണ് ആ നാല് വരികൾ. എന്നാൽ അത്തരം ധ്വനിപ്പിക്കുന്ന കവിതകൾ ഇന്ന് വളരെ അപൂർവ്വമാണ്.

ചോദ്യം: അങ്ങ് മുമ്പ് മലയാളം അദ്ധ്യാപകനായിരുന്നല്ലോ. നിലവിൽ ധാരാളം മലയാളികൾ അമേരിക്ക പോലുള്ള രാജ്യങ്ങളിലേയ്ക്ക് കുടിയേറുന്നുണ്ട്. അമേരിക്കയിലെ മലയാളികൾക്കിടയിൽ ഇന്ന് മലയാള ഭാഷയ്ക്ക് എത്രത്തോളം പ്രധാന്യമുണ്ട്?

ലോകത്ത് ഭാഷയോട് കൂറുകാണിക്കാത്ത ഒരേയൊരു വർഗ്ഗം മലയാളികളാണ്. ഞാൻ മലയാളിയാണ്, എന്റെ ഭാഷ മലയാളമാണ് എന്ന് പറയാത്ത ഏക വിഭാഗമാണ് നമ്മൾ. കേരളം കൂടാതെ തമിഴ് നാട്, കർണ്ണാടക അടക്കം മുകളിലോട്ടുള്ള ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നെല്ലാം ഉള്ളവർ എനിക്ക് ചുറ്റുമായി അമേരിക്കയിൽ ജീവിക്കുന്നുണ്ട്. അവർ തങ്ങളുടെ സുഹൃത്തുക്കളോടും, മക്കളോടുമെല്ലാം സ്വന്തം ഭാഷയിലാണ് സംസാരിക്കുന്നത്. എന്നാൽ ഇവിടുത്തെ മലയാളികൾ അവരുടെ മക്കളോട് വീട്ടിൽ പോലും ഇംഗ്ലീഷിലാണ് സംസാരിക്കുന്നത്. അതാകട്ടെ ഒട്ടും നല്ല ഇംഗ്ലീഷ് അല്ല താനും. തങ്ങൾ മലയാളികളാണെന്ന് മറ്റുള്ളവർ അറിയുന്നത് നാണക്കേടായാണ് അവർ കരുതുന്നത്. പക്ഷേ മക്കൾ വളർന്നുവരുന്നതിനനുസരിച്ച് ഇംഗ്ലീഷിൽ നല്ല പ്രാവീണ്യം നേടുകയും, ക്രമേണ മോശം ഇംഗ്ലീഷ് സംസാരിക്കുന്ന മാതാപിതാക്കളോട് ബഹുമാനമില്ലാത്തവരായി മാറുകയും ചെയ്യുന്നു. പിന്നെ കാര്യങ്ങൾ തീരുമാനിക്കുന്നത് മക്കളാകുകയും, അങ്ങനെ മാതാപിതാക്കൾ മക്കളുടെ അടിമകളായി തീരുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് ഇന്ന് ഇവിടെയുള്ളത്. കുടുംബബന്ധങ്ങളടക്കം ശിഥിലമാകാൻ അത് കാരണമാകുന്നു. ഇംഗ്ലീഷ് പറയുന്നതാണ് ഏറ്റവും മികച്ച സംസ്കാരം എന്ന് നമ്മുടെ മാതാപിതാക്കളിൽ വലിയൊരു പങ്കും തെറ്റിദ്ധരിച്ചുവച്ചിരിക്കുകയാണ്. ഭാഷയെ സ്നേഹിക്കുന്ന മലയാളികൾ ഇവിടെ ചെറിയൊരു ന്യൂനപക്ഷം മാത്രമാണ്. ലാന പോലെയുള്ള സംഘടനകൾ ഉൾപ്പെടുന്ന അവരാണ് ഇവിടെ സാഹിത്യപ്രവർത്തനങ്ങളും മറ്റും നടത്തുന്നത്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ അമേരിക്കയിലെ മലയാള കഥാ രംഗത്തും, കാവ്യ രംഗത്തും പുതുതായി വന്ന എഴുത്തുകാർ കൃത്യമായ ഒരു സ്വത്വം ഉള്ളവരല്ലെങ്കിൽ പോലും, മികച്ച രചനകൾ നടത്താൻ ശ്രമിക്കുന്നുണ്ട്. കേരളത്തിലെ സമകാലിക രചനകൾ വായിച്ച് അത്തരത്തിൽ എഴുതാൻ അവർക്ക് കഴിയുന്നു.

ചോദ്യം: അങ്ങയുടെ പുതിയ രചനകളെ പറ്റി എന്താണ് വായനക്കാരോട് പങ്കുവയ്ക്കാനുള്ള വിശേഷം?

ഇതുവരെ ആരോടും വെളിപ്പെടുത്തിയിട്ടില്ലാത്ത ഒരു പുതിയ കൃതിയുടെ രചനയിലാണ് ഇപ്പോൾ. മലയാളത്തിൽ എന്നല്ല വിശ്വസാഹിത്യത്തിൽ പോലും എങ്ങും അന്വേഷിച്ച് കണ്ടെത്തിയിട്ടില്ലാത്ത ഒരു വിഷയമാണ് പുതിയ പുസ്തകത്തിന്റേത്. ബൈബിളിലെ ഉൽപ്പത്തി എന്ന പുസ്തകത്തിലുള്ള നാല് പ്രധാന കഥാപാത്രങ്ങൾ- അബ്രഹാം, ഇസഹാക്ക്, യാക്കോബ്, ജോസഫ്. ജീവിതത്തിന്റെ നന്മകൾ, വൈകല്യങ്ങൾ, പുരോഗതികൾ, പതനങ്ങൾ എന്നിങ്ങനെ സമസ്ത മേഖലകളെയും സ്പർശിക്കുന്നതാണ് അവരുടെ കഥ. പക്ഷേ ഒരു ഫിക്ഷൻ അഥവാ കാൽപ്പനിക കഥാരൂപത്തിൽ ഇവരെ നാല് പേരെയും കോർത്തിണക്കിക്കൊണ്ടുള്ള ഒരു കൃതി ഇതുവരെ ലോകത്ത് ഉണ്ടായിട്ടില്ല. യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രശസ്ത ഗ്രീക്ക് സാഹിത്യകാരനായ ഖസാൻസാക്കിസിന്റെ 'ദി ലാസ്റ്റ് ടെംപ്റ്റേഷൻ ഓഫ് ക്രൈസ്റ്റ്' പത്ത് വർഷം ഗവേഷണം നടത്തിയാണ് അദ്ദേഹം എഴുതിയത്. അത്തരമൊരു ഇതിഹാസ നോവലാണ് ഈ നാല് ആദിമ പിതാക്കന്മാരെക്കുറിച്ച് എഴുതിക്കൊണ്ടിരിക്കുന്ന കൃതി. 500-ൽപരം പേജുകൾ വരുന്ന പുസ്കത്തിന് 'ഉൽപ്പത്തിയുടെ ഉപോൽഘാതം' എന്നാണ് പേര് നൽകിയിരിക്കുന്നത്. ഒരു വർഷത്തോളമെടുത്ത് അവസാന കഥാപാത്രത്തിൽ വരെ എത്തിനിൽക്കുന്ന എഴുത്ത് അടുത്ത ആറ് മാസത്തിനുള്ളിൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷ.

--------

*പ്രൊഫ. കോശി തലയ്ക്കൽ. കുന്നം ഗവ. ഹൈസ്കൂൾ, തിരുവല്ല മാർത്തോമ്മാ കോളജ്, പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്, ചങ്ങനാശ്ശേരി എസ്.ബി. കോളജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. മാവേലിക്കര ബിഷപ്പ് മൂർ കോളജിൽ 1968 മുതൽ അദ്ധ്യാപകൻ. വകുപ്പ് അദ്ധ്യക്ഷനായി വിരമിച്ചു. ഫൊക്കാനയുടെ 'ഗുരു' പുരസ്കാരം, ലാനയുടെ ലൂമിനറി അവാർഡ്, സി.എസ്.ഐ. ദക്ഷിണകേരള മഹായിടവകയുടെ മോശവത്സലം ശാസ്ത്രിയാർ പുരസ്കാരം, ക്രിസ്തീയഗാനരചനയ്ക്കുള്ള പ്രഥമ എം.ഇ. ചെറിയാൻ അവാർഡ്, ക്രൈസ്തവ സാഹിത്യ അക്കാദമി അവാർഡ്, ഗാനങ്ങൾക്കുള്ള അബുദാബി മാർത്തോമ്മ യുവജനസഖ്യം അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. സാമൂഹിക സാംസ്കാരിക സേവനത്തിന് ഫിലദൽഫിയ സിറ്റി കൗൺസിൽ പ്രശംസാപത്രം നൽകി ആദരിച്ചു.*

# Blue Ocean
Wealth Solutions

A member of the MassMutual Financial Group

## PHILIPOSE SAMUEL

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.



## PERSONAL NEEDS

**FAMILY PROTECTION**

- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Long-Term Care Insurance
- Estate Conservation & Charitable Planning Strategies
- Medicare Supplement & Advantage Plans*
- Medicare Part D*
- Homeowner's Insurance*
- Auto Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

## PHILIPOSE SAMUEL (SAM)

Financial Services Representative Financial Advisor
O: (516) 326-7028
C: (516) 312-2902
psamuel@financialguide.com | www.blueocean.us.com


F-BIMA
(Not for Profit Organization)
Presents
QUEENS 9th
INDIA DAY PARADE &
Cultural Programs
Grand Celebration of India's Independence Day 2024
PARADE: Starts at 11:00 am from 263rd Street/ Hillside Ave
Cultural Program at : Location to be decided.
On Hillside Ave
in Floral Park Bellerose, Queens
August 17, 2024
Saturday
11 am to 6 pm
BOLLYWOOD CELEBRITIES
DIGNITARIES
CULTURAL FLOATS
CULTURAL PERFORMANCES
TRADITIONAL DANCES
TRADE SHOW BOOTHS
FOOD STALLS
DJ ENTERTAINMENTS
INDIAN NURSES ASSOCIATION
OF NEW YORK
(INA-NY)
BOARD OF DIRECTORS:
HEMANT SHAH (CHAIRMAN), KOSHY O. THOMAS (VICE CHAIRMAN), MATHEW THOMAS (BOARD MEMBER), ASON JOSEPH (BOARD MEMBER)
UJWALA SHAH (BOARD MEMBER)
EXECUTIVE-COMMITTEE:
DINCIL GEORGE (PRESIDENT), MS MARY PHILIP (VICE PRESIDENT), ASHA MAMPILLY (SECRETARY)
SUBHASH KAPADIA (PAST BOARD CHAIRMAN), V.M. CHACKO (PAST BOARD CHAIRMAN), KIRIT PANCHAMIA
(TREASURER), ARUN CHANDRA (LEGAL ADVISOR), ASHOK JAIN (EXECUTIVE COMMITTEE)
GEORGE C PARAMBIL (EXECUTIVE COMMITTEE), KALATHIL VARUGHESE (EXECUTIVE COMMITTEE), VINOD PATEL (EXECUTIVE COMMITTEE
WWW.LENDME.COM
(LOW RATE LOANS)
CHILDREN'S MEDICAL CENTER
SOUTH ASIANS OF NEW YORK, INC.
CROSS ISLAND REALTY
IALI
CHANDRA Law Offices, P.C.
RIDGEWOOD SAVINGS BANK
INDIA LIFE and Times
FARMERS INSURANCE
ITV GOLD
VOICE OF THE COMMUNITY
TV ASIA
NEW YORK LIFE
EASTEND Hospitality Management Co.
Dilbar Restaurant
Panchamia
MAHARAJA
VINOD PATEL
Queens Chamber of Commerce
The South Asian Times
Rajbhog Foods
FLUSHING Bank
PATEL BROTHERS
DIME Since 1864
jus HINDI
PARIKH WORLDWIDE MEDIA
REAL USHA SWEETS & SNACKS
APOLLO STONES
For More Info : Subhash Kapadia (917) 757-1303, Kalathil Varughese (516) 984-6591, Koshy O. Thomas (347) 867-1200 Hemant Shah (516) 263-9624
Jason Joseph (917) 859-7957, Cultural Program Contact: Ujwala Shah 516-815-0198, Mary Philip (347) 254-9834
Parade Committee Chairman: Koshy O. Thomas.

# ഫോമാ വെസ്റ്റേൺ റീജയൺ ഫാമിലി നൈറ്റും നാഷനൽ കൺവെൻഷൻ കിക്കോഫും യൂത്ത് ഫെസ്റ്റിവലും വിജയകരമായി







ഫോമാ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ്, സെക്രട്ടറി ഓജസ് ജോൺ, ആർ.വി.പി . ഡോ. പ്രിൻസ് നെച്ചിക്കാട്, നാഷണൽ കമ്മിറ്റി മെംബേർസ് ആയ ജോൺസൺ ജോസഫ്, ജാസ്മിൻ പരോൾ, സജിത്ത് തൈവളപ്പിൽ , വെസ്റ്റേൺ റീജയൺ സെക്രട്ടറി ഡാനിഷ് തോമസ് , ട്രഷറർ മാത്യു ചാക്കോ, നൗഫൽ കപ്പാച്ചാലിൽ (ജോ. സെക്രട്ടറി), പി.ആർ.ഓ. ജോസഫ് കുര്യൻ, സുനിൽ വർഗീസ്, ലബോൺ മാത്യു (പ്രസിഡന്റ് ബേ മലയാളി) വിൽസൺ നെച്ചിക്കാട്(പ്രസിഡന്റ് സർഗം) ടെക്നിക്കൽ ഡയറക്ടർ ജാക്സൺ, പി.ആർ.ഓ. ഷാജി, മീഡിയ ഷാജി ഷാജി പരോൾ , താര കൃഷ്ണൻ (സാന്ത ക്ലാര സ്കൂൾ ബോർഡ്) എന്നിവർ ചേർന്ന് ദീപം തെളിയിച്ചു.

വെസ്റ്റേൺ റീജിയൺ ചെയർമാൻ സജൻ മൂലേപ്ലാക്കൽ സ്വാഗതമാശംസിച്ചു. ഇതേ വേദിയിൽ രണ്ടാം തവണയും കൺവൻഷൻ നടത്താൻ സാധിച്ചതിൽ സന്തോഷമുണ്ടെന്ന് സജൻ പറഞ്ഞു. ഫോമ പ്രസിഡന്റ് ജേക്കബ് തോമസിനേയും സെക്രട്ടറി ഓജസ് ജോണിനെയും .ആർ.വി പി .പ്രിൻസ് നെച്ചികാടിനെയും മറ്റെല്ലാവരെയും ഹാർദ്ദവമായി സ്വാഗതം ചെയ്തു.

റിയാന ഡാനിഷ് പ്രാർത്ഥനാ ഗാനം ആലപിച്ചു. സോന സാജൻ യു.എസ് . ദേശീയ ഗാനം ആലപിച്ചു.

ഫോമായുടെ വിജയകഥ പ്രസിഡന്റ് ജേക്കബ് തോമസ് വിവരിച്ചു. എല്ലാവരെയും അദ്ദേഹം കൺവൻഷനിലേക്ക് സ്വാഗതം ചെയ്തു.

സിയാറ്റിലിൽ നിന്നുള്ള താനെന്ന എല്ലാവരും കൂടി കാലിഫോർണിയക്കാരനാക്കിയെന്ന് ഫോമാ സെക്രട്ടറി ഓജസ് ജോൺ പറഞ്ഞു. ഞാൻ ഇവിടെ നിന്നാണ് തുടങ്ങിയത് അതിന്റെ നന്ദിയും സ്നേഹവും എപ്പോഴും ഉണ്ടാകുമെന്നും ഓജസ് പറഞ്ഞു. ഒരു വർഷമുമ്പ് നിങ്ങളുടെ അനുഗ്രഹവും സപ്പോർട്ടും കൊണ്ടാണ് ജയിച്ചത്. ഫോമായുടെ ജീവനാഡി എന്നു പറയുന്നത് അസോസിയേഷനുകളാണ്.

കഴിഞ്ഞ രണ്ടുവർഷത്തിൽ ഫോമയ്ക്ക് 72,000 ഡോളറിനു മുകളിൽ ധനസഹായം ചെയ്യാൻ സാധിച്ചു. 22,000 ഡോളറിന്റെ സ്കോളർഷിപ്പ് ഏർപ്പെടുത്തി. സമ്മർ ടു കേരള എന്ന പ്രോഗ്രാം വിജയകരമാക്കി.

കൺവൻഷന് എത്തിയാൽ എല്ലാ കാര്യങ്ങളും തങ്ങൾ ഏറ്റെന്ന് അദ്ദേഹം ഉറപ്പു പറഞ്ഞു. മനോഹരമായ ബീച്ചുണ്ട്. അഞ്ചോ ആറോ ആർട്ടിസ്റ്റുകളെ ബുക്കു ചെയ്തു കഴിഞ്ഞു. മാത്യു കുഴൽനാടൻ തുടങ്ങിയ നേതാക്കളും കൺവൻഷനിൽ പങ്കെടുക്കുന്നുണ്ട്. കുട്ടികൾക്ക് ഉല്ലാസത്തിനുള്ള എല്ലാം അവിടെയുണ്ട്.

പല റീജിയനുകൾ ചേർന്ന് വിവിധ പരിപാടികൾ സംഘടിപ്പിക്കാനാരംഭിച്ചത് വെസ്റ്റേൺ റീജയനാണെന്ന് ആർ.വി.പി. പ്രിൻസ് നെച്ചിക്കാട് പറഞ്ഞു. ഫോമായുടെ 12 റീജിയമുകളിൽ ഒന്നായ വെസ്റ്റേൺ റീജയൺ 15 സ്റ്റേറ്റുകളിലായി പടർന്നു പന്തലിച്ചു കിടക്കുന്നു. അമേരിക്കയുടെ ഭൂവിസ്തൃതിയുടെ പകുതിയിൽ കൂടതൽ. അലാസ്ക മുതൽ ഹവായ് വരെ. പതിമൂന്ന് അംഗസംഘടനകളെ ഒരുമിച്ചു കൊണ്ടുപോകുകയെന്നത് ദുഷ്കരമാണെങ്കിലും ഒട്ടേറെ പ്രോഗാമുകൾ ചെയ്യാൻ സാധിച്ചു.

ഒൻപത് റീജിയനുകളെ കൂട്ടി സൂമിൽ വിവിധ പരിപാടികൾ വിജയകരമയിൽ നടത്തുവാൻ സാധിച്ചു എന്നത് കൃതാർത്ഥതയോടെ ഓർക്കുന്നു. സഹകരിച്ച എല്ലാ RVP മാർക്കും നാഷണൽ കമ്മിറ്റി മെംബേർസ് നും ഏറ്റവും ഉപരിയായി എല്ലാ കാര്യങ്ങൾക്കും മാർഗനിർദേശങ്ങൾ നൽകിയ Dr .ജേക്കബ് നും ഫോമാ






എക്സിക്യൂട്ടീവ് ബോർഡ് നും പ്രത്യേകം നന്ദി.

ഈ പ്രോഗ്രാമിന് ചുക്കാൻ പിടിച്ച സാജൻ മൂലപ്ലാക്കൽ, ഡാനിഷ് തോമസ്, ജോൺസൻ ജോസഫ്, ജാസ്മിൻ പരോൾ, സജിത്ത് തൈവളതൈവളപ്പിൽ, സുനിൽ വർഗീസ് (മങ്ക), ലെബോൺ മാത്യു (ബേ മലയാളി) വിൽസൺ നെച്ചിക്കാട് & രാജൻ ജോർജ്, സർഗം, ഒരുമ, IEMA ഒട്ടേറെ മലയാളീ അസോസിയേഷൻ – എല്ലാം നന്ദിയോടെ ഓർക്കുന്നു..

ജോൺസൺ ജോസഫ് വെസ്റ്റേൺ റീജയൺ എന്തെല്ലാം ചെയ്തു എന്നത് വിവരിച്ചു. വുമൺസ് ഫോറം ഒട്ടേറെ പേർക്ക് സ്കോളർഷിപ്പ് കൊടുത്തു. കാൻസർ സെന്ററിനും ഗാന്ധി സെന്ററിനും വളരെയധികം സഹായങ്ങൾ ചെയ്തു. ഡോ. ജേക്കബ് തോമസിനും സെക്രട്ടറി ഓജസ് ജോണിനും പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച പ്രിൻസ് നെച്ചിക്കാട്ടിനും അദ്ദേഹം നന്ദി പറഞ്ഞു .

റീജിയനൽ സ്ഥാനാർഥികളെയും അദ്ദേഹം പരിചയപ്പെടുത്തി യൂത്ത് പ്രതിനിധിയായി സുജിത്ത് നായർ-അരിസോണ, വുമൺസ് ഫോറത്തിലേക്ക് അരിസോണ മലയാളി അസോസിയേഷനിൽ നിന്ന് ഡോ. മഞ്ജു പിള്ള, നാഷ്ണൽ കമ്മറ്റിയിലേക്ക് സുജ ഔസോസോ, സജൻ മൂലപ്ലാക്കൽ , നിങ്ങളുടെയെല്ലാം സമ്മതത്തോടെ റീജയണൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് താനും നോമിനേഷൻ കൊടുത്തിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു

യൂത്ത് ഫെസ്റ്റിവലിൽ ഫോമാ സ്റ്റാർ അവാർഡ് താഴെപ്പറയുന്നവർ കരസ്ഥമാക്കി.

കിൻഡർ ഗാർട്ടൻ: (റയൻ ഡാനിഷ്

സബ് ജൂനിയർ : സഹസ്ര മഹേശ്വർ

ജൂനിയർ: മഹേഷ് (മൗഷ്മി മഹിമ മഹേഷ്)

സീനിയർ: റിയാന ഡാനിഷ്

നാല് ഫോമ സൂപ്പർസ്റ്റാർ അവാർഡുകളും നൽകി. റയാൻ ഡാനിഷ്, സഹസ്ര മഹേശ്വർ, മൗഷ്മി മഹിമ മഹേഷ്, റിയാന ഡാനിഷ് എന്നിവർ സമ്മാനങ്ങൾ നേടി.

തുടർന്ന് സ്ക്കൂൾഓഫ് ഇന്ത്യൻ ഡാൻസിന്റെ നേതൃത്വത്തിൽ കേരള ഹാർവസ്റ്റ് ഡാൻസ് അരങ്ങേറി.

### കൺവെൻഷൻ കിക്കോഫ്

ഫോമാ വെസ്റ്റേൺറീജിയൻ കൺവെൻഷൻ കോഓർഡിനേറ്റർ സുനിൽ വർഗീസ് ഫോമാ കൺവെൻഷനെ പറ്റി വിശദീകരണം നൽകി. തുടർന്ന് സാജൻ മൂലപ്ലാക്കൽ കൺവെൻഷൻ രജിസ്ട്രേഷനെ പറ്റി സംസാരിച്ചു.

സുനിൽ വർഗീസ് എല്ലാ സ്പോൺസർസിനെയും സ്റ്റേജിലേക്ക് ക്ഷണിച്ചു .

ശ്രീജിത്ത് കറുത്തൊടി , ആൻസി പ്രിൻസ് നെച്ചിക്കാട്ട്, ഷൈജു വർഗീസ്, ലിജു ജോൺ , മാത്യൂ ചാക്കോ, ജോൺസൻ ജോസഫ്, നൗഫൽ, ഷാജി പരോൾ , റെനി പൗലോസ് (മങ്ക), ജോബി പൗലോസ്, രാജൻ ജോർജ് (സർഗ്ഗം), മാത്യു ചാക്കോ, ഡാനിഷ് ആൻഡ് ഷെറിൻ എന്നിവർ ഡോ. ജേക്കബ് തോമസിനും, സെക്രട്ടറി ഓജസ് ജോണിനും ചെക്കുകൾ കൈമാറി. ജോൺസൺ ജോസഫ് ലോസ് ആഞ്ചലസിലുള്ളവരുടെ പേരിൽ ആശംസകൾ അർപ്പിച്ചു. മുപ്പതിൽ പരം പേർ ലോസ് ഏഞ്ചലസിൽ നിന്നും രജിസ്റ്റർ ചെയ്തു കഴിഞ്ഞിരുന്നു.

മീറ്റ് ദ കാൻഡിഡേറ്റ് പരിപാടിയിൽ രണ്ട് ടീമിലെയും സ്ഥാനാർത്ഥികൾ പങ്കെടുത്തു.

ലെബോൺ മാത്യു ആമുഖ പ്രസംഗം നടത്തുകയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു. വിൽസൺ നെച്ചിക്കാട്, മാത്യു ചാക്കോ, എന്നിവരം സഹകരിച്ചു.

ഇത്രയും നാൾ ഫോമ ചെയ്തതിൽ നിന്ന് വ്യത്യസ്തമായി എന്ത് ചെയ്യുമെന്ന ചോദ്യത്തിന് ഇരു വിഭാഗവും നയങ്ങൾ വ്യക്തമാക്കി.

വ്യക്തമായ ഉത്തരം ടീം ഫോമയുടെ പക്കലുണ്ടെന്ന് പ്രസിഡന്റ് സ്ഥാനാർഥി തോമസ് ടി. ഉമ്മൻ പറഞ്ഞു.

പന്ത്രണ്ട് ഇന പരിപാടികൾ ഞങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വ്യത്യസ്തമായ പരിപാടി. അതിൽ ഒന്ന് മുൻ പ്രസിഡന്റുമാരുടെ നേതൃത്വ











ത്തിൽ ആസ്ഥാന ബിൽഡിംഗ് കമ്മിറ്റി രൂപീകരിക്കുകയാണ്. രണ്ടു വർഷത്തെ മിച്ചം വരുന്ന തുക കമ്മിറ്റിയെ ഏൽപിക്കും. ആ തുക ഉപയോഗിച്ച് ഭാവിയിൽ ആസ്ഥാനം നമ്മുടെ നാഷ്ണൽ ജനറൽ ബോഡി തീരുമാനിക്കുന്ന സ്ഥലത്ത് വാങ്ങുവാൻ സാധിക്കും. വനിതാ സംരംഭകരുടെ അന്തർദേശീയ സംഗമം ആണ് മറ്റൊന്ന് . മലയാളി ടെക്നോളജി സമ്മിറ്റ് സിലിക്കൺ വാലിയിൽ നടത്തും . നാടകസിനിമാ കാലാകാരമാരുടെ ത്രിദിന ക്യാമ്പ് ഹോളിവുഡിലും നടത്തും.

യൂത്ത് ഇന്റേൺഷിപ്പ് പ്രോഗ്രാം വൻകിട കോർപ്പറേഷനുകളിലും ആരംഭിക്കും. മില്യൺ ഡോളർ ചാരിറ്റി പ്രോഗ്രം രണ്ടു വർഷം കൊണ്ട് നടപ്പാക്കാൻ ആഗ്രഹിക്കുന്നു. എങ്ങനെയെന്നാൽ ഞങ്ങൾ പതിനായിരം പേരെ സമീപിച്ചാൽ ഒരാൾ 100 ഡോളർ വീതം നൽകിയാൽ അത് നടക്കും. അതോടൊപ്പം ഡ്യൂവൽ സിറ്റിസൺ ഷിപ്പ് നടപ്പാക്കാൻ സമ്മർദം ചെലുത്തും. ഗ്ലോബൽ വില്ലേജ്, വുമൺസ് ഫോറം, ജൂനിയർ ഫോറം, അങ്ങനെ നൂതന പദ്ധതികളും നിലവിലുള്ള പദ്ധതികളുടെ തുടർച്ചയും ആണ് ചെയ്യുന്നത്.

ശശിധരൻ നായർ മുതൽ ജേക്കബ് തോമസ് വരെ നല്ല പ്ലാറ്റ്ഫോം ഫോമ്ക്ക് ഉണ്ടാക്കി വച്ചിട്ടുണ്ട്. അത് അടുത്ത തലത്തിലേക്കുയർത്തും -അദ്ദേഹം പറഞ്ഞു.

ടീം യുണൈറ്റഡ് പ്രസിഡന്റ് സ്ഥാനാർഥി ബേബി മണക്കുന്നേൽ ഫോമയിലെ, പന്ത്രണ്ടു റീജിയനുകളിലെ 86 അംഗ സംഘടനകളുടെ പിന്തുണയോടെ മാത്രമേ കാര്യങ്ങൾ നടപ്പിലാക്കു എന്ന് പറഞ്ഞു. ഇരട്ട പൗരത്വം ഇന്ത്യൻ ഭരണഘടനയെ ബാധിക്കുന്ന കാര്യമാണ്. അതിൽ ഞങ്ങൾ തലയിടില്ല. അത് വിദേശകാര്യമന്ത്രാലയം നോക്കിക്കൊള്ളും എന്ന് ജനറൽ സെക്രട്ടറി സ്ഥാനാർഥി ബൈജു വർഗീസ് എടുത്തു പറഞ്ഞു. . ഞങ്ങൾ ആറുപേരും ഫോമയിലെ അംഗസംഘടനങ്ങൾക്കും റീജയണനും വേണ്ടി പ്രവർത്തിച്ച് ഫോമയ്ക്ക് ചീത്തപേരില്ലാത്തവിധം മുന്നോട്ടു പോകും എന്നു ഉറപ്പു തരുന്നു.

സത്യസന്ധതയും ആത്മാർത്ഥതയും കഠിനാദ്ധ്വാനവുമാണ് ജനറൽ സെക്രട്ടറി സ്ഥാനാർഥി ഡോ. മധു നമ്പ്യാർ വാഗ്ദാനം ചെയ്തത്. ഫോമയിൽ എന്ത് നടക്കുന്നുവെന്ന് അറിയിക്കുന ന്യൂസ് ലെറ്റർ തയ്യാറാക്കുമെന്ന് മധുനമ്പ്യാർ പറഞ്ഞു. ഓരോ റീജിയണിലും സ്പോർട്സ് ശക്തിപ്പെടുത്തിയാൽ യൂത്ത് പാർട്ട്സിപ്പേഷൻ ഉണ്ടാകും. അദ്ദേഹം പ്രിൻസ് നെച്ചിക്കാടിനെ പൊന്നാട അണിയിച്ചു.

ഫോമയിൽ ഒരു മാലയിലെ മുത്തുപോലെ പ്രവർത്തിക്കാൻ കഴിയുന്ന നേതാക്കളെ തെരഞ്ഞെടുക്കണമെന്ന് മറ്റൊരു ജനറൽ സെക്രട്ടറി സ്ഥാനാർഥി സാമുവൽ മത്തായി അഭ്യർത്ഥിച്ചു. നമ്മുടെ യുവാക്കളെ മുഖ്യാധാരാ രാഷ്ട്രീയ പ്രവേശനം സാധ്യമാകാൻ സെമിനാറും ക്ലാസ്സകളും സംഘടിപ്പിക്കും. യൂത്ത് അനുവൽ കോൺഫറൻസ് സംഘടിപ്പിച്ചു യൂത്തനെ ഒരുമിച്ച് നിർത്തും. കൂടാതെ കരിയർ ഗൈഡൻസസംഘടിപ്പിക്കും. വനിതാ സാക്തീകരണവും ലക്ഷ്യമിടുന്നു.












ട്രഷറർ സ്ഥാനാർത്ഥി ബിനൂബ് ശ്രീധരൻ, തോമസ് ടി ഉമ്മന്റെ കൂടെയുള്ള പ്രവർത്തിച്ച പരിചയം വെളിപ്പെടുത്തി.

വൈസ് പ്രസിഡണ്ട് സ്ഥാനാർഥി സണ്ണി കല്ലൂപ്പാറ (സിനിമ നടൻ ) വെസ്റ്റേൺ റീജയണന്റെ കലാപ്രവർത്തനങ്ങളെ പ്രശംസിച്ചു.

ഇപ്പോൾ മങ്കയുടെ സെക്രട്ടറി കൂടിയായ ജോയിന്റെ സെക്രട്ടറി സ്ഥാനാർഥി ഡോ പ്രിൻസ് നെച്ചിക്കാട് ബിസിനസ് രംഗത്തെ പ്രവർത്തന പരിചയത്തെ പറ്റിയും അത് സംഘടനയിൽ ഉപകാരപ്രദമാക്കുന്നതിനെപ്പറ്റിയും സംജ്സാരിച്ചു. മൂന്നു പതിറ്റാണ്ടായുള്ള സാമൂഹിക സേവന പ്രവർത്തനങ്ങളും അദ്ദേഹം വിവർത്തിച്ചു.

ജോ. ട്രഷറർ സ്ഥാനാർഥി അനുപമ കൃഷ്ണനും സംസാരിച്ചു

തുടർന്ന് ജോൺസൺ ജോസഫ്, ജാസ്മിൻ പരോൾ, സജിത്ത് തൈവളപ്പിൽ, സാജൻ മൂലപ്ലാക്കൽ, ഡാനിഷ് തോമസ്, മാത്യു ചാക്കോ, നൗഫൽ കപ്പാച്ചാലിൽ, ജോസഫ് കുരിയൻ, ജാക്സ്സൺ, ഷാജി പരോൾ , ഡോ.പ്രിൻസ് നെച്ചിക്കാട് തുടങ്ങിയവരെ ആദരിച്ചു. .


ഡിന്നറോടു കൂടി പരിപാടികൾ അവസാനിച്ചു.











Empowering the US Malayalee Community, Together We Can...
നാളെയുടെ നന്മയ്ക്കായി...
അവഗണിക്കപ്പെട്ട സമൂഹത്തിന്റെ ശബ്ദമായി
ഒക്കലഹോമയെ ഫോമാ-യിൽ ചേർത്ത്
നിർത്തുന്നതിനായി ശ്രീ. ഷിബു ജേക്കബ്-നെ
സൗത്തേൺ റീജിയന്റെ RVP ആയി
തിരഞ്ഞെടുക്കുക.
SHIBU JACOB
President, Oklahoma Malayalee Association
For FOMAA Southern RVP
2024-2026

# ഫോകാന – ഇങ്ങനെയും സമ്മേളനം നടത്താം



**സിബി ഡേവിഡ്, ന്യൂ യോർക്ക്**

ഫോകാനയുടെ വാഷിങ്ടൺ സമ്മേളനത്തിൽ പങ്കെടുത്ത അനുഭവം പല കാരണങ്ങൾക്കൊണ്ടും വിശേഷവും വിചിത്രവും ആയി. പ്രേത്യക ബാധ്യതകളോ അജണ്ടകളോ ഇല്ലാത്തതുകൊണ്ട് ഒറ്റപ്പെട്ട ആൾക്കൂട്ടങ്ങളിലൊക്കെ എത്തിനോക്കി നിലാവത്ത് അലഞ്ഞു നടക്കുന്ന കോഴിയെപ്പോലെ ചുറ്റിക്കറങ്ങി. ആരെക്കണ്ടാലും, 'എന്തോ ഉണ്ട് ?' എന്ന ആ സാധാ രീതിയിലുള്ള മലയാളിച്ചോദ്യം ഉണ്ടല്ലോ അത് നാവിൽത്തുമ്പിൽ എപ്പോഴും ഉണ്ടായിരുന്നു. ഒരാളോടുതന്നെ പല ആവർത്തി ഇതുതന്നെ ചോദിച്ചോയെന്നും സംശയമില്ലാതില്ല. ലഹരി പൂരിത സമ്മേളന നഗരിയിൽ വേറെ എന്ത് ചോദിക്കാനാണ് ?

വാഷിങ്ടൺ സമ്മേളനം ഏറ്റവും ഉയർന്ന ജന പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമാകുമെന്ന് പ്രഖ്യാപനങ്ങൾ ഉണ്ടായിരുന്നുവെങ്കിലും അത് വെറും മോഹമായിരുന്നുവെന്ന് പിന്നീടാണ് തിരിച്ചറിഞ്ഞത്. വിർജീനിയ, നോർത്ത് കാരലന, ഡെലവെയർ, മെരിലാൻഡ്, പെൻസിൽവാനിയ, ന്യൂ ജേഴ്സി, ന്യൂ യോർക്ക്, കണെക്ടികട്ട്, തുടങ്ങിയ ഉയർന്ന മലയാളി ജനസംഖ്യ ഉള്ള സമീപ സംസ്ഥാനങ്ങളിൽ നിന്നും വൻ ജനപങ്കാളിത്തം പൊതുവെ പ്രതീക്ഷിച്ചിരുന്നു. നിലവിലുള്ള സാഹചര്യം അനുസരിച്ച് മൂവായിരത്തോളം പേരെങ്കിലും പങ്കെടുക്കേണ്ടതാണ്. പക്ഷെ ആയിരത്തിൽ താഴെയായിരുന്നു പങ്കെടുത്തത് എന്നതാണ് ലേഖകന്റെ നിരീക്ഷണം. സത്യം പറയട്ടെ, പ്രൊഫഷണൽ സംഘടനയുടെ കൃത്യതയും മികവും മിക്കവാറും രംഗങ്ങളിൽ പ്രകടമായി.

ജനാധിപത്യം ആണല്ലോ മലയാളിയുടെ വീക്നെസ്. എല്ലാവരും എല്ലാത്തിലും കൈയ്യിടുന്ന വിരോധാഭാസം (കണ്ടു നിൽക്കുന്നവരിൽ വിരോധം സൃഷ്ടിക്കുന്ന ആഭാസം). അങ്ങനെ എല്ലാവരും എല്ലാത്തിലും കൈയ്യിട്ട് സംഗതി കൊളമാക്കുന്ന ആ മഹത്തായ സാംസ്കാരിക പാരമ്പര്യം ഇത്തവണ പ്രസിഡണ്ട് ബാബു സ്റ്റീഫൻ അനുവദിച്ചില്ല. അദ്ദേഹം മലയാളിയെ ഒരു പാഠം പഠിപ്പിക്കാൻ തീരുമാനിച്ചു. ആദ്യ ദിവസം പ്രോസേഷനിൽ തുടങ്ങി ഓരോ ദിവസവും പരിപാടികൾ നിശ്ചയിച്ച അതാത് ഇടങ്ങളിൽ ഏറെക്കുറെ കൃത്യമായി അരങ്ങേറി. പ്രധാന വേദിയിൽ ഇടിവെട്ട് ദൃശ്യ - ശ്രാവ്യ സംവിധാനങ്ങൾകൊണ്ട് കണ്ണഞ്ചിപ്പിക്കുന്ന വിസ്മയപൂരിതമായ മൂന്നു ദിവസങ്ങൾ.


ശാപ്പാടിന്റെ കാര്യം, അത് പിന്നെ പറയാനില്ല. ആദ്യമായിട്ടായിരിക്കണം മലയാളി ഒത്തുകൂടുന്നിടത്ത് നാലു നേരം മുടക്കമില്ലാതെ ഇത്രയും മുന്തിയ തരം ഭക്ഷണങ്ങളുടെ ക്രമീകരണം. ഒരിടത്തും സാധാരണ മലയാളിയുടെ ആ പഴയ രീതികൾ അധികം കാണാൻ കഴിഞ്ഞില്ല. ആഹാരത്തിന് നീണ്ട വരിയായി ആളുകൾ നിൽക്കുമ്പോൾ വരിയിൽ മുന്നിൽ നിൽക്കുന്ന ആരെയെങ്കിലും 'അളിയോ' എന്നും വിളിച്ചു കൊണ്ട് ഇടയ്ക്ക് ചെന്ന് നുഴഞ്ഞുകയറുന്ന, ആ പഴയ 'സാംസ്കാരിക' പാരമ്പര്യം. പൊതുവെ ക്രമമായി വരി നിൽക്കുകയെന്നത് മലയാളിയെ സംബന്ധിച്ച് ഇത്തിരി ബുദ്ധിമുട്ടുള്ള കാര്യമാണ്. മുന്നിൽ നിൽക്കുന്നവന്റെ പുറകിൽ നിൽക്കുവാൻ ഞാനത്ര ചീപ്പല്ല എന്നതാണ് അവന്റെ ഭാവം. അതുകൊണ്ട് അവൻ, പുറകിലായാലും തൊട്ടുപുറകിൽ നിൽക്കാതെ രണ്ടു സ്റ്റെപ്പ് വശത്തോട്ട് മാറിയെ നിൽക്കുകയുള്ളു. അങ്ങനെ ഒരുവരി ഒരൊന്നര വരിയായിട്ടാണ് നിൽക്കുക. എന്നാൽ വാഷിംഗ്ടണിൽ അങ്ങനെയായിരുന്നില്ല. ഒരു വരി ഒരു വരി തന്നെയായിരുന്നു. പക്ഷെ തുടക്കത്തിൽ അങ്ങനെയായിരുന്നില്ല എന്നതാണ് നിഷ്പക്ഷ നിരീക്ഷകരുടെ ഒരിത്. കൂപ്പൺ ഇല്ലാതെ ഇടിച്ചുകയറി തിന്നാൻ ചെന്ന മലയാളിയെ ഏഴടി പൊക്കമുള്ള ആജാനുബാഹുവായ ആ തടിയൻ സെക്യൂരിറ്റി ആദ്യദിവസം തന്നെ വരിയുടെ റെലവൻസ് പഠിപ്പിച്ചുവെന്നും കരക്കമ്പി കമ്മറ്റിയുടെ ചെയർമാൻ പറഞ്ഞുനടക്കുന്നുവെന്ന് ആരോ പറയുന്നതും കേട്ടു. ഏതായാലും വരിയുടെ സാംഗത്യം അറിയാവുന്നതുകൊണ്ടും, ഓരോ വരിയിലും പറയാതെ പറയുന്ന ചില കാര്യങ്ങൾ ഉണ്ടെന്നറിയാവുന്നതുകൊണ്ടും ലേഖകനെ അത്തരം റെലവൻസുകൾ ആരും പഠിപ്പിക്കേണ്ടിവന്നില്ല.

ബാച്ചാൻ (ബാബുച്ചായൻ - ബാബു സ്റ്റീഫൻ) വല്ല്യ അമേരിക്കൻ കച്ചവടക്കാരനും കൂടിയാണല്ലോ. അപ്പോൾ ഒരു സമ്മേളനം നടത്തേണ്ടുന്ന കാര്യങ്ങളുടെ മർമ്മം അറിഞ്ഞു അദ്ദേഹം വേണ്ടുന്ന ക്രമീകരണങ്ങൾ ചെയ്തു. ആവശ്യത്തിന് അമേരിക്കൻ സുരക്ഷാഭടന്മാരെ അദ്ദേഹം കൃത്യമായി വിന്യസിച്ചു. പരാതിയുണ്ടെങ്കിൽ അത് മനസ്സിൽ ശക്തമായി പ്രകടിപ്പിച്ചിട്ട് മറന്നു കളഞ്ഞേക്കുക എന്നതായിരുന്നു പൊതു നയം. പൊതു സമ്മേളനത്തിലും അതുതന്നെയായിരുന്നു രീതി. ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യത്തെക്കുറിച്ച് സംശയം ചോദിയ്ക്കാൻ എഴുന്നേറ്റവനോട് 'ഇരിയെട അവിടെ' എന്ന് മൈക്കിലൂടെ സ്നേഹത്തോടെ പറഞ്ഞതും ജനാധിപത്യത്തിലെ ആഭാസമായെന്നും, ഒരുതരം 'കടക്ക് പുറത്ത്' പരിപാടിയായിപ്പോയിയെന്നും കരക്കമ്പി ചെയർമാൻ പൊറുപൊറുക്കുന്നുണ്ട്. ഒറ്റനോട്ടത്തിൽ, 'വന്നോളിൻ തിന്നോളിൻ പൊക്കോളിൻ' ഇതായിരുന്നു ഇത്തവണത്തെ നയം. നാല് യോദ്ധാക്കളുടെ അകമ്പടിയിലാണ് ബാച്ചാൻ പൊതു മീറ്റിംഗിൽ പ്രസംഗം നടത്തിയത്. ആര് ശബ്ദമുണ്ടാക്കിയാലും ഉടൻ തൂക്കിയെടുത്ത് പുറത്താക്കി വാതിലടയ്ക്കാനായിരുന്നു നിർദ്ദേശം. കാര്യങ്ങൾ ഒരുവിധം തടസമില്ലാതെ നടന്നു. സമയക്രമം പാലിച്ചു.

പിന്നെ, എല്ലാവരും കൈയ്യിട്ടളിക്കുന്ന മലയാളിയുടെ ആ പഴയ ജനാധിപത്യം. അതവിടെ നിൽക്കട്ടെ. ഇങ്ങനെയും കൺവൻഷൻ നടത്താമെന്ന് ഇപ്പോൾ മനസ്സിലായില്ലേ ?

വെള്ളിയാഴ്ച വൈകുന്നേരമായതോടെ അതുവരെ അണ പൊട്ടിയൊഴുകിയ ആവേശം മൊത്തം ഒഴുകിപ്പോയതുകൊണ്ടോ എന്തോ, തിരഞ്ഞെടുപ്പ് കഴിഞ്ഞതോടെ മൊത്തത്തിൽ ഒരുതരം മ്ലാനത പരന്നു. ഇലക്ഷൻ ഫലം പ്രചരിച്ചതോടെ ആവേശം ആക്ഷേപങ്ങൾക്ക് വഴി മാറി. പ്രേത്യകിച്ച് തിരെഞ്ഞെടുപ്പ് പ്രോസസ്സിൽ ഫ്രോഡ് സംഭവിച്ചുവെന്ന ഔദ്യോഗിക വക്താവിന്റെ, വേദിയിൽ വച്ച് തന്നെ നടത്തിയ പരസ്യ പ്രസ്താവന ആക്ഷേപങ്ങൾക്ക് ആക്കം കൂട്ടി. ഇതൊന്നും നിഷ്പക്ഷമതികളായ കരക്കമ്പി ചെയർമാനെയോ കൂട്ടരെയോ, സമാനമനസ്കരെയോ അലോസരപ്പെടുത്തിയില്ല. അവർ അപ്പോഴേക്കും ലഹരിപൂരിത ആനന്ദാനുഭൂതിയിൽ ലയിച്ചിരുന്നു. ആക്ഷേപങ്ങൾക്ക് പുറകെ പ്രസിഡണ്ട് രാജി വയ്ക്കുന്നതായി അറിയിച്ചുകൊണ്ടുള്ള വാർത്തയും കൂടി ഓൺ ലൈൻ പോർട്ടലിൽ വന്നതോടുകൂടി എല്ലാവരുടെയും മ്ലാനത മൂകതയായി. ചിലരൊക്കെ പുരികം ഉയർത്തി കണ്ണും മിഴിച്ചു നിന്നു. കുട്ടി ഒന്നും മിണ്ടുന്നില്ല എന്നൊരവസ്ഥ. കരക്കമ്പി ചെയർമാനെപ്പോലെ അജണ്ട ലെസ്സ് ആയി വന്നവരൊക്കെ ബാറുകളിൽ അഭയം തേടി.

ടേക്ക് ഹോം- ആക്ഷേപങ്ങൾ ഒക്കെ അവിടെ നിൽക്കട്ടെ. കൃത്യമായും കാര്യങ്ങൾ നിയന്ത്രിച്ച പ്രസിഡന്റ്ദ്ദേഹത്തിന് ഒരു ബിഗ് സല്യൂട്ട്. ഇങ്ങനെയും സമ്മേളനം നടത്താം.


ഫോമാ ട്രഷറർ സ്ഥാനത്തേക്ക്
ബിനൂബ് ശ്രീധരൻ
സാമ്പത്തിക രംഗത്ത് സുതാര്യതയും സത്യസന്ധതയും
മികച്ച പ്രവർത്തനങ്ങൾക്ക് നേതൃത്വം; സാമ്പത്തിക അച്ചടക്കം
പരിചയസമ്പന്നമായ നേത്രുത്വം
THOMAS T OOMMEN
PRESIDENT
SAMUEL MATHAI
GENERAL SECRETARY
BINOOB SREEDHARAN
TREASURER
SUNNY KALLOOPPARA
VICE PRESIDENT
DR. PRINCE NECHIKAT DBA
JOINT SECRETARY
AMBILY SAJIMON
JOINT TREASURER


# ഫോമാ അഡ്വൈസറി ബോർഡ് ചെയർ സ്ഥാനത്തേക്ക്

# തോമസ് ജോസ്



**ഫോമായുടെ ആരംഭകാല നേതാവ്**
**നിഷ്പക്ഷതയും എല്ലാവരുമായും സൗഹൃദവും**
**ആദ്യ മലയാളം ഫോണ്ട് 'ജോസ്കുട്ടി ഫോണ്ട്'**
**രൂപം കൊടുത്ത ഭാഷാസ്നേഹി**

# അട്ടിമറിക്കപ്പെട്ട ഫൊക്കാന തിരഞ്ഞെടുപ്പ്



വടക്കേ അമേരിക്കയിലെ മലയാളികളുടെ മാമാങ്കമായി കണക്കാക്കപ്പെടുന്ന ഫൊക്കാന കൺവൻഷന് വാഷിംഗ്ടൺ ഡിസിയിൽ 2024 ജൂലൈ 18 മുതൽ 20 വരെ ഗംഭീരമായി നടത്തപ്പെട്ടു. 41-ാം വർഷത്തിലേക്ക് കാലെടുത്തു വെച്ച ഫൊക്കാന

പടലപ്പിണക്കങ്ങളെല്ലാം അവസാനിപ്പിച്ച് പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫന്റെ നേതൃത്വത്തിൽ മൂന്നു ദിവസം നീണ്ടുനിന്ന ആഘോഷരാവുകൾക്കു ശേഷം പിരിഞ്ഞു പോയിട്ടും മലയാളികളുടെ സ്വതസിദ്ധമായ കുത്തിത്തിരുപ്പും, കാലു വാരലും, അട്ടിമറിക്കലും, നവപത്രദൃശ്യ മാധ്യമങ്ങളിലൂടെ നടത്തുന്ന തള്ളി മറിക്കലുകൾ' കാണുമ്പോൾ ഏറെ കാലമായി ഫൊക്കാനയുടെ കൂടെ സഞ്ചരിക്കുന്ന വ്യക്തിയും നിലവിലുള്ള ബോർഡ് ഓഫ് ട്രസ്റ്റീ അംഗവുമെന്ന നിലയിൽ എന്റെ നിലപാടുകൾ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

2022-ൽ ഡോ. ബാബു സ്റ്റീഫൻ പ്രസിഡന്റായതു മുതൽ ഇരുവിഭാഗങ്ങളായി പിരിഞ്ഞു നിന്നിരുന്ന ഫൊക്കാന പ്രവർത്തകരെ രമ്യതയിലെത്തിക്കാൻ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ എനിക്ക് സാധിച്ചതിലുള്ള സന്തോഷം ഇവിടെ പങ്കു വെക്കുന്നു. മറ്റേതു ഫൊക്കാന പ്രസിഡന്റുമാരേക്കാളും ഫൊക്കാനയുടെ പേരില് ഏറ്റവും കൂടുതൽ മൂല്യവത്തായ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്താൻ അദ്ദേഹത്തിനു സാധിച്ചു എന്നതും അർത്ഥശങ്കക്കിട നല്കാതെ അമേരിക്കൻ മലയാളികൾക്ക് അഭിമാനിക്കാൻ വക നല്കുന്നു.

സാധാരണയായി ഫൊക്കാന കൺവൻഷനോടനുബന്ധിച്ച് നടത്തപ്പെടുന്ന തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ചുമതല ട്രസ്റ്റീ ബോർഡിനാണ്. ചട്ടപ്രകാരം ബോർഡിന്റെ അംഗസംഖ്യ 9 (ഒമ്പത്) പേരടങ്ങുന്നതാണ്. പക്ഷെ, മീറ്റിംഗുകളിലാകട്ടേ അത് 11 (പതിനൊന്ന്) വരെയാകും. ഇത് എന്തുകൊണ്ടാണ് സംഭവിക്കുന്നതെന്നോ, ഇതിന് എങ്ങനെ ഒരു പരിഹാരം കാണാം എന്നോ ഈ ഭാരവാഹികൾക്ക് ഇതുവരെ അറിവില്ല. ബോർഡ് ഓഫ് ട്രസ്റ്റീ അംഗങ്ങളുടെ യോഗ്യത മുൻ പ്രസിഡന്റോ സെക്രട്ടറിയോ ആയിരിക്കണമെന്ന നിയമം നിലനില്ക്കേ, ചെയർമാനടക്കം പകുതിയിലധികം അംഗങ്ങളും ഈ യോഗ്യതയുള്ളവരല്ല എന്ന സത്യം ഇപ്പോഴും നിലനില്ക്കുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി ഫൊക്കാനയുടെ തിരഞ്ഞെടുപ്പ് കൈകാര്യം

ചെയ്യുന്നത് ഇപ്പറഞ്ഞ ഉപജാപക സംഘങ്ങളാണെന്നതാണ് വിരോധാഭാസം. ചട്ടപ്രകാരമുള്ള യോഗ്യതയില്ലാതെ, മാറിയും മറിഞ്ഞും തെളിഞ്ഞും തെളിയാതെയും സംഘടനയിൽ അള്ളിപ്പിടിച്ചിരിക്കുന്ന ഇക്കൂട്ടർ എടുക്കുന്ന തീരുമാനങ്ങളാകട്ടേ യാതൊരു നിയമസാധുതയില്ലാത്തതുമാണ്.

ഡോ. ബാബു സ്റ്റീഫന്റെ സംഘടനാ മികവിൽ ആകൃഷ്ടരായി 3 മലയാളി സംഘടനകളാണ് ഈ വർഷം ഫൊക്കാനയിൽ അംഗത്വത്തിന് അപേക്ഷ നല്കിയത്. ഈ അപേക്ഷകൾ നടപടിക്രമം പൂർത്തിയാക്കി തീരുമാനമെടുക്കേണ്ടത് നാഷണൽ കമ്മിറ്റിയാണ്. എന്നാൽ, അവരാകട്ടേ ആ ജോലി ബോർഡ് ഓഫ് ട്രസ്റ്റിയെ വിശ്വസിച്ച് ഏലിച്ചു. ബോർഡ് ഓഫ് ട്രസ്റ്റീ അവർക്ക് വീണുകിട്ടിയ അവസരം മുതലാക്കി. പക്ഷപാതപരമായി മാത്രം പെരുമാറുന്ന ട്രസ്റ്റീ ബോർഡ് അംഗങ്ങൾ അവരിലൊരാളായ പ്രസിഡന്റ് സ്ഥാനാർത്ഥിയെ പിന്തുണയ്ക്കുന്ന 15 (പതിനഞ്ച്) സംഘടനകൾക്ക് മാത്രം അംഗത്വം നല്കി. ഇക്കൂട്ടർ തന്നെ ഏകപക്ഷീയമായി നിയമിച്ച തിരഞ്ഞെടുപ്പ് കമ്മിറ്റി അംഗങ്ങളും കൂടി നടത്തിയ ഫൊക്കാന തിരഞ്ഞെടുപ്പ് അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പിക്കുന്നതാണ്.

ഫൊക്കാനയുടെ 2024-ലെ ഇലക്ഷൻ നോട്ടിഫിക്കേഷൻ തന്നെ തെറ്റാണ്. മെരിലാന്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള, ന്യൂയോർക്കിലേയും മെരിലാന്റിലേയും കോടതികൾ 'യഥാർത്ഥ' ഫൊക്കാനയുമായി യാതൊരു ബന്ധവുമില്ല എന്ന് വിധിച്ചിട്ടുള്ള എഛരഗഅചഅ, കചഇ എന്ന കടലാസ് സംഘടനയുടെ പേരിലായിരുന്നു ഇലക്ഷൻ നോട്ടിഫിക്കേഷൻ.

ഫൊക്കാനയുടെ പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടത് നിയമാവലിയിലെ ആർട്ടിക്കിൾസ് സെക്ഷൻ 2 പ്രകാരമാണ്. അതനുസരിച്ച് 9 അംഗങ്ങളുള്ള സംഘടനക്ക് ഒരു പ്രതിനിധിയും, 400- ലധികം അംഗങ്ങളുണ്ടെങ്കിൽ 7 (ഏഴ്) പ്രതിനിധികളും,

ആയിരത്തിലധികം അംഗങ്ങളുണ്ടെങ്കില് 10 (പത്ത്) പ്രതിനിധികളും എന്നതാണ് ചട്ടം. ഇത് ഇലക്ഷൻ നോട്ടിഫിക്കേഷന്റെ ഒന്നാം പേജിൽ വ്യക്തമാക്കിയിട്ടുമുണ്ട്. വടക്കേ അമേരിക്കയിൽ ആയിരത്തിലധികം അംഗങ്ങളുള്ള നാല് സംഘടനകൾ മാത്രമേ ഉള്ളു എന്നാണെന്റെ അറിവ്. ഹ്യൂസ്റ്റൺ, ബോസ്റ്റൺ, ന്യൂയോർക്ക്, ടൊറന്റോ എന്നിവിടങ്ങളിലെ സംഘടനകളാണവ.

400-ലധികം അംഗങ്ങളുള്ള സംഘടനകൾ ഏകദേശം 8 എണ്ണം വരും. സംഘടനകളുടെ ശരിയായ അംഗത്വ ലിസ്റ്റ് അനുസരിച്ച് കണക്കാക്കിയാൽ ഏകദേശം 250-300 പ്രതിനിധികൾ ഉണ്ടാകാൻ സാധ്യതയുള്ളതിനു പകരം 70 സംഘടനകൾക്കായി 624 പേരുടെ ലിസ്റ്റാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തുവിട്ടിരിക്കുന്നത്.

അംഗ സംഘടനകളുടെ നിലവിലെ പ്രസിഡന്റിനും, മുൻ പ്രസിഡന്റിനും ഫൊക്കാനയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ മീറ്റിംഗുകളിലും ജനറൽ കൌൺസിൽ മീറ്റിംഗിലും പങ്കെടുക്കാം. എല്ലാ പ്രതിനിധികൾക്കും ഫൊക്കാനയുടെ ജനറൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുക്കാം. എന്നാൽ, നിലവിലുള്ള ഭാരവാഹികൾക്ക് ഫൊക്കാനയുടെ ജനറൽ ഇലക്ഷനിൽ വോട്ടു രേഖപ്പെടുത്താം അതായത് വോട്ടവകാശമുണ്ട് എന്ന് ഫൊക്കാനയുടേ ഭരണഘടനയിലില്ല? ഇതിനെ മറികടന്നാണ് ഇലക്ഷൻ കമ്മിറ്റി 50-ൽ അധികം ഭാരവാഹികളെ പ്രതിനിധി ലിസ്റ്റിൽ ഉള്പ്പെടുത്തിയിരുന്നത്! അവരിൽ ചിലർ ഈ ഇലക്ഷനിൽ സ്ഥാനാർത്ഥികളാവുകയും വിജയിക്കുകയും ചെയ്തു!

പതിവിൽ നിന്നും വിഭിന്നമായി ഇപ്രാവശ്യം മൂന്ന് പ്രസിഡന്റ് സ്ഥാനാർത്ഥികളുൾപ്പടെ 80-ലധികം സ്ഥാനാർത്ഥികളാണ് ഭാഗ്യപരീക്ഷണത്തിന് മുന്നോട്ടു വന്നത്. സ്വാഭാവികമായും പരാതികളുടെ എണ്ണത്തിലും അതനുസരിച്ച് വർദ്ധനവുണ്ടായി. ഇലക്ഷൻ കമ്മിറ്റി മുൻകൈയ്യെടുത്ത് ഏതെങ്കിലും പരാതി പരിഹരിച്ചതായി അറിവില്ല. എങ്കിലും, ബോർഡ് ഓഫ് ട്രസ്റ്റിക്ക് കിട്ടിയ വിവിധ പരാതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ ഗുരുതരമായ ചില പോരായ്മകൾ ചൂണ്ടിക്കാണിക്കട്ടേ....

ന്യൂയോർക്ക് അപ്സ്റ്റേറ്റിലുള്ള ഒരു സംഘടനയുടെ (പേര് ഇവിടെ വെളിപ്പെടുത്തുന്നില്ല വെബ്സൈറ്റിൽ ഏറ്റവും പുതിയ അപ്ഡേറ്റിൽ പറയുന്നതനുസരിച്ച് അവരുടെ ആകെ അംഗസംഖ്യ 119 ആണ്. 2023-24 വർഷത്തില് അംഗത്വം പുതുക്കിയവർ 61 ആണ്. ഇതനുസരിച്ച് ഈ സംഘടനക്ക് രണ്ട് പ്രതിനിധികളാണ് അർഹതയുള്ളവർ. എന്നാൽ, അവർ ഏഴ് പ്രതിനിധികളുടെ പേരുകൾ തിരഞ്ഞെടുപ്പ് കമ്മിറ്റിക്ക് നല്കിയതായി കണ്ടു. അതായത് അഞ്ച് പേര് കൂടുതല്. അവരില് മൂന്നു പേർ ഈ സംഘടന പ്രവർത്തിക്കുന്ന പ്രദേശത്തെ താമസക്കാരോ സംഘടനയിലെ അംഗങ്ങളോ അല്ല. മൂന്നു പേരില് രണ്ടു പേർ

ന്യൂജെഴ്സിയിലെ താമസക്കാരും, ഒരാൾ ന്യൂയോർക്കിൽ താമസിക്കുന്നതാണെന്നും മാത്രമല്ല, അവർ ഫൊക്കാനയുടെ ഉന്നത നേതാക്കളുടെ ഭാര്യമാരുമാണ്! അടുത്തതായി, ഈ സംഘടനയുടെ മുൻ പ്രസിഡന്റ് എന്നു പറഞ്ഞ് വോട്ടു ചെയ്യാൻ വന്ന വ്യക്തി സംഘടനയുടെ പ്രസിഡന്റായിരുന്നിട്ടില്ല. മൂന്ന് ഗുരുതര ക്രമക്കേടാണ് ഈ സംഘടന ചെയ്തിട്ടുള്ളത്... 1) അർഹതയില്ലാത്ത പ്രതിനിധികളെ വോട്ടു ചെയ്യാൻ അയച്ചു, 2) സംഘടനയിൽ അംഗങ്ങളല്ലാത്തവരെ അംഗത്വ ലിസ്റ്റിൽ ഉൾപ്പെടുത്തി അവരെ വോടു ചെയ്യാൻ അയച്ചു, 3) മുൻ പ്രസിഡന്റിന്റെ പേരിൽ ആൾമാറാട്ടം നടത്തി വോട്ടു ചെയ്തു.

മെരിലാന്റിൽ നിന്നും കിട്ടിയ ഒരു പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ അവിടത്തെ ഒരു സംഘടക്ക് സ്റ്റേറ്റ് രജിസ്ട്രേഷൻ പോലുമില്ല എന്നു കണ്ടെത്തി. എന്നാൽ, ഈ സംഘടന ഏഴ് പ്രതിനിധികളുൾപ്പെടെ 9 വോട്ടുകളാണ് രേഖപ്പെടുത്തിയത്. അവിടെ നിന്ന് മത്സരിച്ച ഒരു സ്ഥാനാർത്ഥി 4 വോട്ടിന് പരാജയപ്പെടുകയുണ്ടായി.

കാനഡയിൽ നിന്നും കിട്ടിയ ഒരു പരാതിയിൽ നടത്തിയ അന്വേഷണത്തിൽ, പുതിയതായി ചേർത്ത ഒരു അംഗ സംഘടനക്ക് നിലവിലെ പ്രസിഡന്റു മാത്രമുള്ളപ്പോൾ മുൻ പ്രസിഡന്റ് എന്ന നിലയിൽ ഒരാൾ കള്ള വോട്ട ചെയ്തു. സ്ഥാനാർത്ഥി ഒരു വോട്ടിന് പരാജയപ്പെട്ടു.

കണക്റ്റിക്കട്ടിൽ നിന്നു പങ്കെടുത്ത ഒരു സംഘടന എഴുതിക്കൊടുത്ത അപേക്ഷയിൽ അവർ തന്നെ രേഖപ്പെടുത്തിയിരിക്കുന്നത് 148 അംഗങ്ങൾ എന്നാണ്. മറ്റൊരു സംഘടന കൊടുത്തിരിക്കുന്നത് 155 അംഗങ്ങൾ എന്നാണ്. ഈ രണ്ട് സംഘടനകൾക്ക് നല്കിയിരിക്കുന്നത് ഏഴു വീതം പ്രതിനിധികളെയാണ്. സംഘടനകൾ ആവശ്യപ്പെട്ടതിലും കൂടുതൽ നല്കിയെന്നു മാത്രമല്ല, അവർക്കു വേണ്ടി വോട്ടു ചെയ്തത് മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വന്നവരാണ്.

ഫൊക്കാനയുടെ 2024 ജനറൽ ഇലക്ഷനിലെ ഏറ്റവും നിന്ദ്യമായ തട്ടിപ്പ് ജൂലൈ 4-ന് പുറത്തുവിട്ട ഫൈനൽ ഡെലിഗേറ്റ് ലിസ്റ്റ് വീണ്ടും വീണ്ടും തിരുത്തി എന്നതാണ്. ജൂലൈ 4-ന് പ്രസിദ്ധീകരിച്ച ലിസ്റ്റും ജൂലൈ 15-ലെ ലിസ്റ്റും ഒത്തുനോക്കിയാൽ ഈ വൈരുദ്ധ്യം കാണാവുന്നതാണ്.

അർഹതപ്പെട്ടതിലും കൂടുതൽ പേരെ പ്രതിനിധികളാക്കുക, അംഗസംഘടനകളിലെ അംഗങ്ങളല്ലാത്തവർ വോട്ടു ചെയ്യുക, പൊസിഷൻ മാറി വോട്ടു ചെയ്യുക, അംഗ സംഘടനയാകാൻ യോഗ്യതയില്ലാത്ത സംഘടനകളെ വോട്ടു ചെയ്യാൻ അനുവദിക്കുക തുടങ്ങിയ ചട്ടലംഘനങ്ങളിലൂടെ ഇരുന്നൂറിലധികം അനർഹരാണ് ഇത്തവണ ഫൊക്കാനയിൽ വോടു രേഖപ്പെടുത്തിയത്.

ഫൊക്കാനയുടെ ഭരണഘടനയനുസരിച്ച് ജനറൽ കൌൺസിൽ മീറ്റിംഗും, തുടർന്ന് തിരഞ്ഞെടുപ്പുമാണ് നടത്തേണ്ടത്. ജനറൽ കൗൺസിലിനു മുമ്പ് ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗം ചേരണം. അതനുസരിച്ച് ജനറൽ സെക്രട്ടറി അയച്ച അജണ്ട എല്ലാവർക്കും ലഭിച്ചിട്ടുമുണ്ട്. പക്ഷെ, ഫൊക്കാനയുടെ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ മിഡ് ടേം ജനറൽ ബോഡിയോ വാർഷിക ജനറൽ ബോഡിയോ കൂടിയതായി എനിക്കറിവില്ല. ബോർഡ് ഓഫ് ഡയറക്ട് മീറ്റിംഗ്, ജനറല് കൗണസിലിലെ സെക്രട്ടറിയുടെ റിപ്പോർട്ട്, ട്രഷററുടെ കുറിപ്പുകൾ തുടങ്ങിയവ കാണുകയോ കേൾക്കുകയോ പോലും ചെയ്തിട്ടില്ല.

നിയമാനുസൃതം നോട്ടീസ് നൽകി അനുവാദം വാങ്ങിയ ഒരു പ്രമേയത്തിലൂടെ ബോർഡ് ഓഫ് ട്രസ്റ്റിയിലെ യഥാർത്ഥ ഭൂരിപക്ഷമായ 5 അംഗങ്ങൾ ചേർന്ന് ഈ തിരഞ്ഞെടുപ്പ് നടപടികൾ സുതാര്യമല്ല എന്ന് തെളിവു സഹിതം കൺവൻഷനിൽ പങ്കെടുത്തവരെ ബോദ്ധ്യപ്പെടുത്താൻ സാധിച്ചതിൽ ഞാൻ കൃതാർത്ഥനാണ്.

2024ലെ ഫൊക്കാനയുടെ ജനറൽ ഇലക്ഷൻ സത്യസന്ധമായിട്ടല്ല നടത്തപ്പെട്ടതെന്ന് ഞാൻ വിശ്വസിക്കുന്നു. ഭംഗിയായി

പര്യവസാനിക്കേണ്ട ഒരു കൺവൻഷൻ കുത്സിത പ്രവർത്തികൾക്ക് പേരുകേട്ട ബോർഡിലെ ചില അംഗങ്ങളും അവരുടെ

ഉപജാപകവൃന്ദങ്ങളായി നിലകൊണ്ട ഇലക്ഷന് കമ്മീഷണർമാരും കൂടി കമ്മിറ്റി ഭാരവാഹികളെയും അംഗസംഘടനകളേയും തെറ്റിദ്ധരിപ്പിച്ചതിൽ അത്ഭുതപ്പെടാനില്ല. തിരഞ്ഞെടുപ്പിൽ പരാജിതരായവർ കുണ്ഠിതപ്പെടേണ്ടതില്ല. അവർ സത്യത്തിലും നീതിയിലും ധർമ്മത്തിലും ഉറച്ചുനിന്ന് പൊരുതി തോറ്റവരാണ്. അതിൽ അവർക്ക് അഭിമാനിക്കാം. എന്നാൽ, വളഞ്ഞ വഴിയിലൂടെ, കള്ള വോട്ടു നേടി വിജയിച്ചവർക്കും, അവർക്കു വേണ്ടി വ്യാജ രേഖകൾ ചമയ്ക്കുകയും ചെയ്തവർക്കും ആനന്ദിക്കാനും അഭിമാനിക്കാനും അവകാശമില്ല. അസത്യത്തിലൂടെയും അധർമ്മത്തിലൂടെയും നേടിയതൊന്നും ശാശ്വതമാകുകയില്ല, അതാണ് ലോക നീതി. ഇന്നല്ലെങ്കില് നാളെ അവരെ ജനം തിരിച്ചറിയും. അതുമല്ലെങ്കിൽ കുറ്റബോധത്തോടെ ശിഷ്ടകാലം അവർക്ക് കഴിച്ചുകൂട്ടേണ്ടി വരും.

*“You can fool some of the people all of the time, and all of the people some of the time, but you*
*can not fool all of the people all of the time.” (Abraham Lincoln)*

അടിക്കുറിപ്പ്: ഇതിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ കുറ്റമറ്റ രീതിയിൽ തെളിയിക്കാനുള്ള രേഖകൾ എന്റെ കൈവശമുണ്ട്. വായനക്കാരുമായി അത് പങ്കു വെയ്ക്കാനോ, സംവദിക്കാനോ ലേഖകൻ എപ്പോഴും തയ്യാറുമാണ്.

**ജോസഫ് കുരിയപ്പുറം**
**845 507 2667**

# 12-ഇന പരിപാടിയുമായി
# ടീം ഫോമാ

**ഫോമാക്ക് പുത്തൻ മുഖച്ഛായ നൽകുന്ന നൂതന പദ്ധതികളും നയപരിപാടികളുമായി പ്രസിഡന്റ് തോമസ് ടി ഉമ്മന്റെ നേതൃത്വത്തിൽ 'ടീം ഫോമാ.'**

**തോമസ് ടി ഉമ്മൻ**
–പ്രസിഡന്റ്

**സാമുവൽ മത്തായി**
–ജനറൽ സെക്രട്ടറി

**ബിനൂബ് ശ്രീധരൻ**
–ട്രഷറർ

**സണ്ണി കല്ലൂപ്പാറ**
–വൈസ് പ്രസിഡന്റ്

**ഡോ. പ്രിൻസ് നെച്ചിക്കാട്**
–ജോ. സെക്രട്ടറി

**അമ്പിളി സജിമോൻ**
– ജോ. ട്രഷറർ




## പന്ത്രണ്ടിന പരിപാടികൾ

- മുൻ പ്രസിഡന്റുമാരുടെ നേത്രുത്വത്തിൽ ആസ്ഥാന ബിൽഡിങ് കമ്മിറ്റി; മിച്ചം തുക കമ്മിറ്റിയെ ഏൽപ്പിക്കും
- വനിതാ സംരംഭകരുടെ അന്തർദേശീയ സംഗമം
- മലയാളി ടെക്നോളജി സമ്മിറ്റ്: സിലിക്കോൺ വാലി
- നാടക, സിനിമാ കലാകാരന്മാരുടെ ക്യാമ്പ്: ഹോളിവുഡ്
- യുവജനതക്കായി ഇന്റേൺഷിപ് പ്രോഗ്രാം; ഫെഡറൽ, സ്റ്റേറ്റ്, തലങ്ങളിലും വൻകിട കോർപ്പറേഷനുകളിലും
- ഒരു മില്യൺ ഡോളറിന്റെ ചാരിറ്റി പദ്ധതി; ഇന്ത്യക്കും അമേരിക്കക്കും തുല്യപ്രാധാന്യം
- വിദ്യാഭ്യാസ സ്കോളർഷിപ്–അമേരിക്കയിലും ഇന്ത്യയിലും
- ഇരട്ട പൗരത്വത്തിനു വേണ്ടിയുള്ള പ്രവർത്തനം, അതിനായി ഗ്ലോബൽ ഇനിഷ്യേറ്റീവ്
- പ്രൊഫെഷനലുകളുടെ ആഗോള സംഗമം.
- വിമൻസ് ഫോറവും നഴ്സസ് ഫോറവും സീനിയർ ഫോറവും ശക്തിപ്പെടുത്തും
- പുതുതലമുറക്കായി ജൂനിയർ ഫോറം കാര്യക്ഷമമാക്കും.
- ഫോമായുടെ ഭവന സഹായ പദ്ധതിയുൾപ്പെടെയുള്ള വിജയകരമായ കർമ്മപരിപാടികൾ തുടരും

# ദീപശിഖ കൈമാറുന്നുവെന്നു ബൈഡൻ; കാലാവധി പൂർത്തിയാക്കും വരെ തുടരും



പ്രസിഡന്റ് ജോ ബൈഡൻ ജനുവരിയിൽ തന്റെ കാലാവധി പൂർത്തിയാക്കുന്നതു വരെ തുടരും. 2024 മത്സരത്തിൽ നിന്നു പിന്മാറിതായി ഞായറാഴ്ച ഡെലവെയറിൽ വച്ചു പ്രഖ്യാപിച്ച ശേഷം വൈറ്റ് ഹൗസിൽ തിരിച്ചെത്തി ആദ്യമായി ബുധനാഴ്ച രാത്രി ഓവൽ ഓഫിസിൽ നിന്നു രാഷ്ട്രത്തോടു സംസാരിച്ച പ്രസിഡന്റ് 81 വയസിന്റെ ബലഹീനതകൾ ഒന്നും പ്രകടമാക്കാതെയാണ് സ്പഷ്ടമായും കൃത്യമായും 10 മിനിറ്റ് സംസാരിച്ചത്.

'പുതിയ തലമുറയ്ക്കു ഞാൻ ഈ ദീപശിഖ കൈമാറുന്നു,' ബൈഡൻ പറഞ്ഞു. 'ഞാൻ ഈ ഓഫിസിനെ ആദരിക്കുന്നു. എന്നാൽ ഞാൻ എന്റെ രാജ്യത്തെ അതിലേറെ സ്നേഹിക്കുന്നു.

'നിങ്ങളുടെ പ്രസിഡന്റായി സേവനമനുഷ്ഠിക്കാൻ കഴിഞ്ഞത് എന്റെ ജീവിതത്തിൽ ലഭിച്ച ബഹുമതിയാണ്. എന്നാൽ ജനാധിപത്യത്തെ പ്രതിരോധിക്കുക എന്നത് കൂടുതൽ പ്രധാനമാണെന്നു ഞാൻ കരുതുന്നു.'

അതിനു വേണ്ടി ഡെമോക്രറ്റുകളെ ഒന്നിപ്പിക്കാനാണ് താൻ വിടവാങ്ങിയതെന്നു അദ്ദേഹം വ്യക്തമാക്കി. തന്റെ പേരിൽ പാർട്ടിയിൽ ഭിന്നതകൾ ഉണ്ടായത് അവസാനിപ്പിക്കാൻ അത് ആവശ്യമായിരുന്നു.

'പാർട്ടിയെ ഒന്നിപ്പിക്കണം എന്ന് കഴിഞ്ഞ ആഴ്ചകളിൽ എനിക്കു കൂടുതൽ വ്യക്തമായി. എന്റെ വ്യക്തിപരമായ ആഗ്രഹങ്ങൾ പോലും ജനാധിപത്യത്തെ രക്ഷിക്കാനുള്ള ശ്രമത്തിൽ തടസമാവാൻ പാടില്ലെന്ന് ഞാൻ തീരുമാനിച്ചു. അതിനാൽ അടുത്ത തലമുറയിലേക്കു ദീപശിഖ കൈമാറുന്നതാണ് ഏറ്റവും നല്ല കാര്യമെന്നു ഞാൻ മനസിലാക്കി. നമ്മുടെ രാജ്യത്തെ ഒന്നിപ്പിക്കാൻ അതാണ് ഏറ്റവും നല്ല വഴി.

'പൊതുജീവിതത്തിൽ ദീർഘകാല അനുഭവസമ്പത്തു പ്രധാനമാവുന്ന സമയവും ഇടങ്ങളുമുണ്ട്. അതെ പോലെ തന്നെ, യുവത്വത്തിന്റെ ശബ്ദം, പുതിയ ശബ്ദം പ്രധാനമാവുന്ന സമയങ്ങളും സന്ദർഭങ്ങളും ഉണ്ട്. ആ സമയം ഇപ്പോൾ ആഗതമായി.''

തോക്ക് അക്രമത്തിൽ നിന്നു നമ്മുടെ കുട്ടികളെ സംരക്ഷിക്കുന്നതും നമ്മുടെ ഭൂഗോളത്തെ കാലാവസ്ഥാ പ്രതിസന്ധിയിൽ നിന്നു രക്ഷിക്കാനും ഇനിയുള്ള ദിനങ്ങൾ പ്രയോജനപ്പെടുത്തുമെന്നു അദ്ദേഹം ഉറപ്പു നൽകി.

സുപ്രീം കോടതിയെ പരിഷ്ക്കരിക്കേണ്ടതുണ്ട്, അത് ജനാധിപത്യത്തിന്റെ നിലനിൽപിന് അത്യാവശ്യമാണ്. അമേരിക്ക സ്വതന്ത്ര ലോകത്തിന്റെ കരുത്തും സുരക്ഷയും നിറഞ്ഞ നേതാവായിരിക്കും എന്നു ഞാൻ ഉറപ്പാക്കും.

'അതിർത്തി നമ്മൾ സുരക്ഷിതമാക്കും. മുൻ ഭരണകൂടം ഒഴിയുമ്പോൾ ഉണ്ടായിരുന്നതിനേക്കാൾ സുരക്ഷ ഇപ്പോൾ അതിർത്തിയിൽ ഉണ്ട്.

'ഏതാനും മാസങ്ങൾക്കുള്ളിൽ അമേരിക്കൻ ജനത രാജ്യത്തിൻറെ ഭാവി തീരുമാനിക്കും. ഞാൻ എന്റെ തീരുമാനം അറിയിച്ചു കഴിഞ്ഞു.

### ഹാരിസിനു നന്ദി, പിന്തുണ

'എന്റെ വൈസ് പ്രസിഡന്റ് കമലാ ഹാരിസിനു ഞാൻ നന്ദി പറയുന്നു. മഹത്തായ പ്രവർത്തനമാണ് അവർ കാഴ്ച വച്ചത്. അവർക്കു അനുഭവ സമ്പത്തുണ്ട്. കരുത്തുണ്ട്. കാര്യപ്രാപ്തിയുണ്ട്. എനിക്ക് അവിശ്വസനീയ മികവുള്ള പങ്കാളി ആയിരുന്നു അവർ. രാജ്യത്തിൻറെ ഒരു മികച്ച നേതാവും. ഇനി നിങ്ങളാണ് തീരുമാനിക്കേണ്ടത്.'

ഹാരിസിനു ട്രംപിനെ തോൽപിക്കാൻ കഴിയുമെന്നു ബൈഡൻ പറഞ്ഞു. 'അമേരിക്കയിൽ ജനങ്ങളാണ് ഭരിക്കുന്നത്. രാജാക്കന്മാരും ഏകാധിപതികളുമല്ല.'

ബൈഡൻ പ്രസിഡന്റ് സ്ഥാനം ഒഴിയണമെന്നു റിപ്പബ്ലിക്കൻ നിരയിൽ നിന്നു ഡൊണാൾഡ് ട്രംപും സ്പീക്കർ മൈക്ക് ജോൺസണും ഉൾപ്പെടെയുള്ള നേതാക്കൾ ആവശ്യപ്പെട്ടിരുന്നു. ബൈഡന്റെ ആരോഗ്യ പരിമിതികൾ അറിഞ്ഞിട്ടും അത് മറച്ചു വച്ചുവെന്നു ഹാരിസിനെതിരെ അവർ ആരോപണം ഉയർത്തുകയും ചെയ്തു.


ആരോഗ്യ വിഷയങ്ങളുടെ പേരിലല്ല ബൈഡൻ കളം വിട്ടതെന്ന് വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരീൻ ജീൻ-പിയറി കഴിഞ്ഞ ദിവസവും ആവർത്തിച്ചു.

### ഒന്നും മനസിലായില്ലെന്നു ട്രംപ്

ബൈഡന്റെ പ്രസംഗം കേട്ടിട്ടു തനിക്കൊന്നും മനസിലായില്ലെന്നു ട്രംപ് പറഞ്ഞു.

പ്രഥമ വനിത ഡോക്ടർ ജിൽ ബൈഡൻ ഭർത്താവിനെ പിന്തുണയ്ക്കുന്ന കുറിപ്പ് എക്സിൽ പോസ്റ്റ് ചെയ്തു. 'ഒരിക്കലും മടിച്ചു നിൽക്കാത്തവർക്ക്, ഒരിക്കലും സംശയിക്കാത്തവർക്ക്, എന്റെ ഹൃദയം നിറഞ്ഞ നന്ദി. ജോയിൽ അർപ്പിച്ച വിശ്വാസത്തിനു നന്ദി. ആ വിശ്വാസം ഇനി കമലയ്ക്കു നൽകുക.'

പ്രസംഗം കഴിഞ്ഞപ്പോൾ കുടുംബാംഗങ്ങളെ ആശ്ലേഷിച്ച ബൈഡൻ വൈറ്റ് ഹൗസ് സ്റ്റാഫുമൊത്തു റോസ് ഗാർഡനിൽ ഐസ് ക്രീം കഴിച്ചു.



പ്രവർത്തന വീഥിയിലൂടെ മുന്നോട്ട്...
കരുത്തോടെ.... ദിശാബോധത്തോടെ....
ഫോമയോടൊപ്പം
UNITY
OUR STRENGTH
Happy Father's Day
FOMAA
TEAM UNITED
2024 - 2026
PAUL P JOSE
FOMAA
Joint Secretary
Candidate
2024 - 2026
BABY MANAKUNNEL
for President
BAIJU VARGHESE
for General Secretary
CIGIL GEORGE PALACKALODY
for Treasurer
SHALU MATHEW PUNNOOSE
for Vice President
PAUL P JOSE
for Joint Secretary
ANUPAMA KRISHNAN
for Joint Treasurer

# സിജിൽ പാലക്കലോടി

## ഫോമാ ട്രഷറർ സ്ഥാനാർത്ഥി



ഫോമാ (FOMAA) ട്രഷറർ ആയി മത്സരിക്കുന്ന സിജിൽ പാലക്കലോടി അമേരിക്കയിലെ പ്രവാസികൾക്കിടയിൽ ബഹുമുഖ പ്രതിഭയായി അറിയപ്പെടുന്ന വ്യക്തിത്വമാണ്. വ്യവസായം, പത്രപ്രവർത്തനം, കലാരംഗം, സാമ്പത്തിക രംഗം എന്നീ മേഖലകളിലെല്ലാം അദ്ദേഹം തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. മുമ്പ് ഫോമാ നാഷണൽ കമ്മിറ്റി മെമ്പറായും, ഫോമ വെസ്റ്റേൺ റീജിയൻ ബിസിനസ് ഫോറം ചെയർ, 2022 കൺവെൻഷൻ കോർഡിനേറ്റർ എന്നീ നിലകളിലും പ്രവർത്തിച്ച അദ്ദേഹം സംഘടനയുമായി ഏറെ അടുപ്പമുള്ളയാളാണ്.

സാക്രമെന്റോ റീജിയണൽ മലയാളി അസോസിയേഷൻ മുൻ പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് ട്രഷറർ, ഇന്ത്യൻ അസോസിയേഷൻ ഓഫ് സാക്രമെന്റോ മുൻ ട്രഷറർ എന്നീ സ്ഥാനങ്ങൾ വഹിച്ച സിജിൽ, ഗ്ലോബൽ കാത്തലിക് കോൺഗ്രസ് വർക്കിങ് കമ്മിറ്റി മെമ്പർ, എസ്എംസിസി നാഷണൽ പ്രസിഡന്റ്, മുൻ ട്രഷറർ എന്നീ നിലകളിലും പ്രവർത്തിച്ചു.

നവകേരള ആർട്ട്സ് ക്ലബ്ബ് മുൻ ജോയിന്റ് ട്രഷററാ യിരുന്ന അദ്ദേഹം ലോക കേരളസഭയുടെ അമേരിക്കൻ പ്രതിനിധിയായി പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. 2024-ലെ പ്രവാസി മലയാളി ഫോറം ശ്രേഷ്ഠ പുരസ്കാരത്തിനും അർഹനായി.

**ഇന്ത്യ പ്രസ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്ക സ്ഥാപക ജോയിന്റ് ട്രഷറർ, ഇന്ത്യ പ്രസ് ക്ലബ്ബ് ഫ്ളോറിഡ ചാപ്റ്റർ സ്ഥാപക പ്രസിഡന്റ് എന്നീ ചുമതലകൾ വഹിക്കുകയും, മലയാളി മനസ് പത്രത്തിന്റെ മുൻ എഡിറ്ററായി പ്രവർത്തിക്കുകയും ചെയ്ത അദ്ദേഹം കൈരളി ടിവിയിൽ ആദ്യകാലത്ത് റിപ്പോർട്ടറായിരുന്നു.**

**അക്കൗണ്ടിങ് ആൻഡ് ഫിനാൻസിൽ ഉന്നതബിരുദധാരിയായ സിജിൽ, അമേരിക്കയിൽ പ്രവാസി വ്യവസായ മേഖലയിലെ പ്രമുഖനുമാണ്. കാലിഫോർണിയ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിൽ അക്കൗണ്ടിങ് ഓഫീസർ, ഓഡിറ്റർ എന്നീ നിലകളിലും അദ്ദേഹം മികച്ച പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്.**

***ചോദ്യം: എന്തുകൊണ്ട് ഫോമ ട്രഷററായി മത്സരിക്കുന്നു?***

വിവിധ നോൺ പ്രോഫിറ്റ് സംഘടനകളിൽ ട്രഷററായും, ജോയിന്റ് ട്രഷററായും പ്രവർത്തിച്ചുള്ള പരിചയവുമായാണ് ഫോമയെന്ന മഹത്തായ സംഘടനയുടെ അമരത്തേയ്ക്ക് ട്രഷററായി മത്സരിക്കുന്നത്. കാലിഫോർണിയയിൽ നിന്നും അക്കൗണ്ടിങ്ങിൽ മാസ്റ്റർ ബിരുദം നേടിയ ശേഷം കാലിഫോർണിയ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിൽ അക്കൗണ്ടിങ് ഓഫീസറായും, ഓഡിറ്ററായും ജോലി ചെയ്തുള്ള പ്രവർത്തനപരിചയം, ഫോമയുടെ ട്രഷറർ എന്ന നിലയ്ക്ക് സംഘടനയ്ക്ക് വളരെയധികം ഉപകാരപ്രദമാകുമെന്നതിൽ സംശയമില്ല. ഫോമ എന്ന സംഘടന ഇനിയും കൂടുതൽ അമേരിക്കൻ മലയാളികളിലേയ്ക്ക് എത്തപ്പെടണമെന്നും, അമേരിക്കയിലെ എല്ലാ മലയാളികൾക്കും ഉപകാരപ്രദമായ ഒരു കൂട്ടായ്മയായി വളർത്തണമെന്നുമുള്ള പ്രതീക്ഷയുമായാണ് ടീം യുണൈറ്റഡ് മത്സരരംഗത്ത് വന്നിരിക്കുന്നത്. ഫോമയുടെ വളർച്ച മുന്നിൽ കണ്ടുകൊണ്ട് ശക്തനായ ഒരു ട്രഷറർ ആവശ്യമാണെന്ന് മനസിലാക്കിയാണ് അക്കൗണ്ടിങ് രംഗത്തും, ട്രഷറർ രംഗത്തും പ്രവർത്തനപരിചയമുള്ള എന്നോട് ടീം യുണൈറ്റഡും, മറ്റ് ഫോമാ നേതാക്കളും മത്സരിക്കാൻ അഭ്യർത്ഥിച്ചത്. സുതാര്യവും, കാര്യക്ഷമവുമായ അക്കൗണ്ടിങ് സംവിധാനം ഉണ്ടാക്കുക എന്നതാണ് എന്റെ ലക്ഷ്യം. അക്കൗണ്ടിങ് രംഗത്തുള്ള പ്രാവീണ്യം, ട്രഷറർ എന്ന പദവി ഉത്തരവാദിത്തപൂർവ്വം നിർവ്വഹിക്കാൻ കഴിയുമെന്ന ഉറച്ച ബോധ്യത്തിലാണ് ഞാൻ ട്രഷററായി മത്സരിക്കുന്നത്.

***ചോദ്യം: എന്തുകൊണ്ട് ബേബി മണക്കുന്നേലിന്റെ നേതൃത്വത്തിലുള്ള ടീം യുണൈറ്റഡിൽ മത്സരിക്കുന്നു?***

ടീം യുണൈറ്റഡ് എന്ന പേര് പോലെ തന്നെ വളരെ കെട്ടുറപ്പുള്ള ടീമാണിത്. കഴിഞ്ഞ എട്ട് മാസമായി ഞങ്ങൾ ഒത്തൊരുമിച്ച് അമേരിക്കയിലെ വിവിധ സംഘടനകളെ സന്ദർശിക്കുന്നു. ഞങ്ങൾ തമ്മിൽ ഉറച്ച ഒരു ബന്ധം ഉടലെടുത്തിട്ടുണ്ട്. ഇത് ഫോമയുടെ വളർച്ച ലക്ഷ്യം വച്ചുള്ള 2024-26 കാലഘട്ടത്തിലെ കൂട്ടായ പ്രവർത്തനത്തിന് സഹായിക്കുമെന്നതിൽ സംശയമില്ല. അമേരിക്കയിലെ വിവിധ സംഘടനകളിൽ പ്രസിഡന്റ് പദവും, വിവിധ സ്ഥാനങ്ങളും അലങ്കരിച്ച ശേഷമാണ് ഞങ്ങൾ ആറ് പേരും നാഷണൽ എക്സിക്യൂട്ടീവിലേയ്ക്ക് മത്സരിക്കുന്നത്.

വളരെയധികം നേതൃപാടവവും, സംഘടനാപ്രവൃത്തിപരിചയവുമുള്ള വ്യവസായിയും, ഹ്യൂസ്റ്റൺ മലയാളി അസോസിയേഷൻ മുൻ പ്രസിഡന്റുമായ ബേബി മണക്കുന്നേലാണ് പ്രസിഡന്റ് സ്ഥാനാർത്ഥി. കെഎഎൻജെ ന്യൂജേഴ്സിയുടെ ഇപ്പോഴത്തെ പ്രസിഡന്റും, മികച്ച സംഘാടകനും, ഐടി ഉദ്യോഗസ്ഥനും, ബിസിനസുകാരനുമായ ബൈജു വർഗ്ഗീസാണ് സെക്രട്ടറി സ്ഥാനാർത്ഥി. സാമ്പത്തികരംഗത്ത് പ്രവർത്തിക്കുന്ന ഞാൻ ട്രഷററായും, മലയാളി അസോസിയേഷൻ ഓഫ് ഫിലാഡൽഫിയയുടെ മുൻ പ്രസിഡന്റും, നഴ്സും, ബിസിനസുകാരനും, യുവാക്കളുടെ ഹരവുമായ ശാലു പുന്നൂസ് വൈസ് പ്രസിഡന്റായും, സൗമ്യനും, ശക്തമായ സംഘടനാനേതൃത്വപാടവത്തിനുടമയും, കേരള സമാജം ഓഫ് ന്യൂയോർക്കിന്റെ മുൻ പ്രസിന്റും, ന്യൂയോർക്ക് സിറ്റി ട്രാൻസിറ്റിൽ ഉദ്യോഗസ്ഥനുമായ പോൾ ജോസ് ജോയിന്റ് സെക്രട്ടറി സ്ഥാനാർത്ഥിയായും മത്സരിക്കുന്നു. ഒഹയ മലയാളി അസോസിയേഷൻ മുൻ പ്രസിഡന്റും, ബിസിനസുകാരിയും, ഉത്തരവാദിത്തവും, സത്യസന്ധതയും കൈമുതലാക്കിയ ആളുമായ അനുപമ കൃഷ്ണനാണ് ജോയിന്റ് ട്രഷറർ സ്ഥാനാർത്ഥി. ഇതിൽ നിന്നു തന്നെ മനസിലാക്കാവുന്നതാണ് എത്രമാത്രം വൈബ്രന്റായ സംഘമാണ് ടീം യുണൈറ്റഡ് എന്നത്. ഫോമയുടെ ഭാവിയിലേയ്ക്കുള്ള വളർച്ചയ്ക്ക് വളരെ അനുയോജ്യരായ വ്യക്തികളാണ് ഞങ്ങൾ ആറ് പേരും.

***ചോദ്യം: വിജയിച്ചുകഴിഞ്ഞാൽ ടീം യുണൈറ്റഡിന്റെ പദ്ധതികൾ എന്തൊക്കെയാണ്?***

പ്രഖ്യാപനങ്ങളെക്കാളുപരി പ്രവർത്തിച്ച് കാണിച്ചുകൊടുക്കുക എന്ന ആത്മാർത്ഥമായ ലക്ഷ്യവുമായാണ് ടീം യുണൈറ്റഡ് രംഗത്ത് വന്നിരിക്കുന്നത്. ഫോമ എന്ന മഹാപ്രസ്ഥാനത്തെ മലയാളികളുടെ ഭാഗമാക്കുകയെന്ന താൽപ്പര്യമാണ് മുന്നിലുള്ളത്. എങ്കിലും ഞങ്ങളുടെ മനസിൽ നിറവേറ്റാൻ സാധിക്കുമെന്ന് തോന്നുന്ന കുറേ സ്വപ്നങ്ങളുണ്ട്. അതിൽ ചിലത് ഇവിടെ പ്രതിപാദിക്കുകയാണ്. അമേരിക്കയിലെ വിവിധ സിറ്റികളിൽ മലയാളി റിട്ടയർമെന്റ് കമ്മ്യൂണിറ്റി, 2026-ലെ കൺവെൻഷൻ തികച്ചും ഫാമിലി കൺവെൻഷനായി ഫോമയുടെ സ്ഥാപക സിറ്റിയായ ഹ്യൂസ്റ്റണിൽ വച്ച് നടത്തുക, മലയാളി ബിസിനസുകാരുടെയും, പ്രഫഷണൽസിന്റെയും നെറ്റ്വർക്ക് റീജിയണൽ, നാഷണൽ, ഗ്ലോബൽ ലെവലിൽ നിർമ്മിക്കുക, കോൺഫറൻസുകൾ നടത്തുക, സ്ത്രീകളുടെ കൂട്ടായ്മ ഫോമയുടെ നേതൃത്വത്തിൽ കൂടുതൽ വിപുലീകരിക്കുകയും, ജനകീയമാക്കുകയും ചെയ്യുക, യുവജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങൾക്ക് മുൻതൂക്കം നൽകുക, ഫോമ ഹെൽപ്പിങ് ഹാൻഡിന്റെ ചാരിറ്റി പ്രവർത്തനങ്ങൾ വിപുലീകരിക്കുക, വിവിധ സാംസ്കാരിക-കലാ-കായിക രംഗങ്ങളിൽ പാടവം കൈവരിക്കുന്ന അമേരിക്കൻ മലയാളികളെ ആദരിക്കുക എന്നിവയാണ് ചില പദ്ധതികൾ. അമേരിക്കൻ മലയാളികളോട് ചേർന്നുനിന്ന് അവരെ കൂടി ഉൾപ്പെടുത്തി അംഗസംഘടനകളുടെ പിൻബലത്തോടെയുള്ള പ്രവർത്തനമാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്.


Team FOMAA 2024 - 2026
SAMUEL MATHAI
For
GENERAL SECRETARY
A genuine leader embodies integrity, humility, confidence, patience, ethical behavior, self-awareness, altruism, and genuineness.
PLEASE SUPPORT

# Got into an accident?

# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!

# ഫോമായുടെ ന്യൂയോർക്ക് മെട്രോ റീജിയൺ ആർ.വി.പി.യായി ജെസ്‌വിൻ സാമുവേൽ മത്സരിക്കുന്നു

**ജോൺ.ടി പി.**

ന്യൂയോർക്ക്: ഫോമാ മെട്രോ റീജിയൺ വൈസ് പ്രസിഡൻറ് ആയി ജെസ്‌വിൻ സാമുവേൽ മത്സരിക്കുന്നു. ന്യൂയോർക്കിൽ പ്രൊഫഷണൽ എഞ്ചിനീയർ ആയി പ്രവർത്തിക്കുന്ന ജെസ്‌വിൻ ഫോമായുടെ ആരംഭകാലം മുതലുള്ള സജീവ പ്രവർത്തകനാണെങ്കിലും ഇതുവരെ ഒരു മത്സര രംഗത്തേക്ക് വന്നിട്ടില്ല. സ്ഥാനമാനങ്ങൾക്കു പിറകേ പോകുവാൻ തികച്ചും വിമുഖത കാണിക്കുന്ന ജെസ്‌വിൻ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. സ്ഥാനമാനങ്ങൾ ഒന്നും ഇല്ലെങ്കിലും തന്നാലാകും വിധം മറ്റുള്ളവരെ സഹായിക്കണം എന്ന മനഃസ്ഥിതിയുള്ള ജെസ്‌വിൻറെ ജീവകാരുണ്യ പ്രവർത്തനങ്ങൾ മനസ്സിലാക്കിയ ഇന്ത്യൻ അമേരിക്കൻ മലയാളീ അസ്സോസ്സിയേഷൻ ഓഫ് ലോങ്ങ് ഐലൻഡ് (IAMALI) എന്ന സംഘടനയാണ് അദ്ദേഹത്തെ ഫോമായുടെ അടുത്ത രണ്ടു വർഷത്തേക്കുള്ള ആർ.വി.പി ആയി മത്സരിക്കുവാൻ എൻഡോഴ്‌സ് ചെയ്തത്. ദീർഘ വർഷമായി IAMALI-യുടെ അംഗമാണെങ്കിലും ഇതുവരെ പ്രസ്തുത സംഘടനയിലും പ്രത്യേക സ്ഥാനം ഒന്നും ഏറ്റെടുക്കുവാൻ വ്യഗ്രത കാണിച്ചിട്ടില്ല. എന്നാൽ സംഘടനയുടെ എല്ലാ പ്രവർത്തനങ്ങളിലും അകമഴിഞ്ഞു സഹായം നൽകിവരുന്നു.

ജെസ്‌വിനും ഭാര്യ ശാലി സാമുവേലും പ്രൊഫഷണൽ എൻജിനീയർമാരായതിനാൽ രണ്ടു പേരും ചേർന്ന് ഗവണ്മെൻ്റ് കോൺട്രാക്ട് വർക്കുകൾ ചെയ്യുന്നതിനായി ഹിമാ ഗ്രൂപ്പ് (Hima Group) എന്ന ഒരു എൻജിനീയറിങ് കൺസൽട്ടൻറ് സ്ഥാപനം വർഷങ്ങളായി നടത്തി വരുന്നു. സ്റ്റേറ്റിൻ്റെയും സിറ്റിയുടെയും എം.ടി.എ-യുടെയും വിവിധ കോൺട്രാക്ട് വർക്കുകൾ ഹിമാ ഗ്രൂപ്പിലൂടെ ചെയ്യുന്നു. ജെസ്‌വിൻറെ പ്രവർത്തനങ്ങൾ ഫോമായ്ക്ക് മുതൽക്കൂട്ടാകും എന്ന് മനസ്സിലാക്കിയ IAMALIയുടെ കമ്മറ്റിയും മറ്റ് പല സംഘടനയിലെ ചുമതലക്കരും പ്രത്യേക താല്പര്യത്തിലാണ് മെട്രോ റീജിയൻറെ വൈസ് പ്രസിഡൻ്റായി മത്സര രംഗത്തേക്ക് അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചത്. ഫോമാ മെട്രോ റീജിയൻ്റെ ഫണ്ട് റൈസിംഗിൽ ഗോൾഡ് സ്പോൺസറായും, ഈ വർഷം ആഗസ്ത് 8 മുതൽ 11 വരെ ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ പുന്റ കാനയിൽ നടക്കുന്ന നാഷണൽ കൺവെൻഷനിൽ പ്ലാറ്റിനം സ്പോൺസർ ആയും ഫോമായേ വളരെയധികം സഹായിച്ചുകൊണ്ടിരിക്കുന്നു.

സി.എസ്.ഐ. സഭയുടെ നോർത്ത് അമേരിക്കൻ കൗൺസിൽ അല്മായ സെക്രട്ടറിയായി ഇപ്പോൾ പ്രവൃത്തിക്കുന്ന ജെസ്‌വിൻ സീഫോർഡ് സി.എസ്.ഐ. പള്ളിയുടെ ട്രസ്റ്റീ ബോർഡ് അംഗമായും സെൻറ് തോമസ് എക്യൂമെനിക്കൽ ഫെഡറേഷൻറെ കമ്മറ്റി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ കാലത്ത് വിവിധ സംഘടനകളിൽ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും ബാംഗ്ളൂർ യൂണിവേഴ്സിറ്റിയിൽ ഇലക്ട്രിക്കൽ എൻജിനീയറിങ് പഠനത്തിൽ വ്യാപൃതനാകുകയായിരുന്നു. പിന്നീട് ബാംഗ്ലൂരിൽ നിന്നും എം.ബി.എ.യും കരസ്ഥമാക്കി ജോലി സംബന്ധമായി അമേരിക്കയിലേക്ക് കുടിയേറി. ന്യൂയോർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ (NYIT) നിന്നും ഇലെക്ട്രിക്കൽ ആൻഡ് കമ്പ്യൂട്ടർ എഞ്ചിനീറിങ്ങിൽ മാസ്റ്റേഴ്‌സ് കരസ്ഥമാക്കി. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുവാൻ ഉതകുന്ന പ്രൊഫഷണൽ എഞ്ചിനീയർ ലൈസൻസ് ലഭിച്ചതിനു ശേഷം എഞ്ചിനീയറിംഗ് കൺസൾട്ടിങ് കമ്പനി രൂപീകരിച്ചു. ഓർത്തഡോക്സ് സഭയിലെയും, മാർത്തോമ്മാ സഭയിലെയും സി.എസ്.ഐ. സഭയിലെയും ധാരാളം പള്ളികൾക്കു സൗജന്യമായി രൂപകല്പന ചെയ്തു നൽകിയിട്ടുണ്ട്. അമേരിക്കയിലെത്തിയതിന് ശേഷം H1B വിസയിൽ അമേരിക്കയിലെത്തുന്ന ഇന്ത്യക്കാർക്ക് ഗ്രീൻ കാർഡ് ലഭിക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.




തികച്ചും സൗമ്യനും മിതഭാഷിയുമായ ജെസ്‌വിൻ നല്ലൊരു പ്രാസംഗികനും സംഘാടകനുമാണ്. ഉന്നത വിദ്യാഭ്യാസവും നേതൃത്വ പാടവും സഹായമനസ്കതയും എല്ലാവരോടും സ്നേഹപൂർവ്വം ഇടപെടുവാൻ കഴിവുമുള്ളതിനാൽ ന്യൂയോർക്ക് മെട്രോ റീജിയൻറെ വൈസ് പ്രസിഡൻറ് ആയി ഫോമായേ ഉന്നതികളിലേക്കു എത്തിക്കുവാൻ ജെസ്‌വിന് നിഷ്പ്രയാസം സാധിക്കും എന്നതിലൊട്ടും സംശയം വേണ്ടാ. ആയതിനാൽ ന്യൂയോർക്ക് മെട്രോ റീജിയണിലുള്ള എല്ലാ അംഗ സംഘടനാ പ്രതിനിധികളോടും ജെസ്‌വിനെ വോട്ട് ചെയ്ത് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.


FOMAA
Team United 2024-2026
VOTE
FOR
BAIJU
VARGHESE
For FOMAA
General Secretary
കേരള അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സിയുടെ പ്രസിഡന്റ്
ഫോമാ മിഡ് അറ്റ്ലാന്റിക് റീജിയണിന്റെ 2020–2024 ലെ ശക്തനായ റീജിയണൽ വൈസ് പ്രസിഡന്റ് (RVP)
ഫോമാ 2022 Cancun കൺവെൻഷന്റെ നാഷണൽ രജിസ്ട്രേഷൻ കോഓർഡിനേറ്റർ
ഫോമാ 2018 ചിക്കാഗോ കൺവെൻഷന്റെ നാഷണൽ രജിസ്ട്രേഷൻ കമ്മിറ്റി മെമ്പർ
ഫോമാ ഹെല്പിങ് ഹാൻഡ്സ്, സാന്ത്വന സംഗീതം കോഓർഡിനേറ്റർ
പുതിയ ആശയങ്ങൾ...
ഉപാധികളില്ലാത്ത സൗഹൃദം...
മികച്ച സംഘാടനം
BABY MANAKUNNEL
for President
BAIJU VARGHESE
for General Secretary
CIGIL GEORGE PALACKALODY
for Treasurer
SHALU PUNNOOSE
for Vice President
PAUL P. JOSE
for Joint Secretary
ANUPAMA KRISHNAN
for Joint Treasurer

# ടെക്സാസ് റിപ്പബ്ലിക്കൻ പാർട്ടിയുടെ അമരത്തു മലയാളി എബ്രഹാം ജോർജ്



**പി പി ചെറിയാൻ**

നവംബറിൽ നടക്കുന്ന അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ ഉരുക്കുകോട്ടയായി അറിയപ്പെടുന്ന ടെക്സാസ് സംസ്ഥാനത്തു ട്രംപിന്റെ വിജയം സുനിശ്ചിതമാക്കണമെന്ന ദ്രഢനിശ്ചയത്തോടെ പാർട്ടി അമരക്കാരനായ മലയാളി എബ്രഹാം ജോർജ് അരയും തലയും മുറുക്കി രംഗത്ത്.

റിപ്പബ്ലിക്കൻ പാർട്ടിയുടെ സംസ്ഥാന അധ്യക്ഷനായി ഈ വർഷം മെയ് മാസത്തിൽ അധികാരമേറ്റ എബ്രഹാം ജോർജിന്റെ ലക്ഷ്യത്തോടുള്ള അർപ്പണബോധവും അചഞ്ചലമായ പ്രതിബദ്ധതയും ഏവരുടെയും പ്രശംസ ഇതിനകം തന്നെ നേടിയെടുത്തിട്ടുണ്ട്.

കേരളത്തിൽ പാലക്കാട് നരിമറ്റത്തിൽ പാസ്റ്റർ ജോർജ്ജ് എൻ. ഏബ്രഹാം - പരേതയായ റേച്ചൽ ജോർജ്ജ് ദമ്പതികളുടെ മകനാണ് എബ്രഹാം ജോർജ് .

പെന്തക്കോസ്ത് പ്രസംഗകരായ മാതാപിതാക്കളുടെ ശിക്ഷണത്തിൽ ക്രിസ്ത്യൻ കുടുംബത്തിൽ ഉർന്നതിനാൽ, ഏബ്രഹാമിനെ ആഴത്തിലുള്ള ലക്ഷ്യബോധവും കഠിനാധ്വാനത്തിൽ ശക്തമായ വിശ്വാസവും വളർത്തുന്നതിനു ഇടയാക്കി . തനിക്ക് രണ്ട് വയസ്സുള്ളപ്പോൾ, അമേരിക്ക വാഗ്ദാനം ചെയ്യുന്ന സ്വാതന്ത്ര്യങ്ങളും അവസരങ്ങളും തങ്ങളുടെ കുട്ടികൾക്ക് നൽകാനുള്ള ആഗ്രഹത്താൽ പ്രചോദിതരായ അദ്ദേഹത്തിന്റെ കുടുംബത്തിന് അമേരിക്കയിലേക്കുള്ള വിസയ്ക്കായി 14 വർഷമാണ് കാത്തിരിക്കേണ്ടി വന്നത്.

1996-ൽ, 16-ാം വയസ്സിൽ, ഏബ്രഹാമും കുടുംബവും ടെക്സാസിലെ കരോൾട്ടണിൽ എത്തി. അവിടെ അദ്ദേഹം ഒരു പുതിയ സംസ്കാരത്തോടും ഭാഷയോടും പൊരുത്തപ്പെടുന്നതിനുള്ള വെല്ലുവിളികൾ ഏറ്റെടുത്തു . തന്റെ നിശ്ചയദാർഢ്യത്തിൽ അചഞ്ചലനായ അദ്ദേഹം, ഒരു ജാനിറ്ററുടെ സഹായിയായി തുടങ്ങി തന്റെ കുടുംബത്തെ പോറ്റാനുള്ള ജോലി കണ്ടെത്തി. തുടർന്ന് ഉന്നത വിദ്യാഭ്യാസം നേടുകയും ഐടി വ്യവസായത്തിൽ അക്ഷീണമായ നിശ്ചയദാർഢ്യത്തോടെ പടവുകൾ കയറുകയും ചെയ്ത അദ്ദേഹത്തിന്റെ യാത്ര അമേരിക്കൻ സ്വപ്നത്തെ മാതൃകയാക്കുന്നു.

2008 ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഏബ്രഹാമിന്റെ രാഷ്ട്രീയ ഇടപെടൽ ആരംഭിച്ചു. അവിടെ, ബരാക് ഒബാമയെയും ഡെമോക്രാറ്റിക് പാർട്ടിയെയും പിന്തുണയ്ക്കുമെന്ന് ന്യൂനപക്ഷ സമുദായത്തിനുള്ളിൽ പ്രതീക്ഷകൾ ഉണ്ടായിരുന്നിട്ടും, ഒബാമയുടെ നയങ്ങളോടുള്ള വിയോജിപ്പിനെത്തുടർന്ന് റിപ്പബ്ലിക്കൻ പാർട്ടിയിൽ അണിനിരക്കാൻ അദ്ദേഹം തീരുമാനിച്ചു.

കോളിൻ കൗണ്ടി റിപ്പബ്ലിക്കൻ പാർട്ടി മുൻ കൗണ്ടി ചെയർമാനായും, സ്റ്റേറ്റ് പാർട്ടിയുടെ മുൻ SREC അംഗമായും സേവനമനുഷ്ഠിച്ചതും GOPയിലെ അദ്ദേഹത്തിന്റെ ശ്രദ്ധേയമായ നേതൃത്വ റോളുകളിൽ ഉൾപ്പെടുന്നു. ബ്ലോക്ക്-വാക്കിംഗ്, ഡിഎഫ്ഡബ്ല്യുവിൽ റിപ്പബ്ലിക്കൻമാർക്ക് പിന്തുണ സൃഷ്ടിക്കൽ തുടങ്ങിയ സുപ്രധാന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിലൂടെ എബ്രഹാം തന്റെ രാഷ്ട്രീയ കഴിവുകൾ മെച്ചപ്പെടുത്തി. കോളിൻ കൗണ്ടിയിലേക്ക് മാറിയതിനുശേഷം, കോളിൻ കൗണ്ടി കൺസർവേറ്റീവ് റിപ്പബ്ലിക്കൻമാരുടെ ബോർഡിലും കൺവെൻഷനുകളുടെ കമ്മിറ്റി ചെയർമാനുമടക്കം വിവിധ തലങ്ങളിൽ സേവനമനുഷ്ഠിച്ചുകൊണ്ട് അദ്ദേഹം പ്രാദേശിക ജിഒപിയുമായുള്ള തന്റെ ഇടപെടൽ തുടർന്നു. അദ്ദേഹത്തിന്റെ അർപ്പണബോധവും കഠിനാധ്വാനവും കോളിൻ കൗണ്ടി റിപ്പബ്ലിക്കൻ പാർട്ടിയുടെ വൈസ് ചെയർ സ്ഥാനവും പിന്നീട് സെനറ്റ് ഡിസ്ട്രിക്റ്റ് 8-നെ പ്രതിനിധീകരിക്കുന്ന സ്റ്റേറ്റ് റിപ്പബ്ലിക്കൻ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഇടവും നേടി.

തന്റെ രാഷ്ട്രീയ ശ്രമങ്ങൾക്കപ്പുറം, ഏബ്രഹാമിന്റെ സംരംഭകത്വ മനോഭാവം അദ്ദേഹത്തെ ഒന്നിലധികം വിജയകരമായ


HAPPY
4TH OF JULY
INDEPENDENCE DAY
Please Elect
Ambily Sajimon
FOMAA
Joint Treasurer
Candidate 2024-26
FOMAA TEAM 2024-26
Ready for Change, Ready to Lead!!!
THOMAS T OOMMEN
PRESIDENT
SAMUEL MATHAI
GENERAL SECRETARY
BINOOB SREEDHARAN
TREASURER
SUNNY KALLOOPPARA
VICE PRESIDENT
DR. PRINCE NECHIKAT.DBA
JOINT SECRETARY
AMBILY SAJIMON
JOINT TREASURER



ബിസിനസുകൾ സ്ഥാപിക്കാൻ പ്രേരിപ്പിച്ചു. ഒരു മാതൃകാപൗരനും , കുടുംബസ്ഥനും എന്ന നിലയിലുള്ള തന്റെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. ഒരു ഭർത്താവും പിതാവും എന്ന നിലയിൽ, യാഥാസ്ഥിതിക തത്വങ്ങളിലും സാമ്പത്തിക അഭിവൃദ്ധിയിലും കെട്ടിപ്പടുത്ത ഒരു ഭാവി സുരക്ഷിതമാക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം മനസ്സിലാക്കുന്നു.


റിപ്പബ്ലിക്കൻ പാർട്ടി ഓഫ് ടെക്സാസിന്റെ ചെയർമാൻ സ്ഥാനത്തേക്ക് മത്സരിക്കാനുള്ള അദ്ദേഹത്തിന്റെ തീരുമാനം അമേരിക്കയുടെ അടിസ്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ആഴത്തിലുള്ള പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നതായിരുന്നു. സ്ഥാനമൊഴിയുന്ന ചെയർ മാറ്റ് റിനാൽഡിയുടെ പിൻഗാമിയായിട്ടാണ് പാർട്ടി വൈസ് ചെയർ ഡാന മിയേഴ്സിനെ പരാജയപ്പെടുത്തി ഏബ്രഹാം പാർട്ടിയുടെ സംസ്ഥാന അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടത്

, ഒരു കുടിയേറ്റക്കാരൻ എന്ന നിലയിലുള്ള ഏബ്രഹാമിന്റെ അതുല്യമായ വീക്ഷണം, GOP അതിന്റെ തത്ത്വങ്ങൾ പാലിക്കുകയും വിട്ടുവീഴ്ചയ്ക്കെതിരെ പോരാടുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള അദ്ദേഹത്തിന്റെ സമർപ്പണത്തെ ഊർജസ്വലമാക്കുന്നു. ടെക്സാസിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുകയും എല്ലാവർക്കും സ്വാതന്ത്ര്യത്തിന്റെയും അവസരത്തിന്റെയും പാരമ്പര്യം ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ കഥ, കഠിനാധ്വാനം, ത്യാഗം, കൃതജ്ഞത എന്നിവയാൽ സവിശേഷമായ അമേരിക്കൻ സ്വപ്നത്തിന്റെ സാക്ഷ്യമാണ്.

ആയിരക്കണക്കിന് റിപ്പബ്ലിക്കൻമാരുടെ പിന്തുണ ലഭിക്കുകയും റിപ്പബ്ലിക്കൻ പാർട്ടി ഓഫ് ടെക്സാസിന്റെ ചെയർമാനായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തതിൽ ഞാൻ വിനീതനും, നന്ദിയുള്ളവനും ആണ്' തന്റെ വിജയത്തിന് തൊട്ടുപിന്നാലെ ഏബ്രഹാം ജോർജ്ജ് സോഷ്യൽ മീഡിയയിൽ പറഞ്ഞു. 'നമ്മുടെ സംസ്ഥാനത്തെ എല്ലാ റിപ്പബ്ലിക്കൻ പാർട്ടിക്കാരുമായും ഐക്യപ്പെടാനും ഞങ്ങളുടെ പങ്കിട്ട ലക്ഷ്യത്തിനായി പ്രവർത്തിക്കാനും ഞാൻ ആഗ്രഹിക്കുന്നു: ഈ നവംബറിലെ ബാലറ്റിൽ ഡൊണാൾഡ് ട്രംപ്, ടെഡ് ക്രൂസ്, മറ്റ് എല്ലാ റിപ്പബ്ലിക്കൻ സ്ഥാനാർഥികളേയും തെരഞ്ഞെടുകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

ഏബ്രഹാം ജോർജജ് (റെജി), ഭാര്യ ജീന (പ്രിയ) ,മക്കൾ സാറ, ഏബൽ എന്നിവർ ഉൾപ്പെടുന്നതാണ് കുടുംബം. റോസ്‌ലിൻ ജോൺ ഏക സഹോദരിയാണ് . ഡോക്ടർ ജെയ്സൺ ജോൺ സഹോദരി ഭർത്താവും. ഡാളസ് ഐ.പി.സി. ഹെബ്രോൻ സഭാംഗങ്ങൾ ആണ്.




FOMAA TEAM UNITED
2024-26
VOTE
UNITY
OUR
STRENGTH
ANUPAMA KRISHNAN
FOR
JOINT TREASURER
BABY MANAKUNNEL
for President
BAIJU VARGHESE
for General Secretary
CIGIL GEORGE PALACKALODY
for Treasurer
SHALU MATHEW PUNNOOSE
for Vice President
PAUL P JOSE
for Joint Secretary
ANUPAMA KRISHNAN
for Joint Treasurer
Made with PosterMyWall.com

# ഫൊക്കാന സാഹിത്യകൂട്ടായ്മ



**മീനു എലിസബത്ത്**

–

കവിതയുടെ, സംഗീതത്തിന്റെ, കഥ പറച്ചിലിന്റെ, ചർച്ചകളുടെ, വായ്ത്താരികളുടെ, സ്നേഹത്തിന്റെ, ഒരുമയുടെ, കേരളത്തനിമയുള്ള ഭക്ഷണത്തിന്റെ, ഒരു പാടോർമ്മകൾ സമ്മാനിച്ച മൂന്ന് നാല് ദിവസങ്ങൾ ...

പ്രിയ കവി മുരുകൻ കാട്ടാക്കടയോടൊപ്പമുണ്ടായിരുന്ന സംഗീത സദസ്സുകൾ!

ലാന കുടുംബക്കാരെ വീണ്ടും കണ്ടതിലുണ്ടായ ആഹ്ലാദം. എഴുത്തുകാരും അല്ലാത്തവരുമായ പുതിയ നിരവധി പേരെ പരിചയപ്പെടാൻ കഴിഞ്ഞതിലുള്ള സന്തോഷം. കൂടുതൽ എഴുതാനും വായിക്കുവാനും പ്രചോദനം തരുന്ന ചെറു മീറ്റിങ്ങുകൾ! ഹൃസ്വവും ലളിതവുമായിരുന്ന പുസ്തകപ്രകാശനങ്ങൾ! (കോരസന്റെ ഒഴികെ). അത് ദീർഘവും അൽപ്പം ഗാമ്പീര്യം കൂടിയതുമായിരുന്നല്ലോ! വർണ്ണശമ്പളം എന്ന് വിശേഷിപ്പിക്കാം.

മികച്ചയൊരു സംഘടകയും, വളരെയേറെ നൻമ്മയുള്ളൊരു വ്യക്തിത്വത്തിന്റെ ഉടമയും, ശക്തമായ നേതൃ പാടവത്തിന്റെ പര്യായവുമായ ശ്രീമതി ഗീത ജോർജ് !

കണ്ടുമുട്ടുന്നവർക്കെല്ലാം ചേച്ചിയോ, അനുജത്തിയോ ആന്റിയോ, അമ്മയോ, ആണെന്ന് തോന്നിപ്പിക്കുന്ന വിധമുള്ള അവരുടെ ഇടപെടലുകൾ. എല്ലാവരെയും സ്നേഹം കൊണ്ട് ചേർത്തുവാനും ശാസിക്കേണ്ടിടത്തു അതും ചെയ്യുവാനും മടിയില്ലാത്തയാൾ.

ഫൊക്കാനയുടെ സാഹിത്യക്കൂട്ടായ്മക്കായി അഹോരാത്രം പരിശ്രമിച്ചു നിശബ്ദ സാന്നിധ്യമായി അണിയറയിൽ നിന്ന് കരുക്കൾ നീക്കിയ പ്രിയപ്പെട്ട ബെന്നി കുരിയൻ.

ഗീത ജോർജിന്റെയും ബെന്നിയുടെയും നേതൃത്വത്തിൽ നടന്ന ഫൊക്കാന സാഹിത്യ സമ്മേളനം ഹൃദ്യമായ ഒരനുഭവമായിരുന്നുവെന്നു പറയാതെ വയ്യ.

ഫൊക്കാന സമ്മേളനം അതി ഗംഭീരമാക്കാൻ നേത്രത്വം നൽകിയ അതിന്റെ സ്വന്തം നേതാവ് ഡോക്ടർ: ബാബു സ്റ്റീവനോടും മറ്റു സംഘടകരോടും നന്ദി പറയുവാൻ ഈ അവസരം ഉപയോഗിച്ച് കൊള്ളട്ടെ.

സാഹിത്യത്തിന് അതർഹിക്കുന്ന പ്രാധാന്യം കൊടുത്തു തന്നെയായിരുന്നു മീറ്റിങ്ങുകൾ സരങ്ങേറിയത്. മുരളി നായരും, അനിലാൽ ശ്രീനിവാസനും, അബ്ദുൾ പുന്നയൂർക്കുളവുവും, ജെയിംസ് കൂരിക്കാട്ടിലും, ജെ.സി.ജെ യും, കോരസനും ഉൾപ്പെടുന്ന സാഹിത്യകമ്മിറ്റിയുടെ പ്രവർത്തനവും എടുത്തു പറയേണ്ടത് തന്നെ.

ഇന്നിപ്പോൾ പിരിഞ്ഞു പോക്കിന്റെ ചെറു നൊമ്പരത്തോടെ, നിറമുള്ള ഓര്മകളുമായുള്ള പടിയിറക്കം. ഇനി നവംബറിൽ ലാന മീറ്റിങ്ങിനു കൂടാമെന്നുള്ള പ്രതീക്ഷ.

അതെ ഇത് പോലെയുള്ള സാഹിത്യകൂട്ടായ്മകളും സംഗീത സദസ്സുകളും പകർന്നു തരുന്ന ഊർജ്ജമാണ് മുന്നോട്ട് നയിക്കുന്നത്.

നന്ദി ആരോട് ഞാൻ ചൊല്ലേണ്ടു


FEDERATION OF KERALA ASSOCIATIONS IN NORTH AMERICA
FOKANA INTERNATIONAL CONVENTION 2024
സാഹിത്യ സമ്മേളനം
LITERARY SEMINAR
JULY 18-20, 2024 WASHINGTON DC


FEDERATION OF KERALA ASSOCIATIONS IN NORTH AMERICA
21ST FOKANA























FEDERATION OF KERALA ASSOCIATIONS IN NORTH AMERICA
FOKANA INTERNATIONAL CONVENTION 2024
സാഹിത്യ സമ്മേളനം








FEDERATION OF KERALA ASSOCIATIONS IN NORTH AM
FOKANA INTERNATIO
CONVENTION 2024














Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

Classifieds



Buy & Sell

REAL ESTATE

## Bridegroom Wanted



### Bridegroom wanted

Catholic parents seeking alliance for their daughter, a 29, with a Doctorate in Pharmacy from the Washington State University in Seattle. She is beautiful, dedicated and compassionate, and is been working as Pharmacist for two years. We are looking for a well-educated, understanding, and caring life partner, preferably with a medical professional background, who is around 30-32 years, from RC or other Christian suitable denominations. We believe in the importance of compatibility, respect, and shared values in a marriage.

Pl contact us with your son's details and recent photographs at lalithundiyil@yahoo.com

### Bride Wanted

Marthomite parents of Physician Associate (PA) 28 born and brought up in the US, seek alliance from qualified girls (ages between 25 to 28) from any Christian denominations. He is 6" tall and works in New York.
Interested parties please call 1-917-900-2123 or email info@medialogistics.us

### Bride groom Wanted

Marthomite parents of doctor, 26 born and brought up in the US, seek alliance from professionally qualified boys (ages between 26 to 29) from any Christian denominations. She is fair, 5"4" tall and family oriented and now works in New Jersey. Interested parties please call 1-917-900-2123 or email info@ media logistics .us

### Seeking Bride

B.Tech engineer, mechanical, now working in Dubai Working as a Quality Management System Administrator in Premier Composite Technologies, seeks alliance from girls, any denomination. He belongs to an Orthodox family in Wadakanchery, Thrissur. Age: 26; DOB: 26.01. 996; Weight: 61 kg; Height: 172 cm. Complexion: medium

Contact: 845 300 6781

## Real Estate

REAL ESTATE

3 BHK New Luxury Apartment In Trichur Town (Near Round)

Contact – 9846128822

### പത്തനംതിട്ടയിൽ ഭൂമി വിൽപനയ്ക്ക്

പത്തനംതിട്ട കാതോലിക്കേറ്റ് കോളജിനു സമീപം 25 സെന്റ് സ്ഥലം വിൽപനയ്ക്ക്. വില്ലകളോ ഫ്ളാറ്റുകളോ നിർമ്മിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം.
കാതോലിക്കേറ്റ് കോളേജ് റോഡിന്റെ സൈഡിലും പത്തനംതിട്ട-ഓമല്ലൂർ റോഡിൽ നിന്ന് മീറ്റർ ഉള്ളിലാണ് കോമ്പൗണ്ട് വാൾ ഉണ്ട് . ദയവായി ബന്ധപ്പെടുക (516) 5031735.

Land for sale in changanacherry

Changanacherry: 28 Cents of prime land with about 25 meter frontal access to main bypass road and within walkable distance of town/railway, bus stations, schools, colleges, hospitals & places of worship. Suitable for commercial / residential projects – available for sale.

This portion of the land is part of larger 58 cent plot with a ancestral house of 4500 Sq.ft with separate entrance. Genuine buyers only - do contact at: Contact: +971552625657 email: plotcgy@gmail.com

### വരനെ ആവശ്യമുണ്ട്

ഹിന്ദു യുവതി, Bsc Nurse, വർക്ക് പെർമിറ്റ്, 39 വയസ്സ്, അവിട്ടം '5'1'. ഇരുനിറം. പുനർവിവാഹം. ബാധ്യതകളില്ല. ജാതി സാമ്പത്തികം പ്രശ്നമില്ല. US citizens only

Contact - 215-880-3341
or vincentemmanuel @aol.com





Established in 1993

Indian School of Culture, Languages and Arts

P.O Box 521, White Plains, N. Y. 10602

## MALAYALAM THROUGH ENGLISH

*by:*




### Dr. James Kurichi

This 358-page book in 32 lessons teaches the English-speaking population to read, write, and speak Malayalam language.
It will be of enormous help to the descendants of Malayalee immigrants.
The best gift Malayalee immigrants can make to their children and grandchildren.

To purchase the book

email: malayalamthroughenglish@gmail.com


MUKKUT
MONUMENTS INC.
PHONE (C) 972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
Edith Espinoza
Edith Espinoza
12-02-1970
04-17-2016
Joaquin Espinoza
11-16-1962
ST. GREGORIOS OF PARUMALA
MEMORIAL MONUMENT
KURIAN
FAMILY
THEKKEDATH
We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

# നിര്യാതരായി



**അന്നമ്മ ഡാർവിൻ**

ചിക്കാഗോ: ചെങ്ങന്നൂർ പുലിയൂർ പാലാക്കാമണ്ണിൽ പി.എസ്. ഡാർവിന്റെ പത്നി അന്നമ്മ ഡാർവിൻ (മണി-65) ചിക്കാഗോയിൽ അന്തരിച്ചു. ചെങ്ങന്നൂർ ഉഴത്തിൽ കുടുംബാംഗമാണ്.മക്കൾ: ഡെന്നി (റെസ്പിറ്ററി തെറാപ്പിസ്റ്റ്), മെൽവിൻ (മെഡിക്കൽ സ്റ്റുഡന്റ്) സഹോദരർ: തമ്പി, ലീലാമ്മ, ഓമന, ലിസി (എല്ലാവരും ചിക്കാഗോ), മോനച്ചൻ (ന്യൂയോർക്ക്), ഫോമാ സൺഷൈൻ റീജിയൻ മുൻ ആർ.വി.പി. വിത്സൺ ഉഴത്തിൽ (ഫ്ളോറിഡ).

**സാറാമ്മ ചാക്കോ**

പുതുപ്പള്ളി: മണലുംഭാഗത്ത് സാറാമ്മ ചാക്കോ (72) അന്തരിച്ചു. തലയോലപ്പറമ്പ് തളിയാക്കൽ കുടുംബാംഗമാണ്. ഭർത്താവ്: പി. സി.ചാക്കോ. മക്കൾ: ആശ, സൂസി, എൽസ. മരുമക്കൾ: റോയ്സ് അനിൽ



**പാസ്റ്റർ എം വി ജോർജ്**

ചിക്കാഗോ: പാസ്റ്റർ എം വി ജോർജ് (കുഞ്ഞുമോൻ 78) ഷിക്കാഗോയിൽ അന്തരിച്ചു. പത്തനംതിട്ട കടമ്പനിട്ട സ്വദേശിയായ അദ്ദേഹം മുളന്തറ കുടുംബാംഗമാണ്. ജെസ്സി ജോർജ് ആണ് ഭാര്യ. ആദ്യ ഭാര്യ പരേതയായ തങ്കമ്മ ജോർജ്. അര നൂറ്റാണ്ടു മുൻപ് അമേരിക്കയിൽ എത്തിയ പരേതൻ ദീർഘകാലം ബാങ്ക് ഓഫ് അമേരിക്കയുടെ ഉദ്യോഗസ്ഥനായിരുന്നു. പരേതരായ കെ വി വർഗീസ് മറിയാമ്മ വർഗീസ് എന്നിവരാണ് മാതാപിതാക്കൾ.

**അച്ചാമ്മ മാത്യു**

കോട്ടയം: നെല്ലിശേരിൽ പുത്തൻപറമ്പിൽ പരേതനായ പി.എം.മാത്യുവിന്റെ ഭാര്യ അച്ചാമ്മ മാത്യു (കുട്ടിയമ്മ,101) അന്തരിച്ചു. മക്കൾ: ശോശാമ്മ മാത്യു (യുഎസ്), പരേതനായ പി.എം.മാത്യു, കുഞ്ഞൂഞ്ഞമ്മ.



**റേച്ചൽ ജോർജ്ജ്**

ഡാളസ്: അമേരിക്കൻ റിപ്പബ്ലിക്കൻ പാർട്ടി ടെക്സാസ് സ്റ്റേറ്റ് ചെയർമാൻ ഏബ്രഹാം ജോർജ്ജിന്റെ മാതാവ് പാലക്കാട് നരിമറ്റത്തിൽ റേച്ചൽ ജോർജ്ജ് (ചിന്നമ്മ -71) അന്തരിച്ചു. 1995-ൽ അമേരിക്കയിൽ സ്ഥിരതാമസം ആക്കിയിരുന്ന കുടുംബം, പ്രേഷിത പ്രവർത്തനത്തിന്റെ ഭാഗമായി കേരളത്തിൽ താമസിച്ചു വരവെയാണ് അന്ത്യം. പാലക്കാട് ശാലേം ബൈബിൾ സെമിനാരിയുടെ ഡയറക്ടർമാരിൽ ഒരാളായിരുന്നു പരേത. കുടുംബം ഡാളസ് ഐ.പി.സി. ഹെബ്രോൻ സഭാംഗങ്ങൾ ആണ്. നരിമറ്റത്തിൽ പാസ്റ്റർ ജോർജ്ജ് എൻ. ഏബ്രഹാം ആണ് ഭർത്താവ്. മക്കൾ: ഏബ്രഹാം ജോർജ്ജ് (റെജി) - ജീന (പ്രിയ). റോസ്ലിൻ ജോൺ - ഡോക്ടർ ജെയ്സൺ ജോൺ.കൊച്ചുമക്കൾ: സാറ, ഏബൽ, എസ്രാ, ജൂഡ്.



**ഷൈനി വർഗ്ഗീസ്**

കാലിഫോർണിയ/ ആലുവ: കൊല്ലേട്ട് പുള്ളോ ലിക്കൽ പരേതനായ ഇ.എ. വർഗ്ഗീസിന്റെ ഭാര്യ ഷൈനി വർഗ്ഗീസ് (65) കാലിഫോർണിയയിൽ അന്തരിച്ചു.പരേത, കോട്ടയം കുമരകം പാറക്കൽ പരേതനായ കുഞ്ഞച്ചന്റെയും തങ്കമ്മയുടെ യും മകളാണ്.മക്കൾ-സൂസൻ (സണ്ണിവെയ്ൽ,ഡാളസ്), മേഘ (കാലിഫോർ ണിയ), ഐശ്വര്യാ (ലണ്ടൻ). മരുമക്കൾ - ഗ്ളെൻ, ഡെന്നിസ്, ജെയ്ക്ക്.കൊച്ചുമക്കൾ- നാഥൻ, നിക്കോൾ, എലീ നോർ, നതാനിയ, എലിസ, ജിരെഹ്. സഹോദരങ്ങൾ - ബിന്നി നൈനാൻ, ജഗൻ തോമസ്.


**അന്നക്കുട്ടി കുര്യൻ**

മരങ്ങോലി:ചൂരക്കുഴിയിൽ അന്നക്കുട്ടി കുര്യൻ (82) അന്തരിച്ചു. ഭർത്താവ്: പരേതനായ കുര്യൻ. മരുമക്കൾ: ലൗലി കൊയിലേരിയിൽ (കണ്ണൂർ), ഷൈനി.



**ഏബ്രഹാം ജേക്കബ്**

ഫിലാഡൽഫിയ: അര നൂറ്റാണ്ടായി ഫിലാഡൽഫിയയിൽ സ്ഥിരതാമസമായിരുന്ന കോട്ടയം പാമ്പാടി എട്ടാം മൈൽ പ്രാകത്ത് (വെള്ളക്കോട്ട്) കുടുംബാംഗം ഏബ്രഹാം ജേക്കബ് (ഫിലാഡൽഫിയ തമ്പി, 75) ഇന്ന് അന്തരിച്ചു. ഏതാനും നാളുകളായി രോഗബാധിതനായി ചികിത്സയിലായിരുന്നു. വാകത്താനം പള്ളിക്കപ്പറമ്പിൽ കുടുംബാംഗം കുഞ്ഞൂഞ്ഞമ്മ ജേക്കബ് ഭാര്യയും, പ്രഭ രെജു, ഡോ. പ്രിയ മധു എന്നിവർ പുത്രിമാരുമാണ്. രെജു (വാഷിംഗ്ടൺ), മധു (ലോംഗ്ഐലന്റ്) എന്നിവർ മരുമക്കളുമാണ്. ഫിലാഡൽഫിയയിലെ സെന്റ് പീറ്റേഴ്സ് സിറിയൻ ഓർത്തഡോക്സ് കത്തീഡ്രൽ ദേവാലയത്തിന്റെ സ്ഥാപകാംഗവും, ബസേലിയോസ് കോളജിലെ പൂർവ്വ വിദ്യാർത്ഥിയായിരുന്നു.



**റവ ഫാ ഡോ.റ്റി. ജെ. ജോ ഷ**

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കോട്ടയം ഭദ്രാസനത്തിലെ സീനിയർ വൈദീകനായിരുന്ന ഗുരുരത്നം റവ ഫാ ഡോ.റ്റി. ജെ. ജോഷ (97) അന്തരിച്ചു. കോട്ടയം പഴയസെമിനാരിയിലെ സീനിയർ അദ്ധ്യാപകനായിരുന്നു. കോട്ടയം കുറിച്ചിയിലെ വസതിയിൽ വച്ചായിരുന്നു മരണം. മലങ്കര സഭയുടെ കൺവെൻഷൻ രംഗത്തെ പ്രഗൽഭ ആചാര്യ ശ്രേഷ്ഠനായിരുന്നു. നിലവിൽ മലങ്കര സഭയുടെ വർക്കിംഗ് കമ്മിറ്റി അംഗമാണ്. പള്ളം സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി ഇടവ കാംഗമാണ്. പരേതയായ ഡോ മറിയാമ്മ ജോഷായാണ് ഭാര്യ.പ്രൊഫസറായ ഡോ. റോയി, ഡോ. രേണു എന്നിവരാണു മക്കൾ.



**ഡേവിഡ് ജോൺസൺ**

ന്യൂയോർക്ക്: അടൂർ പറക്കോട് ഇടവിളയിൽ ഡേവിഡ് ജോൺസൺ (67) ന്യൂയോർക്കിലെ എൽമോണ്ടിൽ അന്തരിച്ചു. ഭാര്യ പരേതയായ ഷേർളി. മക്കൾ: ജോബിൻ ജോൺസൺ, ജെൻസി സുബിൻ. മരുമകൻ: സുബിൻ മോനി കൊച്ചുമക്കൾ: മീവൽ, മിഖേല.

**സക്കറിയ ജോസഫ്**

കോട്ടയം: വേളൂർ കൊച്ചുപുരയ്ക്കലായ സക്കറിയ ജോസഫ് (പാപ്പച്ചൻ 97) അന്തരിച്ചു. ഭാര്യ: നിരണം ഇലഞ്ഞിക്കൽ പരേതയായ കുഞ്ഞൂഞ്ഞമ്മ. മക്കൾ: ജോസ്, തമ്പി. മരുമക്കൾ: തിരുവഞ്ചൂർ വെള്ളൂർ ആൻസി, കോട്ടയം കാഞ്ഞിരത്തിൽ അഞ്ജു. കാലം ചെയ്ത ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പൊലീത്തയുടെ സഹോദര പുത്രനാണ്.



**ബേബി പി പൊറിഞ്ചു**

ന്യൂയോർക്ക്/തൃശൂർ :ബേബി പി പൊറിഞ്ചു ന്യൂയോർക്കിൽ അന്തരിച്ചു. തൃശൂർ പേരാമംഗലം കുടുംബാംഗമാണ്. അന്തരിച്ച ഇവാഞ്ചലിസ്റ്റ് പി.പി ജോബിന്റെ സഹോദരനും, യോങ്കേഴ്സ് ഇന്റർനാഷണൽ ചർച്ച ഓഫ് ഗോഡ് സജീവ അംഗവുമാണ്.ഭാര്യ അച്ചാമ്മ ബേബി, (ലില്ലിക്കുട്ടി).മക്കൾ: ലിബ്സി, ലിബി ബേബി (ലൂക്ക് മാലക്കായ്), വർഗീസ് ബേബി (റോയ്)മരുമക്കൾ : ബെജോർൺ, ഷെനെല്ലെ. കൊച്ചുമക്കൾ, ലൈല, അലന. ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസ് പ്രസിഡന്റ് സണ്ണി മാളിയേക്കലിന്റെ ഭാര്യ സഹോദരി ഭർത്താവാണ്.

**മേരിക്കുട്ടി വർഗീസ്**

ചങ്ങനാശേരിവെട്ടിത്തുരുത്ത് പ്ലാംപറമ്പിൽ മേരിക്കുട്ടി വർഗീസ് (87) അന്തരിച്ചു.



**ജോർജ് മാത്യു**

ഡാളസ് : കല്ലൂപ്പാറ പുതുശ്ശേരി കണ്ണമല തെക്കേപറമ്പിൽ ജോർജ് മാത്യു (കുഞ്ഞുമോൻ 81) ഡാളസിൽ അന്തരിച്ചു.1970ൽ അമേരിക്കയിൽ കുടിയേറിയ ആദ്യകാല പ്രവാസിയും, ഡാളസിലെ ആദ്യ മാർത്തോമ്മാ ദേവാലയത്തിന്റെ തുടക്കക്കാരിൽ പ്രധാനിയും ആയിരുന്നു.ഭാര്യ: എടത്വാ കൊല്ലംമുറിയിൽ പറമ്പടി കുന്നേൽ പരേതയായ ഗ്രേസി. മക്കൾ: കെൽബി, കെൻലി (ഇരുവരും ഡാളസിൽ). മരുമകൾ: സുമേറ. കൊച്ചുമക്കൾ: നൈല, കമ്രാൻ.

**ആലീസ് മാത്യു**

ഏറ്റുമാനൂർ:കാട്ടാത്തി മാലിയേൽപ്പടി കീരിക്കുന്നേൽ വീട്ടിൽ പരേതനായ കെ. സി.മത്തായിയുടെ ഭാര്യ ആലീസ് മാത്യു (78) അന്തരിച്ചു. മക്കൾ: ജെയിൻ, ജസ്റ്റിൻ, ജിൻസി, ജാസ്മിൻ, ജെനറ്റ്.



**കെ.എം. സരോജനിയമ്മ**

കടുത്തുരുത്തി: മാന്നാർ തെക്കേകുവപ്പള്ളിൽ പി.എം .കേശവപിള്ളയുടെ (റിട്ട. സുബേദാർ) ഭാര്യ കെ.എം. സരോ ജനിയമ്മ (77) അന്തരിച്ചു. പരേത മുട്ടത്തിപ്പറമ്പിൽ മംഗലശേരി കുടുംബാംഗം. മക്കൾ : കെ. ജയ (അബുദാബി), പരേതയായ കെ.വിദ്യ. മരുമക്കൾ : ആർ വേണുഗോപാൽ (യുഎസ്എ). ജി.ഗോപകുമാർ (അബുദാബി).

**കുര്യൻ ജോസഫ്**

ആർപ്പൂക്കര:വാതക്കോടത്ത് കുര്യൻ ജോസഫ് (ഔസേപ്പച്ചൻ,79) അന്തരിച്ചു. ഭാര്യ: ആർപ്പൂക്കര പാറയിൽ കുട്ടിയമ്മ ജോസഫ്. മക്കൾ: സിറിൽ കെ.ജോസ് (യുകെ), സിൽവിയ കെ.ജോസ് ജെറിൽ കെ.ജോസ് (കാനഡ). മരുമക്കൾ: ഷൈനി കല്ലുപറമ്പിൽ പാമ്പാടി (യുകെ), ജോസ് സെബാസ്റ്റ്യൻ, ജിൻസി കൂടക്കാട്ട്.


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News